# മേലില ഗ്രാമപഞ്ചായത്ത്




# വികസനരേഖ










അവലംബം : വിഭവഭൂപടം, സെസ്സ്



കൊടിക്കുന്നിൽ സുരേഷ്



ആർ. ബാലകൃഷ്ണപിള്ള



ആർ. മോഹനകുമാർ



വൈ. ജോർജ്ജ്



വൈ. ജോർജ്ജുകുട്ടി

# മേലില ഗ്രാമപഞ്ചായത്ത്
# നിലവിലുള്ള ഭരണസമിതി

പ്രസിഡന്റ്



ബി. ആനന്ദവല്ലിയമ്മ

വൈസ് പ്രസിഡന്റ്



Dr. E. K. സോമരാജൻ

സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ



റജിമോൻ വർഗ്ഗീസ്



അഡ്വ. അലക്സ്മാത്യു



എബ്രഹാം കൊയ്പ്പള്ളി



C. G. ജോൺ



കെ. പ്രസാദ്



മറിയാമ്മ മോനച്ചൻ



കെ. ഗീതാകുമാരി



അന്നമ്മജോർജ്ജുകുട്ടി

# മുൻ ഭരണസമിതി അംഗങ്ങൾ

1953-

P.O. മാത്യുമുതലാളി — പ്രസിഡൻറ്

K. മാധവൻപിള്ള — വൈസ് പ്രസിഡന്റ്

K. തോമസ് മുതലാളി, C.Y.ജോർജ്ജ്, N. നീലകണ്ഠപിള്ള, വാസുപിള്ള, ഗോപാലൻ

II.

P.O. മാത്യുമുതലാളി — പ്രസിഡന്റ്

V. തങ്കപ്പൻ നായർ — വൈസ് പ്രസിഡന്റ്

O. വർഗ്ഗീസ്, K. ജോർജ്ജ്, C.Y. ജോർജ്ജ്

E. കുഞ്ഞുമോൻ, P. കേശവൻനായർ, T. ഗോവിന്ദക്കുറുപ്പ്

നോമിനേറ്റഡ് മെമ്പർ അച്ചാമ്മ പൗലോസ്.

III.

V. തങ്കപ്പൻ നായർ — പ്രസിഡൻറ്

Y. ജോർജ്ജ് — വെസ് പ്രസിഡൻറ്

K.K. കുഞ്ചാണ്ടി — ഇടക്കാല പ്രസിഡൻറ്

M. ലൂക്കോസ്, ജോൺഗീവർഗീസ്, കുഞ്ഞമ്മ, കുഞ്ഞുകുഞ്ഞ്

G. തങ്കപ്പൻനായർ, R.ശങ്കരർ, K. മാധവൻപിള്ള.

IV.

ചെങ്ങമനാട് പാപ്പച്ചൻ — പ്രസിഡൻറ്

ജോൺഗീവർഗീസ് — വൈസ് പ്രസിഡൻറ്

കുഞ്ഞമ്മതോമസ്, ജോർജ്ജ്G, മറിയാമ്മജോർജ്ജ്, കെച്ചുനാരാണപിള്ള, Y. ജോർജ്ജ്, K. വേണുഗോപാലപിള്ള, K.മണി. B. ആനന്ദവല്ലിയമ്മ.

## ജില്ലാ റിസോഴ്സ് പേഴ്സൺസ്

കെ. ഇടിക്കുള
ആൾവിൻസ് തങ്കച്ചൻ
പി. ശശിന്ദ്രൻ നായർ
രുഗ്മിണി
ബി. മുത്തുകൃഷ്ണൻ
അഡ്വ. ഫിലിപ്പ്.പി. തോമസ്
സി.വി. സദാശിവൻ
ജോൺസൺ മാത്യു
എസ്. രഘുനാഥൻ

## ഗ്രൂപ്പ് കൺവീനർമാർ

വിക്രമൻനായർ
കെ.ഐ. യോഹന്നാൻ
ജി. അപ്പുക്കുട്ടൻനായർ
ബി. ഉണ്ണിക്കൃഷ്ണൻ
ജോൺസൺ മാത്യു
ജി. തുളസിധരൻപിള്ള
കെ. ശാന്തകുമാരി
വി. അയ്യപ്പൻനായർ
സി. മാത്യു
റ്റി. സുധാകരൻ
കെ. കുഞ്ഞപ്പി
ബി. വേണു
മുരളിധരൻപ്പിള്ള

**ഓരോ വ്യക്തിയും സമൂഹത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യാൻ തയ്യാറുള്ളവരായിരിക്കണം, വ്യക്തികളുടെ താല്പര്യങ്ങളെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ സമൂഹവും തയ്യാറാകണം**

*"മഹാത്മാഗാന്ധി"*

# പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ജനപ്രതിനിധികൾ

| നിയോജകമണ്ഡലങ്ങൾ | പ്രതിനിധികൾ |
|---|---|
| പാർലമെന്റ് അടൂർ (സംവരണം) | കൊടിക്കുന്നിൽ സുരേഷം |
| അസംബ്ലി കൊട്ടാരക്കര | ആർ ബാലകൃഷ്ണപിള്ള |
| ജില്ലാ പഞ്ചായത്ത് | ആർ. മോഹൻകുമാർ |
| ബ്ലോക്ക് പഞ്ചായത്ത് | (1) വൈ. ജോർജ്ജ് (2) വൈ. ജോർജ്ജുകുട്ടി |

## ഗ്രാമപഞ്ചായത്ത് മേലിലാ

| | | |
|---|---|---|
| I | ഐപ്പള്ളൂർ | അഡ്വ: അലക്സ് മാത്യു |
| II | കിഴക്കേ തെരുവ് | റജിമോൻ വർഗ്ഗീസ് |
| III | ഇരുങ്ങൂർ | മറിയാമ്മ മോനച്ചൻ |
| VI | ചെങ്ങമനാട്(A) | എബ്രഹാം കൊയ്പ്പള്ളി |
| V | ചെങ്ങമനാട് (B) | സി.ജി. ജോൺ |
| VI | നടുക്കുന്ന് | കെ. ഗീതാകുമാരി |
| VII | ചേത്തടി | അന്നമ്മ ജോർജ്ജുകുട്ടി |
| VIII | വില്ലൂർ | കെ. പ്രസാദ് |
| IX | മൈലാടുംപാറ | ഡോ. ഇ. കെ. സോമരാജൻ |
| X | മേലിലാ | ബി. ആനന്ദവല്ലിയമ്മ |

*ഓരോ ഗ്രാമപഞ്ചായത്തും*
*ഓരോ സ്വതന്ത്ര ഗ്രാമ റിപ്പബ്ലിക് ആയിരിക്കണം*

*"മഹാത്മഗാന്ധി"*

## എഡിറ്റോറിയൽ ബോർഡ്

ചെയർപേഴ്സൺ B.ആനന്ദവല്ലിയമ്മ

കൺവീനർ ഏബ്രാഹാം കൊയ്പ്പള്ളി

### ബോർഡ് മെമ്പേഴ്സ്

Dr. E.K. സോമരാജൻ

രജിമോൻ വർഗ്ഗീസ്

അഡ്വ. അലക്സ് മാത്യു

കെ. പ്രസാദ്

കെ. ഗീതാകുമാരി

എസ്. രഘുനാഥ്

ആൾവിസ് തങ്കച്ചൻ

എം.വൈ. തോമസ്

വി. ഉണ്ണികൃഷ്ണൻ

ജോൺ ജോസഫ് (Agri. Offi:)

എം. തോമസ് (CESS)

എസ്. രാമചന്ദ്രൻ (കൃഷി വകുപ്പ്)

"എല്ലാവരുടെയും ആവശ്യങ്ങൾ നിറവേറ്റാൻ
വേണ്ട വിഭവങ്ങൾ
ഈ പ്രകൃതിയിലുണ്ട്.
എന്നാൽ,
ആരുടെയും ദുരയെ തൃപ്തിപ്പെടുത്താൻ
വിഭവങ്ങളില്ലതാനും".

"മഹാത്മഗാന്ധി"


മേലില ഗ്രാമപഞ്ചായത്ത്
N
0 1 Km
76° 48'
76° 50'
9° 2'
9° 0'
തലവൂർ ഗ്രാമപഞ്ചായത്ത്
വിളക്കുടി ഗ്രാമപഞ്ചായത്ത്
മൈലം ഗ്രാമപഞ്ചായത്ത്
വെട്ടിക്കവല ഗ്രാമപഞ്ചായത്ത്
കൊട്ടാരക്കര ഗ്രാമപഞ്ചായത്ത്
ചെങ്ങമനാട്
കിഴക്കേത്തെരുവ്
വില്ലൂർ
മേലില
PAN
I
II
III
IV
V
VI
VII
VIII
IX
X
സൂചിക
റോഡുകൾ
PAN പഞ്ചായത്ത് ഓഫീസ്
വാർഡ് അതിര്
അവലംബം: വിഭവഭൂപടം, CESS



# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

## വികസന സെമിനാർ

## മേലില ഗ്രാമപഞ്ചായത്ത്

# സമഗ്ര
# വികസന രേഖ



| | | പേജ് |
|---|---|---|
| I | ആമുഖം | 1 |
| II | പഞ്ചായത്ത് പൊതുവിവരണം | 3 |
| III | സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലം | 5 |
| IV | ഭൂപ്രകൃതി, ജലവിഭവം, ജനപ്രകൃതി | 12 |
| V | വികസനമേഖലകൾ | |
| | 1. കൃഷിയും ജലസേചനവും | 26 |
| | 2. മൃഗസംരക്ഷണം | 37 |
| | 3. വ്യവസായം | 43 |
| | 4. വിദ്യാഭ്യാസം | 44 |
| | 5. കുടിവെള്ളം പൊതുജനാരോഗ്യം | 48 |
| | 6. ഗതാഗതം ഊർജ്ജം മാർക്കറ്റ് | 52 |
| | 7. പാർപ്പിടം സാമൂഹ്യക്ഷേമം | 62 |
| | 8. കലയും സംസ്ക്കാരവും | 68 |
| | 9. വനിതക്ഷേമം | 70 |
| | 10. സഹകരണ മേഖല | 74 |
| | 11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 77 |
| | 12. വിഭവസമാഹരണം | 81 |
| | 13. കായികം വനം പരിസ്ഥിതി ടൂറിസം | 83 |
| VI | അവലോകനം | 86 |

# I ആമുഖം

"ഓരോ പഞ്ചായത്തും ഓരോ സ്വതന്ത്ര ഗ്രാമറിപ്പബ്ലിക് ആയിരിക്കണം" ഇത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ സ്വപ്നം. ആ സ്വപ്നം, സ്വാതന്ത്ര്യത്തിന്റെ 45-ാം വർഷത്തിൽ, ഒരു യാഥാർത്ഥ്യത്തിന്റെ ദിശയിലേക്കു നീങ്ങാനുള്ള അടിത്തറപാകിക്കൊണ്ട്, ഇന്ത്യൻ ഭരണഘടനയുടെ 73-74, വകുപ്പുകളുടെ ഭേദഗതി 1992-ൽ ഭാരത പാർലമെന്റിൽ പാസ്സായ ചരിത്രമുഹൂർത്തം, അത് ഭാരത സമൂഹചാലക ചക്രത്തിന്റെ താളം ക്രപ്പെടുത്താനുള്ള സൂചിയുടെ ദിശമാറ്റമായി കുറിക്കപ്പെട്ടു.

73,74, ഭരണഘടനാഭേദഗതികളോടെ പഞ്ചായത്ത് രാജ് നഗരപാലികാ ഭേദഗതി ബിൽ പാസാക്കുകയും അധികാര വികേന്ദ്രീകരണം ഭരണഘടനാനുസൃതമായി നിയമമാകുകയും 1994-ൽ കേരള സംസ്ഥാന സർക്കാർ കേരളാ പഞ്ചായത്ത് രാജ് ആക്ട്, ബിൽ പാസാക്കുകയും ത്രിതല പഞ്ചായത്തിലും പഞ്ചായത്ത് രാജ് സംവിധാനത്തിലുള്ള ജനകീയാധികാരം നിലവിൽ വരികയും ചെയ്തു.

ഇന്നലെകളുടെ എല്ലാ വല്ലായ്മകൾക്കും കാരണം ആസൂത്രണത്തിലെ ജനപങ്കാളിത്ത മില്ലായ്മയാണെന്ന മനസിലാക്കലിന്റെ വെളിച്ചത്തിൽ, ആസൂത്രണത്തിലെ, മുകളിൽ നിന്നും താഴേക്ക് എന്നുള്ള, കേന്ദ്രീകൃതമായ ഉദ്യോഗസ്ഥ മേധാവി ത്വത്തെ മാറ്റിനിർത്തിക്കൊണ്ട്, ആസൂത്രണത്തെ ചില്ലുമേടയിൽ നിന്നും താഴേക്കു പിടിച്ചിറക്കി, അതിന്റെ യഥാർത്ഥ അവകാശിക ളായ, ഗുണഭോക്താക്കളായ ജനങ്ങളുടെ കയ്യിലേല്പിക്കാൻ, 1996-ൽ അധികാരത്തിൽ വന്ന കേരള സംസ്ഥാനസർക്കാർ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തന്നെ കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രി ശ്രീ. E.M.ശങ്കരൻ നമ്പൂതിരിപ്പാട് ചെയർമാനും, പ്രശസ്ത സാമ്പത്തിക വിദഗ്ധൻ I.S. ഗുലാത്തി വൈസ് ചെയർമാനുമായി ഒരു ആസൂത്രണ ബോർഡ് രൂപവത്ക്കരിക്കുകയും ചെയ്തു.

ആസൂത്രണം എന്ത്? എന്തിന്? എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും പദ്ധതി എങ്ങനെ നടപ്പാക്കണം എന്ന് മനസ്സിലാ ക്കിക്കാനും സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും പഞ്ചായത്ത് തലത്തിലും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് പരിശീലനങ്ങൾ നൽകി. കൊട്ടാരക്കര ETCൽ വച്ച് 1996- 8,9,10 തീയതികളിൽ നടന്ന ജില്ലാതല പരിശീലനക്യാമ്പിലേക്ക് പ്രതിനിധികളെ അയച്ചു കൊണ്ടു മേലില ഗ്രാമപഞ്ചായത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രവർത്തനത്തിന് തുടക്കമിട്ടു.

ജില്ലാതല പരിശീലകരുടെ സഹായത്തോടെ പഞ്ചായത്ത് കമ്മിറ്റിയുടടെ മുൻകയ്യിൽ '96 സെപ്തം: 15-ന് പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്ക് ഏകദിന പരിശീലനം നൽകി. അതേ തുടർന്ന് സെപ്റ്റംബർ 22 മുതൽ, ഒക്ടോബർ 1 വരെ എല്ലാ വാർഡുകളും വിശേഷാൽ ഗ്രാമസഭകളിലും നടന്നു. പഞ്ചായത്ത് മെമ്പറുടെ മേൽനോട്ടത്തിലും D. R. P. മാരുടെ LRP. മാരുടെയും സഹായത്തോടെയും നടന്ന എല്ലാ ഗ്രാമസഭകളിലും സാമാന്യം തൃപ്തികരമായ ജനപങ്കാളിത്തമുണ്ടായിരുന്നു. എങ്കിലും, ജനകീയാസൂത്രണത്തെക്കുറിച്ചുള്ള ഏകദേശ ധാരണ പോലുമില്ലാതെയാണ് ജനം പങ്കെടുത്തതെന്ന് അവരുടെ പ്രതികരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. വികേന്ദ്രീ കൃതാസൂത്രണം എന്ത്? എന്തിന്? എന്ന കാര്യം ജനങ്ങളിൽ എത്തിക്കാനുള്ള ശ്രമം കാര്യമായി വിജയിച്ചില്ലായെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ഒന്നാമതായി സമയക്കുറവ്. രണ്ട്, മുകളിൽ നിന്നുള്ള അറിയി പ്പുകളുടെ കാലതാമസം. മൂന്നാമതായി, ജനങ്ങളെ വളരെ നന്നായി ബോധവത്ക്കരിക്കാൻ കഴിയുമായിരുന്ന കലാജാഥ. മരിച്ച കുഞ്ഞിന്റെ ചോറൂണു പോലെയാണ് നടത്തി തീർത്തത്. എല്ലാം കഴിഞ്ഞ് കലശവും കഴിച്ചിട്ടാണ് കാലാജാഥഗ്രാമത്തിന്റെ ഏതോ കോണിലൂടെ തല കാണിച്ചു പോയത്. അതുകൊണ്ടു തന്നെ എല്ലാ ഗ്രാമസഭകളും കറണ്ടിന്റെയും, കക്കൂസിന്റെയും, റോഡിന്റെയും പരാതി

സഭകളായി പരണമിച്ചു. എങ്കിലും ചോദ്യോവലികളിലൂടെ സാമാന്യം നല്ല രീതിയിൽ വിവരങ്ങൾ ശേഖരിക്കാനും പ്രശ്നങ്ങളെ ഉയർത്തിക്കൊണ്ടു വരാനും കഴിഞ്ഞു.

ഭൂപ്രകൃതി മനസിലാക്കാനുള്ള പഠന പര്യടനവും ദ്വിതീയ സ്ഥിതി വിവരക്കണക്കുമാണ് രണ്ടാതായി ചെയ്യേണ്ടത്. ഭൂവിഭവസർവ്വേ പ്രകാരം വിഭവഭൂപടനിർമ്മാണം നടത്തി വിവരങ്ങൾ കൈവശമുള്ളതിനാൽ പഴമക്കാരിൽ നിന്നുള്ള നാട്ടറിവുകൾക്കു വേണ്ടി ഒറ്റയ്ക്കും കൂട്ടായും പഞ്ചായത്തിലെ ഒട്ടുമുക്കാലും ഭാഗങ്ങളിൽ നടന്ന് വിവരങ്ങൾ ശേഖരിച്ചു.

ദ്വീതിയ സ്ഥിതി വിവരങ്ങൾ ശേഖരിക്കാനായി ഓരോ വിഷയത്തിനും ഓരോ സ്ഥാപനങ്ങളിൽ പോകാൻ ഓരോ ഗ്രൂപ്പിനെ നിർണ്ണയിക്കയും അവർക്ക് ഓരോ ഗ്രൂപ്പ് ലീഡറെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ ഗ്രൂപ്പ് ലീഡർക്ക് സഹായമായി ഗ്രൂപ്പിലെ പ്രതിനിധികൾ വേണ്ട പോലെ സഹകരിച്ചില്ല എന്നുള്ള പരാതിയുമുണ്ട്. എങ്കിലും സ്ഥിതിവിവര ക്കണക്കുകൾ മുഴുവനും ശേഖരിക്കാൻ കഴിഞ്ഞു.

ഗ്രാമസഭകളുടെ അവലോകനത്തിനായി വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിൽ വിളിച്ച സെമിനാറിൽ, പ്രസിഡന്റ് ഉൾപ്പെടെ എല്ലാ പഞ്ചായത്ത് അംഗങ്ങളും സജീവമായി പങ്കെടുത്തു.

ഒന്നാംഘട്ടത്തിന്റെ വിലയിരുത്തലും രണ്ടാം ഘട്ടത്തിന്റെ ആമുഖവുമെന്ന നിലയിൽ വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച സെമിനാറിലും പഞ്ചായത്ത് പ്രതിനിധികൾ പങ്കെടുത്തു.

രണ്ടാംഘട്ടത്തിന്റെ തുടക്കം കുറിച്ചു കൊണ്ട് 1996 നവംബർ 7,8,9 തീയതികളിൽ കൊട്ടാരക്കര ETC- യിൽ നടന്ന പരിശീലന പരിപാടിയിൽ പഞ്ചായത്ത് ഭരണസമിതി ഉൾപ്പെടെ പതിനാല് പേർ സ്ഥിരമായി പങ്കെടുത്തു.

1996 നവംബർ 22ന് പഞ്ചായത്ത് തല രണ്ടാം ഘട്ട പരിശീലനക്ലാസ്സിൽ നൂറോളം പ്രതിനിധികളും ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു. പക്ഷെ ആദ്യാവസാനം ഇരിക്കാൻ താല്പര്യം കാണിച്ചവർ വളരെ കുറച്ചായിരുന്നു. ആ താല്പര്യക്കുറവിന്റെ മാന്ദ്യം അതിപ്രധാനമായി നടക്കേണ്ട റിപ്പോർട്ടു തയ്യാറാക്കലിലും അനുഭവപ്പെട്ടു. അന്നുവരെയും കിട്ടിയ പരിശീലനങ്ങളും ശേഖരിച്ച വിവരങ്ങളും പഞ്ചായത്തിന്റെ അടിസ്ഥാന രേഖയായ റിപ്പോർട്ടു തയ്യാറാക്കാനാണെന്ന വിവരം പലരും വിസ്മരിച്ച പോലെ തോന്നി.

നമ്മുടേതായ മേലില ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി ആസൂത്രണം ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന രേഖയായ ഈ സമഗ്രവികസനരേഖ ഇവിടെ അവതരിപ്പിക്കുമ്പോൾ, ഇതു രൂപപ്പെടുത്താൻ നിസ്വാർത്ഥമായ വിലപ്പെട്ട സേവനം ചെയ്ത എല്ലാ ബഹുജന സംഘടനാ പ്രവർത്തകരേയും, ഉദ്യോഗസ്ഥരേയും ആത്മാർത്ഥമായി സഹകരിച്ച എല്ലാ പ്രായമുള്ളവരും അല്ലാത്തവരുമായ നാട്ടുകാരേയും, പ്രത്യേകിച്ച് വിഭവഭൂപടമായി ബന്ധപ്പെട്ടവരേയും അവരുടെ സേവനങ്ങളിൽ വിലമതിച്ചു കൊണ്ട്, ഒമ്പതാം പദ്ധതിയിൽ നിന്നും കിട്ടുന്ന 40 ശതമാനം വിഹിതവും, ബാക്കി വരുന്ന 60 ശതമാനത്തിനൽ നിന്നുള്ള സംസ്ഥാന സർക്കാരിന്റെ വിഹിതവും മറ്റു പല വിഭാഗങ്ങളിൽ നിന്നും കിട്ടുന്ന വിഭവങ്ങളും ആസൂത്രിതാടിസ്ഥാനത്തിൽ വിനിയോഗിക്കാൻ നമുക്കു കഴിയുമെന്ന് ഉറപ്പാക്കിക്കൊണ്ട് ദീർഘവീക്ഷണത്തോടെ പദ്ധതി രൂപപ്പെടുത്തുകയും വികസനപ്രവർത്തനങ്ങൾക്ക് ക്രമം തീരുമാനിക്കയും സ്വാശ്രിതമായ ഒരു സ്വതന്ത്രഗ്രാമറിപ്പബ്ലിക്ക് കെട്ടിപ്പടുക്കാൻ എല്ലാ വിഭാഗീയ ചിന്തകൾക്കുമതീതമായി ഉദ്യമിക്കയും ആരെന്നോ, എവിടെയെന്നോ, നോക്കാതെ അഴിമതിയേയും, അനീതിയേയും, ഒന്നിച്ചു നിന്നെതിർക്കാനും, നമുക്കു നാമല്ലാതെ മറ്റാരുമില്ലെന്ന തിരിച്ചറിവു നേടിക്കൊണ്ട്, കഴിഞ്ഞു പോയ നമ്മുടെ തലമുറയുടെ സ്മരണയെ നിലനിർത്തിക്കൊണ്ടു്, നമ്മുടേതായ, മേലില ഗ്രാമപഞ്ചായത്തിന്റെ ഈ വികസന രേഖ സർവ്വാത്മനാ സ്വീകരിച്ച് വികസപ്രക്രിയയിൽ പങ്കെടുക്കാൻ പ്രതിജ്ഞയെടുക്കാം.

ചെയർമാൻ

# II പഞ്ചായത്തിൻെറ പൊതുവിവരണം

| | | |
|---|---|---|
| (1) | പഞ്ചായത്തിൻെറപേര് | മേലിലാഗ്രമപഞ്ചായത്ത് |
| (2) | റവന്യു വില്ലേജ് | മേലില |
| (3) | ബ്ലോക്ക് ഡിവിഷൻ | (1) മേലിലാ മൈലം No. 6 |
| | | (2) മേലിലാ No. 7 |
| (4) | ബ്ലോക്ക് പഞ്ചായത്തത്ത് | വെട്ടിക്കവല |
| (5) | താലൂക്ക് | കൊട്ടാരക്കര |
| (6) | ജില്ലാപഞ്ചായത്ത് ഡിവിഷൻ | മേലിലാ, മൈലം, കുളക്കട. No. 9 |
| (7) | ജില്ല | കൊല്ലം |
| (8) | അസംബ്ലി നിയോജകമണ്ഡലം | കൊട്ടാരക്കര |
| (9) | പാർലിമെൻറ് മണ്ഡലം | അടൂർ (സംവരണം) |
| (10) | അതിരുകൾ | പടിഞ്ഞാറ്: മൈലം കൊട്ടാരക്കര പഞ്ചായത്തുകൾ |
| | | തെക്കും കിഴക്കും വെട്ടിക്കവല പഞ്ചായത്ത് |
| | | വടക്ക് : വിളക്കുടി തലവൂർ പഞ്ചായത്തുകൾ |
| | വിസ്തീർണ്ണം | 18.52. ചതുരശ്ര (കിലോമീറ്റർ) |
| | ആകെ ജനസംഖ്യ | (25,000.) |
| (11) | ആകെ വാർഡുകൾ | 10 |
| | പ്രസിഡൻറ് | B. ആനന്ദവല്ലിയമ്മ. |
| | വൈസ് പ്രസിഡൻറ് | ഇ. കെ. സോമരാജൻ |
| | സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | റജിമോൻ വർഗ്ഗീസ്. |

## സ്ഥാപനങ്ങൾ

| | | | |
|---|---|---|---|
| സർക്കാർ | വില്ലേജ് ആഫിസ് | | 1 |
| | വൈദ്യുതി സബ്ഡിവിഷൽ | | 1 |
| | കൃഷിഭവൻ | - | 1 |
| | മൃഗാശുപത്രി | - | 1 |
| | സബ്സെൻറർ | - | 2 |
| | veo offic | | 2 |
| | പ്രൈമറി ഹെൽത്ത് സെൻറർ | - | 1 |
| | സബ്സെൻറർ | - | 2 |
| | ഹോമിയോ ഡിസ്പൻസറി | - | 1 |
| | U.P. സ്ക്കൂൾ | - | 1 |
| | L.P. സ്ക്കൂൾ | - | 3 |
| | ദേശസാൽകൃത ബാങ്ക് | | 1 |
| | അംഗനവാടി | | 23 |
| സഹകരണം | | | |
| | സഹകരണ ബാങ്ക് | | 1 |
| | സഹകരണ സംഘം | - | 4 |
| സഭാ മാനേജ്മെൻറ് | | | |
| | നഴ്സറി | - | 2 |
| | L.P.S. | - | 3 |
| | ITC | | 1 |
| | High school | - | 1 |
| സ്വകാര്യം | U.P.S. | - | 1 |
| | കശുവണ്ടി ഫാക്ടറി | - | 7 |
| | തടിമില്ല് | | 3 |
| | ധാന്യം പൊടിക്കുന്നമില്ല് | | 10 |
| | എണ്ണയാട്ടുമില്ല് | - | 3 |

# III സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

കൊല്ലം ജില്ലയുടെ കൊട്ടാരക്കര താലൂക്കിൽ പെട്ട മേലിലാ വില്ലേജാണ് മേലിലാ ഗ്രാമപഞ്ചായത്ത്.

പടിഞ്ഞാറ് കൊട്ടാരക്കര, മൈലം പഞ്ചായത്തുകളും തെക്കും കിഴക്കും വെട്ടിക്കവല പഞ്ചായത്തും വടക്കു വിളക്കുടി തലവൂർ പഞ്ചായത്തുകളും അതിരിട്ടു കിടക്കുന്ന ഈ ഉൾനാടൻ പ്രദേശം വളരെ വീതികുറഞ്ഞ് പടിഞ്ഞാറ് കൊട്ടാരക്കരമുതൽ കിഴക്ക് കോട്ടവട്ടം വരെ നീണ്ടു കിടക്കുന്നു.

## സ്ഥലപുരാണം

പഞ്ചായത്ത് രൂപപ്പെടുന്നതിന് മുമ്പ്, വില്ലേജാഫീസ് എന്ന് നാമകരണം ചെയ്യുന്നതിനും മുമ്പ്, ഈ പ്രദേശത്തെ മേലിലാ പകുതി എന്നാണ് വിളിച്ചിരുന്നത്. അന്ന് പകുതിയുടെ സർവ്വാധികാരി പാറവത്തിയാർ ആയിരുന്നു. വില്ലേജാഫീസറെ പാറവത്തിയാർ എന്നാണ് അന്ന് വിളിച്ചിരുന്നത്. വില്ലേജാഫീസനെ പകുതിച്ചേരി എന്നും വിളിച്ചിരുന്നു.

മേലിലാ വില്ലേജ്, മേലിലാ പഞ്ചായത്തായി മാറ്റപ്പെട്ടുവെന്നല്ലാതെ പ്രദേശത്തിന്റെ പൊതുഘടനയിൽ മാറ്റമുണ്ടാക്കത്തക്കവണ്ണം കൂട്ടിച്ചേർക്കലുകൾ ഒന്നും ഇന്നേവരെയും നടന്നിട്ടില്ല. എന്നാൽ മേലിലാ വില്ലേജിൽ ഇപ്പോഴും നിൽക്കുന്നതും കിഴക്കേ തെരുവ് നീലാംവിളഭാഗം മുതൽ കൊല്ലം ചെങ്കോട്ട റോഡിന്റെ ഇരുവശവും ഏതാണ്ട് അമ്പത് അടിവീതിയിലുള്ള സ്ഥലം, സെന്റ് മേരീസ് ഹൈസ്കൂൾ ഉൾപ്പെടെ പടിഞ്ഞാറെ തെരുവ് സി.എസ്.ഐ. പള്ളി വരെയുള്ള ഭാഗം അടർത്തി മാറ്റി കൊട്ടാരക്കര പഞ്ചായത്തിൽ ചേർത്തു. ഇത് ഭരണപരമായ സൗകര്യത്തിനോ, പ്രദേശത്തുകാരുടെ ആവശ്യപ്രകാരമോ, അല്ലായിരുന്നു. പഞ്ചായത്തിന്റെ ഭൂപടത്തിൽ തന്നെ വളരെ അശാസ്ത്രീയമായ ഈ വിഘടിപ്പിക്കൽ വ്യക്തമായി മനസിലാക്കാൻ കഴിയും. ആറു വാർഡിൽ തുടങ്ങിയ ഈ പഞ്ചായത്ത് ഇന്ന് പത്ത് വാർഡിൽ എത്തി നിൽക്കുന്നു.

മേലിലാ പഞ്ചായത്തിന്റെ ആസ്ഥാനം ചെങ്ങമനാടാണ് വില്ലേജാഫീസ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളും ചെങ്ങമനാട്ടാണ്. ഈ സ്ഥലം പഞ്ചായത്തിന്റെ ഏതാണ്ടു മദ്ധ്യഭാഗമാണെന്നതിലുപരി എല്ലാ ഭാഗത്തുനിന്നും വന്നു പോകാൻ വഴി വാഹനസൗകര്യങ്ങളുമുള്ളതാണ്. കൊട്ടാരക്കര പുലമൺ ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് പുനലൂർ റൂട്ടിൽ അഞ്ച് കിലോമീറ്റർ സഞ്ചരിച്ചാൽ ചെങ്ങമനാട്ട് എത്തിചേരാം. വർഷങ്ങൾക്കു മുമ്പ് വളരെ പ്രസിദ്ധമായ ഒരു ആഴ്ചച്ചന്ത ഇവിയിടെയുണ്ടായിരുന്നു. നഷ്ടപ്പെട്ട പഴയ പ്രതാപത്തിന്റെ അവശിഷ്ടവുമായി വികസനം മുരടിച്ച ഈ ചെറുപട്ടണം നിസ്സഹായയായി മിഴിച്ചു നിൽക്കുന്നു.

## ഭൂഘടന

ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മൂന്നായിതിരിച്ചിരിക്കുന്നു. മലനാട്, ഇടനാട്, തീരപ്രദേശം ഇതിൽ ഇടനാടിന്റെ കിഴക്കേ അറ്റത്താണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. പടിഞ്ഞാറോട്ടും വടക്കോട്ടും ചരിവും നീരൊഴുക്കുമുള്ള ഈ പ്രദേശത്തിന്റെ, പടിഞ്ഞാറും കിഴക്കും ഭാഗങ്ങളിൽ കൂടി ഓരോ തോടുകൾ ഒഴുകി പഞ്ചായത്ത് അതിർത്തിയിൽ നിന്നും ഏകദേശം പത്തുകിലോമീറ്റർ വടക്കു കൂടി പടിഞ്ഞാറോട്ട് ഒഴുകുന്ന കല്ലടയാറ്റിൽ ചെന്നു ചേരുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറെ മൂലയെ മുറിച്ചു കൊണ്ട് എം.സി. റോഡ് (SH) തെക്കു വടക്ക് കടന്നു പോകുന്നു. മറ്റൊരു പ്രധാന റോഡായ Q. S. റോഡ് പഞ്ചായത്തിന് നെടുകെ കീറിമുറിച്ചു കൊണ്ടു കിഴക്കു പടിഞ്ഞാറും കടന്നു പോകുന്നു. കുന്നും, കിഴുകളും, നിറഞ്ഞതും സമതലപ്രദേശങ്ങളോ,

കായലോ, കടലോ, നദിയോ, വനമോ ഇല്ലാത്തതുമായ പഞ്ചായത്തിന്റെ ഐപ്പള്ളൂർ വാർഡിലെ മീൻപിടിപാറ പ്രകൃതി രമണീയത കൊണ്ടു് അനുഗ്രഹീതമാണ്. പഞ്ചായത്തിന്റെ കിഴക്കേയറ്റം കിടക്കുന്ന കുളപ്പാറ എന്നറിയപ്പെടുന്ന കിഴുക്കാം തൂക്കായ മലയാണ് കുളപ്പാറമല. കുരങ്ങ്, കുറുക്കൻ തുടങ്ങിയ അനേകം ജീവികൾ ഇവിടെയുണ്ട്. തൊട്ടടുത്തു കിടക്കുന്ന ഗ്രേസിങ് ബ്ലോക്ക് കന്നുകാലി മേച്ചിൽ സ്ഥലങ്ങളായിരുന്നു അതേപോലെ പ്രത്യേകതയുള്ള സ്ഥലമായിരുന്നു മൈലാടുംപാറ. പാറപൊട്ടിച്ചെടുത്ത് ഇന്നവിടെ വലിയ പാറമടയാണ്.

## നാട്ടറിവ്

തമിഴ്ഭാഷാ പദങ്ങൾ ധാരാളമായി ഉപയോഗിച്ചിരുന്ന സ്ഥലമാണിതെന്ന് ഇവിടെത്തെ സ്ഥലനാമങ്ങൾ കൊണ്ടു തന്നെ മനസിലാക്കാം. തമിഴ്നാടിനോടു് അടുത്തു കിടക്കുന്നതും ആര്യങ്കാവ് ചുരം വഴി വളരെ വേഗം വന്നുപോകാവുന്നതുകൊണ്ടും തമിഴ് ജനതയുടെ സാന്നിദ്ധ്യം സജീവമായിരുന്നു. മറവർ (തേവർ) പേരുള്ള ഒരു വിഭാഗം ഒരു കാലത്ത് ഈ പ്രദേശങ്ങളെ കൊള്ള ചെയ്തിരുന്നതായി പഴമക്കാർ പറയുന്നു.

തമിഴ് പദങ്ങളായ മേടും പള്ളവും ഇവിടുത്തെ സ്ഥലപേരുകളിൽ കാണാം. ഒന്നാം വാർഡായ ഐപ്പള്ളൂർ എന്ന പേരു തന്നെ അങ്ങനെ ഉണ്ടായതാണെന്ന് അനുമാനിക്കാം. ആയ + പള്ളം + ഊർ എന്നീ പദങ്ങൾ ചേർന്നതാകാമത്. അതായത് പള്ളമായി നീണ്ടുകിടക്കുന്ന സ്ഥലം. തൊട്ടടുത്ത വാർഡായ കിഴക്കേ തെരുവ് വളരെ മുൻപ് പ്രസിദ്ധമായ വ്യാപാര കേന്ദ്രമായിരുന്നുവെന്നാണ് അറിവ്. ആ കാലത്ത് തെരുവ് എന്ന പേരുണ്ടാവണമെങ്കിൽ അത്രത്തോളം പ്രാധന്യം ഉണ്ടായിരുന്നിരിക്കണം.

കൊട്ടാരത്തിന്റെ കരമായ കൊട്ടാരക്കര ആസ്ഥാനത്തിന്റെ കോട്ടയുടെ പുറമായ കോട്ടപ്പുറവും കടന്ന്, പടിഞ്ഞാറെ തെരുവും കടന്നാണ് കിഴക്കേതെരുവ്. കൊട്ടാരക്കരയുടെ അടുത്ത പ്രദേശമായ നെല്ലിക്കുന്നം തുടങ്ങിയ പ്രദേശങ്ങളുമായി അടുത്ത വ്യാപാരബന്ധം ഈ പ്രദേശത്തിനുണ്ടായിരുന്നു. ഇന്ന് മേലിലാ വില്ലേജിൽ ഉൾപ്പെട്ടതും കൊട്ടാരക്കര പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ളതുമായ കിഴക്കേത്തെരുവ് പ്രദേശത്തെ മണികെട്ടിയ കിഴക്കേ വീടിന്റെ കോടിയിൽ ഇന്നു കാണുന്ന ഓട്ടുമണി ഇളയിടത്തു രാജാവ് നൽകിയ സ്വർണ്ണമണിക്കു പകരമാണെന്നാണ് കുടുംബചരിത്രത്തിൽ രേഖപ്പെടുത്തി ക്കാണുന്നത്. ഈ വീടുനിൽക്കുന്ന ഭാഗമുൾപ്പെടെ വരുന്ന ഇരുങ്ങൂർ മുറിയാണ് ഇരുങ്ങൂർ വാർഡ്. ഇരുന്ന് + ഊർ എന്നതാണ് ഇരുങ്ങൂർ ആയതെന്ന് മുതിർന്നവരുടെ മതം. പഴയകാലത്തും ഭൂമിയെല്ലാമുണ്ടായിരുന്നുവെങ്കിലും അത് ഏങ്ങനെയൊക്കെ ഉപയോഗിക്കാമെന്ന് അറിയാതിരുന്നതു മൂലം പല സ്ഥലങ്ങളിലും പല വിഭാഗത്തിലും പെട്ട ആളുകൾ വഴി പോക്കരിൽ നിന്നും പണം തട്ടിയെടുക്കുക പതിവായിരുന്നു. അങ്ങനെയൊരു സംഭവം ഇന്നത്തെ ഇരുങ്ങൂരിന്റെ കിഴക്കുഭാഗത്ത് ഉണ്ടായിരുന്നുവെന്നും ആകാലത്ത് ഏതോ കാരണത്താൽ അതുവഴി വന്ന കടമറ്റത്തു കത്തനാരേയും പിടിച്ചു പറിക്കാൻ ഇവർ ശ്രമിച്ചുവെന്നും, പണം കൊടുക്കാതിരുന്നാൽ മുള്ളു പലകയിലിരുന്നത്തി നിരക്കുമെന്നുള്ള അവരുടെ ഭീഷണി അച്ഛന്റെ നേരെയും പ്രയോഗിച്ചുവെന്നും, എങ്ങനെയാണ് ഇരിക്കുന്നത് എന്ന് കാട്ടിത്തരാൻ അച്ഛൻ പറഞ്ഞുവെന്നും അതുകാണിക്കാൻ ഇരുന്നവർക്ക് അതിൽ നിന്നും എഴുന്നേൽക്കാനാകാതെ വിഷമിച്ചുവെന്നുമാണ് ഐതിഹ്യം.

ഇരുങ്ങൂരിന്റെയും കിഴക്കേതെരുവിന്റെയും കിഴക്കു ഭാഗത്തായി കിടക്കുന്ന ചെങ്ങമനാട് A,B, വാർഡുകൾക്ക് ആ പേര് ഉണ്ടായത് എങ്ങനെയെന്ന് പലകഥകൾ പറഞ്ഞു കേൾക്കുന്നു. ചെങ്ങമനാട് എന്ന് പ്രസിദ്ധമായ മറ്റൊരു സ്ഥലം എറണാകുളം ജില്ലയിൽ ആലുവയ്ക്ക് അടുത്തു തോഷിബ ആനന്ദ് ലാംബ് ഫാക്ടറി നിൽക്കുന്ന സ്ഥലമായുണ്ട്. മേലിലാ പഞ്ചായത്തിന്റെ തലസ്ഥാനമായ ചെങ്ങമനാടിനെക്കുറിച്ച് പ്രസിദ്ധനാടകകൃത്തും നോവലിസ്റ്റുമായ ശ്രീ. വൈക്കം ചന്ദ്രശേഖരൻനായർ, തന്റെ ഒരു ചരിത്രനോവലിൽ ഇങ്ങനെ പ്രതിപാദിക്കുന്നു.

ദേശിംഗനാട് രാജ്യത്തെ ഒരു രാജകുമാരൻ അറബിനാട്ടിൽ പോയി അവിടെ നിന്നും ഒരു അറബിസുന്ദരിയേയും കൂട്ടി കൊല്ലത്ത്

എത്തിയെന്നും, അറബി സുന്ദരിയുടെ പിതാവ് അവരെ അന്വേഷിച്ച് പിറകേ എത്തിയെന്നും അതറിഞ്ഞ കമിതാക്കൾ ഇളയിടത്ത് സ്വരൂപത്തിൽ എത്തി രഹസ്യമായി പാർത്തുവെന്നും, അവിടെ നിന്നും ആര്യങ്കാവ് ചുരം വഴി തമിഴ്നാട്ടിലേക്ക് കടക്കാനായി ഒറ്റക്കാളവണ്ടിയിൽ യാത്രതിരിച്ചുവെന്നും നേരം ഇരുട്ടുകയാൽ വഴിയരികിൽ കണ്ട ഒരു വീട്ടിൽ അഭയം തേടുകയും, അടുത്ത ദിവസം അതിരാവിലെ തമിഴ്നാട്ടിലേക്ക് യാത്രയാവുകയും ചെയ്തു. കുറെകാലത്തിനുശേഷം കഥാപുരുഷൻ തനിക്ക് അഭയം കൊടുത്ത സ്ത്രീയെ അന്വേഷിച്ചെത്തിയെങ്കിലും അവിടെ താമസിച്ചിരുന്ന സ്ത്രീയെ കാണാൻ കഴിഞ്ഞില്ല. ആ സ്ഥലം കല്ലടയാറിന് അധികം അകലെയല്ലാത്ത കാട്ടുപ്രദേശമായിരുന്നു. ആ വീട്ടിൽ താമസിച്ചിരുന്ന സ്ത്രീയുടെ പേര് നങ്ങേമ എന്നായിരുന്നു. നങ്ങമ്മ താമസിച്ചിരുന്ന കാടായതു കൊണ്ടു ആ കാടിനെ നങ്ങമ്മക്കാട് എന്നു പേരുണ്ടായിയെന്നും കാലക്രമേണ അത് ചെങ്ങമനാട് ആയിയെന്നുമാണ് ആ കഥ. എന്നാൽ കൂടുതൽ യുക്തി സഹമായ മറ്റൊരു കഥപറയാനുണ്ട്.

കൊട്ടാരക്കരയുടെ തെക്ക്, നെല്ലിക്കുന്നത്തിനപ്പുറവും, വടക്ക് പുത്തൂരിന് ഇപ്പുറവും, ചുങ്കത്തറ എന്നു പേരായ രണ്ടു സ്ഥലങ്ങളുണ്ട്. ഇതു രണ്ടും കൊട്ടാരക്കര നാട്ടുരാജ്യത്തിന്റെ അതിർത്തികളായിരുന്നുവെന്നു പറയുന്നു. കൊട്ടാരക്കര രാജ്യത്ത് ഉത്പാദിപ്പിച്ചിരുന്നതും, നിർമ്മിച്ചിരുന്നതുമായ സാധനങ്ങൾ കടത്തിക്കൊണ്ടു പോകുമ്പോൾ ചുങ്കം പിരിച്ചിരുന്ന സ്ഥലമാകാം ഈ ചുങ്കത്തറകൾ. ആകയാൽ ചെങ്ങമനാട്ട് പ്രദേശം അന്ന് ജംഗമസാധനങ്ങൾ നിർമ്മിച്ചിരുന്ന സ്ഥലമായിരുന്നിരിക്കാം. ജംഗ്മസാധനങ്ങൾ (വെങ്കലങ്ങൾ) നിർമ്മിച്ചിരുന്ന സ്ഥലമായിരുന്നതിനാൽ സ്ഥലത്തിന് ജംഗ്മനാട് എന്നു വിളിച്ച് കാലക്രമേണ ചെങ്ങമനാട് ആയതാകാം, അതല്ല, ചെമ്മൺനാടാണ് ചെങ്ങമനാട് ആയതെന്നും മറ്റൊരു ഭാഗം പറയുന്നു. ദേശിങ്ങനാടിന് ചിങ്ങനാട് എന്നു കൂടി പേരുണ്ട്.

പ്രസിദ്ധമായ വെട്ടിക്കവല ക്ഷേത്രത്തിനു പടിഞ്ഞാറു കിടക്കുന്ന വെട്ടിക്കവല പടിഞ്ഞാറ്റിൻകരയാണ് ആറാം വാർഡായ നടുക്കുന്ന്. നടുക്കുന്നിന് പറയാനുള്ളത് മറ്റൊരു കഥയാണ്. വെട്ടിക്കവല ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങളുടെ മനസ്സിൽ അതിപ്രധാനമായ ഒരു സ്ഥാനമാണ് വാതിൽക്കൽ ഞാലിക്കുഞ്ഞിനുള്ളത്. ക്ഷേത്രത്തിലെത്തുന്നവർ കുഞ്ഞിന് കരിവളകളും മറ്റും നേർച്ചയായി അർച്ചിക്കുന്നു. നടുക്കുന്ന് വാർഡിലെ കീഴൂട്ട് വീട്ടിലെ പിന്നോക്കവിഭാഗത്തിൽപ്പെട്ട ഒരു കൃഷി തൊഴിലാളിക്ക് ഒരു ദിവസം പണിക്ക് പോകുന്നവഴിക്ക് മത്തിലഴികത്ത് ഭാഗത്തു നിന്നും ശോഭയുള്ള ഒരു കുഞ്ഞിനെ കിട്ടി. അയാൾ ആ കുഞ്ഞിനെ വീട്ടിൽ കൊണ്ടു പോയി ഭവ്യതയോടെ വളർത്തി. കുഞ്ഞ് അല്പം വലുതായപ്പോൾ അതിന് ആടാൻ ഒരു ഊഞ്ഞാൽ ഇട്ടു കൊടുത്തു കൊണ്ടു കുറവനും കുറത്തിയും പണിക്കു പോയി. ഒരു ദിവസം അവർ പണികഴിഞ്ഞ് എത്തുമ്പോൾ വാതിലിൽ കെട്ടിയിരുന്ന ഊഞ്ഞാലിൽ നിന്നും താഴെവീണു കുഞ്ഞു മരിച്ചു കിടക്കുന്നതായി കണ്ടു. അതൊരു ബ്രാഹ്മണക്കുഞ്ഞായിരുന്നു. ആകയാൽ അതിന്റെ ആത്മാവിനെ എവിടെ കുടിയിരുത്തമെന്നറിയാതെ വിഷമിച്ച അവർ അവസാനം കുഞ്ഞിന്റെ ആത്മാവിനെ വെട്ടിക്കവല ക്ഷേത്രത്തിൽ കുടിയിരുത്തി എന്നാണ് കഥ.

ചേത്തടി വാർഡിന്റെ പേര് ചേർ+തടി അതായത് ചേർനിലും എന്ന അർത്ഥത്തിലാണ് ഉച്ചരിച്ചു പോന്നത്. വില്ലൂരിന് പെട്ടെന്ന് തോന്നാവുന്ന അർത്ഥം മറ്റൊന്നാണ്, എന്നാൽ വെട്ടിക്കവല പഞ്ചായത്തിൽപ്പെട്ട കഴിവിടാം കുന്നിൽ നിന്നും വടക്കോട്ടു നോക്കിയാൽ അകലെ കാണുന്ന വലയിക്കുന്നാണ് പച്ചലമല. ഈ രണ്ടു മലകൾക്കുമിടയിലുള്ള പ്രദേശം. ഒറ്റനോട്ടത്തിൽ ആകാശം പോലെ തോന്നിക്കും അതുകൊണ്ട് ആപ്രദേശത്തെ വിണ്ണ്+ഊർ വിണ്ണൂർ എന്നു വിളിച്ചു വിളിച്ച് വില്ലൂർ ആയതാണെന്നും. അതല്ല ആ പ്രദേശത്ത് പനകൾ ധാരാളമായി ഉണ്ടായിരുനനുവെന്നും പനങ്കള്ള് ശർക്കരയുണ്ടാക്കുന്നതിന് വെല്ലമാക്കി രൂപപ്പെടുത്തും. അങ്ങനെ വെല്ലത്തിന്റെ നാടിനെയാണ് വില്ലൂർ എന്ന് വിളിക്കുന്നതെന്നും പറയുന്നു.

ഒമ്പതാം വാർഡായ മൗലാടുംപാറയിൽ പേരിനെ സൂചിപ്പിക്കുന്ന വിശാലമായ ഒരു പരന്ന പാറയുണ്ട്. ഇന്നതിന്റെ മിക്കവാറും എടുത്തു കഴിഞ്ഞിരിക്കുന്നു. അവിടം വലിയ പാറമടയും

ആയിരിക്കുന്നു. ഈ പരന്ന പാറയിൽ മയിലുകൾ പീലിവിരിച്ച് ആനന്ദ നൃത്തം ചെയ്തിരുന്നുവെന്നു പറയുന്നു. മൈലാടും പാറയിലെ പ്രകൃതിരമണീയമായ പ്രദേശമാണ് പച്ചിലമല. ജൈവവൈവിദ്ധ്യം നിറഞ്ഞ ഈ പച്ചലമലയിൽ ദിവ്യാ ഔഷധം ഉണ്ടായിരുന്നുവെന്നാണ് ഐതിഹ്യം. ഈ മലയുടെ മുകളിലുള്ള വലിയ പാറയുടെ നടുവിൽ ഒരു വിള്ളലുണ്ട്. ഇതിന് വളരെ ആഴമുണ്ടെന്നാണ് പറയുന്നത്. എന്തായിരുന്നാലും ആവിള്ളലിൽ എപ്പോഴും വെള്ളം നിറഞ്ഞിരിക്കും.

പേരിനെ അയുക്തികമായി വ്യാഖ്യാനിച്ച് തെറ്റിദ്ധരിപ്പിക്കുന്ന പല കഥകളും നമുക്കറിയാം. അങ്ങനെ പല തെറ്റായ നിഗമനങ്ങൾക്കും വിധേയമായ ഒരു പേരാണ് മേലില. ഈ പേരിനെ മേലിൽ ഇല്ല, എന്നും മേൽ ഇല എന്നും ചിലർ വ്യാഖ്യാനിക്കുന്നുണ്ട്. കൃത്യമായ രൂപം കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെങ്കിലും കൂടുതൽ യുക്തിസഹമായ നിഗമനം സ്വീകാര്യമാവും അതിനാലാണ് മേലില എന്നത്, മേലെ ഏലാ എന്നോ, മേല ഏലാ എന്നോ, അതുമല്ലെങ്കിൽ മേലേ ഇല്ലം എന്നോ ഊഹിക്കാം. താഴെ ഏലാ ഉള്ളതു കൊണ്ട് മേലെ ഏലാ ആകാം. എന്നാൽ കൂടുതൽ പ്രാധാന്യം ഉത്സവത്തിനായതു കൊണ്ട് മേല ഏലാ അതായത് ഉത്സവം നടക്കുന്ന ഏലാ എന്നർത്ഥം, അതിനാൽ മേല (മേള) ഏല എന്നാണെന്നു അനുമാനിക്കാം.

## ഭൂഉടമാ ബന്ധം

ദേവസ്വം, ബ്രഹ്മസ്വം, പണ്ടാരവക, ജന്മിവക, മാടമ്പിവക, എന്നിങ്ങനെ വീതം വച്ചിരുന്ന ഭൂമി കാലക്രമേണ ഈ ഘടക ങ്ങളെല്ലാം മാറി ഇന് ഒരു സെന്റ് മുതൽ പത്ത് ഏക്കർ വരെ ഭൂമി സ്വന്തമായുള്ളവർ ഇവിടെയുണ്ട്. വളരെ അയവുള്ള ഒരു ഭൂഉടമാബന്ധമാണ് ഇവിടെ പണ്ടും ഇപ്പോഴും നിലനിന്നു പോരുന്നത്. വളരെ ശക്തരല്ലാത്ത ചില ബ്രാഹ്മണ കുടുംബങ്ങൾ ഇവിടങ്ങളിൽ ഉണ്ടായിരുന്നു. അവയിൽ പലതും സ്ഥലം വിറ്റു പെറുക്കി പോയി. പിന്നോക്കവിഭാഗത്തിൽ പ്പെടുന്ന അപൂർവ്വം കുടുംബങ്ങൾക്കു മാത്രം മൂന്നോ നാലോ ഏക്കർ വസ്തു സ്വന്തമായി ഉള്ളവരുള്ളു. കൂടുതലും ഒന്നും ഒന്നരയും രണ്ടും സെന്റുകൾ വീതമുള്ളവരാണ് അതേ പോലെ ഈ ഭാഗത്തെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും ഇടത്തരക്കാരുമാണ്. ഭൂമിക്കു വേണ്ടിയുള്ള ഒരു ശക്തമായ മുന്നേറ്റത്തിന് ഇവിടെ പ്രസക്തി യില്ലായിരുന്നു. അപൂർവ്വമായി ഉണ്ടായിരുന്ന മിച്ചഭൂമികളിൽ പട്ടയത്തിനായി സമരം നടത്തിയവർക്ക് ക്രൂരമായ മർദ്ദനമേൽക്കേണ്ടി വന്നിട്ടുണ്ട്., ഒരു വിരോധാഭാസമായി ആ ഭൂമി ഇപ്പോഴും അതേ അവസ്ഥയിൽ നിലനില്ക്കുന്നു എന്നതാണ് രസകരം. മുൻകാലങ്ങളിൽ പാട്ടം, പാതിവാരം, ഒറ്റി എന്നിങ്ങനെയാണ് കൃഷിക്കായി ഭൂമി എടുത്തിരുന്നത്. ഇന്ന് അത്തരക്കാർ വളരെ കുറവാണ്. ഏകദേശം എമ്പതു ശതമാനമാളുകളും സ്വന്തവസ്തുവിൽ മാത്രം വിളവിറക്കുന്നവരാണ്.

## ബഹുജനപ്രസ്ഥാനങ്ങൾ

മിച്ചഭൂമി സമരവും കശുവണ്ടി മേഖലയിലെ സമരമാണ് ഇവിടെ ജനമുന്നേറ്റത്തിന് കളമൊരുങ്ങിയ മേഖലകൾ. ഇന്ത്യൻ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട കാര്യമായ ജനമുന്നേറ്റം ഇവിടെയുണ്ടായിട്ടില്ല. അതിന്റെ പ്രാധാനകാരണങ്ങൾ സാമൂഹ്യവൈരുദ്ധ്യങ്ങൾ ഇവിടെ തീരെയില്ലായിരുന്നു. രണ്ടാമതായി നിലവാരമുള്ള ഒരു ജനനേതാവ് ഈ പ്രദേശത്ത് ഉണ്ടായി വന്നില്ല. ഗാന്ധി ശിഷ്യന്മാരായി, ചിറ്റൂർ വി.ആർ. ഗോപാലപിള്ളയും വിരലിൽ എണ്ണാവുന്ന അപൂർവ്വം ചിലരും ഉണ്ടായിരുന്നു.

ഈ പ്രദേശത്തെ ഒരു ഭീകരതയുടെ നിഴലിൽ തളച്ചിട്ട സംഭവമായിരുന്നു. ശൂരനാട്ട് സംഭവത്തിലെ കക്ഷികളെ തേടി വെട്ടിക്കവലയിൽ എത്തിയ പോലീസ് അവരുടെ ശൗര്യം ചെങ്ങമനാട്ടും പരിസരത്തും കാട്ടിക്കൂട്ടിയത്.

വഴിപോക്കരായ നിരപരാധികൾ പലരും മർദ്ദനമേൽക്കേണ്ടി വന്നു. വെട്ടിക്കവലയിൽ ജനകീയ പ്രസ്ഥാനത്തിന് അടിത്തറയായി രുന്നത് പാണക്കാട്ട് ദമോദരനുണ്ണിയായിരുന്നു. ഉണ്ണി മേലിലാ പഞ്ചായത്തിലായിരുന്നു. കൽക്കട്ടാ തീസീസ് കഴിഞ്ഞ് നാട്ടിലെത്തിയ സഖാക്കൾക്ക് അതൊന്നു ചർച്ച ചെയ്യാൻ ഇടം കാണാതെ വിഷമിച്ചപ്പോൾ തിരുവിതാംകൂറിലെ പ്രവർത്ത കർക്ക് അവസരം ഉണ്ടാക്കി കൊടുത്തത് ദാമോദരനുണ്ണിയായിരുന്നു. വെട്ടിക്കവല പോയി തിരികെ വരും വഴിയാണ് സ. പിടി. പുന്നൂസ്സിനെ പോലീസ് അറസ്റ്റു ചെയ്യുന്നത്. വളരെ ചൂഷണത്തിന് വിധേയമായിരുന്ന മേഖലയാണ്

കശുവണ്ടി മേഖല. കശുവണ്ടി തല്ലുമ്പോൾ ഉണ്ടാകുന്ന പൊടി കൂലിയായി കൊടുത്തു കൊണ്ടാണ് സ്ത്രീകളെക്കൊണ്ട് ജോലി ചെയ്യിച്ചിരുന്നത്. ശരീരം പൊള്ളിച്ച് വ്രണമുണ്ടാക്കുന്ന അതിന്റെ കറ കയ്യിൽ കാലിഞ്ച് കനത്തിൽ വരെ കട്ട പിടിച്ചിരിക്കും. ഈ ജോലി ചെയ്തിരുന്നത് നൂറുശതമാനവും പിന്നോക്കക്കാരായ സ്ത്രീകൾ തന്നെയാണ്. കശുവണ്ടി വറുക്കുന്നതും വളരെ ഗുരുതരമായ ആരോഗ്യപ്രശ്നം ഉണ്ടാക്കുന്ന ജോലിയാണ്. ഇവരെ സംഘടിപ്പിക്കാനും അവകാശസമരങ്ങളിലൂടെ പലതും നേടിയെടുക്കാനും കഴിഞ്ഞു. എല്ലാ രാഷ്ട്രീയ പാർട്ടികളും ഈ രംഗത്ത് പ്രവർത്തനനിരതരായിരുന്നിട്ടുണ്ട്. എന്നാൽ ഇന്ന് കശുവണ്ടി മേഖലയിലെ പണി വാവിനും സംക്രാന്തിക്കുമെന്നപോലെയായി. ഒരു കാലത്ത് ഈ പഞ്ചായത്തിലെ ചെങ്ങമനാട് കിഴക്കെതെരുപ്രദേശങ്ങളെ നിലനിർത്തിയിരുന്നത് കശുവണ്ടി മേഖലയായിരുന്നു. ഇവിടെത്തെ ഒരു കമ്പനി, സ്വകാര്യവ്യക്തിയിൽ നിന്നും കാഷ്യൂകോർപ്പറേഷനും ഒരെണ്ണം കാപെക്സും ഏറ്റെടുത്തെങ്കിലും തൊഴിലാളികൾ എന്നും വേഴാമ്പലുകളാണ്. ആണ്ടിലെ ഏതെങ്കിലും ഒരു സമയത്ത് മരുഭൂമിയിലെ മഴത്തുള്ളി പോലെ രണ്ടുദിവസം പണി വന്നു വീഴും. ഈ മേഖല തകരാനുള്ള പ്രധാന കാരണം കൂലിയുടെ കാര്യത്തിൽ ദേശീയ നയമില്ലാത്തതിനാലാണ്. അങ്ങനെ കശുവണ്ടി കമ്പനികളെല്ലാം തമിഴ്നാട്ടിലേക്ക് കുടിയേറിപ്പോയതാണ്. മറ്റൊരു കാരണം ആഭ്യന്തര ഉത്പാദനം കുറഞ്ഞു. അതിലൊക്കെ ഉപരി അവകാശസമരങ്ങളുടെ മുന്നിൽ നിൽക്കാനുള്ള വ്യഗ്രതയിൽ തത്വദീക്ഷയില്ലാത്ത ഡിമാന്റുകൾ വച്ച് വീർപ്പുമുട്ടിച്ചതു കൊണ്ടാണെന്നുള്ളത് പകൽ പോലെ പരമാർത്ഥമാണ്.

## സംസ്കാരം

ഇവിടെ ഏഴ് ഹിന്ദുക്ഷേത്രങ്ങളും പതിനാറ് ക്രിസ്ത്യൻ പള്ളികളും പത്തിലധികം മറ്റ് ക്രിസ്തീയ ആരാധനാലയങ്ങളും രണ്ടു മുസ്ലീം പള്ളിയുമുണ്ട്. ഇവിടങ്ങളിലെല്ലാം അതാതു മതാചാരപ്രകാരമുള്ള ആരാധനകളും പെരുനാളുകളും ഉത്സവങ്ങളും നാനാ മതസ്ഥരുടെയും സഹകരണത്തോടെയാണ് നടക്കുന്നത്.

എല്ലാ ക്ഷേത്രങ്ങൾക്കും കാവും, കുളവും ഉണ്ടായിരുന്നു. കാവുകൾ ഒട്ടുമുക്കാലും നാമാവശേഷമായി. കുളങ്ങളും, പ്രദേശത്തെ കിണറുകളും നീർച്ചാലുകളും തമ്മിലുള്ള ബന്ധവും അതിന്റെ മേന്മയും കുളങ്ങൾ ഇല്ലാതാകുമ്പോൾ മാത്രമേ പൂർണ്ണമായി ബോധ്യപ്പെടുകയുള്ളു.

ഇവിടത്തെ ക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ടത് മേലില ധർമ്മശാസ്താക്ഷേത്രമാണ്. വയലേലയുടെ നടുവിലേക്ക് ഉന്തി നിൽക്കുന്ന ഉപദ്വീപായ പ്രദേശത്താണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പ്രകൃതി രമണീയത കൊണ്ടു് അനുഗ്രഹീതമായ ഈ പ്രദേശത്തിന്റെ സാംസ്കാരിക കേന്ദ്രമാണ് ഈ ആരാധനലായം. ഏകദേശം അഞ്ഞുറു വർഷത്തെ പഴക്കമുള്ള ഈ ക്ഷേത്രത്തിലെ കളമെഴുത്തു പാട്ട് പ്രസിദ്ധമാണ്. കഥകളിയും ആദികാലം മുതൽ നടത്തി വരുന്നു.

അത്യപൂർവ്വവും അത്യാകർഷകവുമായ ഭദ്രകാളി തിരുമുടിയെഴുന്നെള്ളത്ത് ചരിത്ര പ്രസിദ്ധമാണ്. കുംഭമാസത്തിലെ ഉത്രം തിരുനാളിൽ നടത്തി വരുന്ന ഈ അനുഷ്ഠാനകല ആയിരക്കണക്കിന് ഭക്തജനങ്ങളുടെ ആത്മസായൂജ്യമാണ്.

ഈ ക്ഷേത്രങ്ങളിലൊക്കെയും കെട്ടുകുതിരയും, കാളകളെ നിരത്തി കെട്ടിയ ശാലകളും, പൊക്കി ആട്ടിക്കൊണ്ട് ഘോഷയാത്രകൾ സംഘടിപ്പിച്ചിരുന്നു. കരവിരുതിന്റെ മകുടോദാഹരണമായിരുന്നു ഈ ശില്പങ്ങൾ ചെയ്യാൻ ഇന്നത്തെ തലമുറ മിനക്കെടാറില്ല. ചെങ്ങമനാട് ജമ്യം കോട് ക്ഷേത്രത്തിൽ മുൻകാലങ്ങളിൽ ഇത് ഒരു മുഖ്യ ഇനമായിരുന്നു. ചേത്തടി കരിമലക്കാട്ട് ക്ഷേത്രത്തിൽ അതിന്റെ ഓർമ്മ നിലനിർത്താൻ ഇപ്പോഴും ഘോഷയാത്ര നടത്തുന്നുണ്ട്. വില്ലൂർ വൈകുണ്ഠപുരം ക്ഷേത്രവും ഇരുങ്ങൂരിലെ അമ്മണം കോട് ക്ഷേത്രം വളരെ പഴക്കമുള്ള ക്ഷേത്രങ്ങളാണ് വെട്ടിക്കവല ദേവസ്വത്തിലെ വേലായുധൻ എന്ന ആന ജമ്യം കോട് ക്ഷേത്രകോമ്പൗണ്ടിൽ ചരിയുകയും അതിനെ അവിടെത്തന്നെ അടക്കം ചെയ്യുകയും ചെയ്തതിനു ശേഷം ഈ ക്ഷേത്രത്തിലേക്ക് ആനയെ കൊണ്ടു വരാതെയായി. ചരിഞ്ഞ ആനയുടെ മറുതാ കൂടി വരുന്ന ആന ബഹളം വയ്ക്കുമെന്നാണ് നാട്ടുപറച്ചിൽ.

പഴമക്കാരുടെ മനസ്സിൽ ഇന്നും തെളിഞ്ഞു നിൽക്കുന്ന ഒരു കലാരൂപമാണ് കിഴക്കേ തെരുവിലെ കുഴിയിൽ പള്ളിയിൽ നടത്തിയിരുന്ന പരിചമുട്ടുക്കളി. വിശുദ്ധ ഗീവർഗ്ഗീസ് പുണ്യവാളന്റെ നാമധേയത്തിലുള്ള പള്ളിക്ക്, അശരണരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള അത്ഭുതകരമായ കഴിവുണ്ടെന്നാണ് വിശ്വാസം. വളരെ അകലെ സ്ഥലങ്ങളിൽ നിന്നു പോലും നേർച്ചകളുമായി ഭക്തജനങ്ങൾ വരുന്നുണ്ട്. വിശുദ്ധന്റെ തിരുനാളിലെ ഉത്സവത്തിലെ ഒരു പ്രധാന ഇനമാണ് പള്ളിക്കു ചുറ്റിയുള്ള എഴുന്നെള്ളിപ്പ് (റാസ) ചെറുപ്പക്കാരും മുതിർന്നവരും വട്ടമിട്ടുനിന്നു കളിക്കുന്ന കലാരൂപമാണ് പരിചമുട്ടുകളി.

തനതായ കലാരൂപം എന്നു പറായൻ ഒന്നുമില്ലെങ്കിലും കാക്കാരശ്ശി നാടകം, കോൽക്കളി, പാക്കനാരുക്കളി, തിരുവാതിരക്കളി ഇവയൊക്കെ ഒരു കാലത്ത് ഈ നാട്ടിൽ നിറഞ്ഞു നിന്നിരുന്നു. തിരുവാതിര യുവജനോത്സവങ്ങളിലേക്ക് കുടിയേറി പാക്കനാരുകളി ഏകദേശം നിന്നു പോയി, കക്കാരശ്ശി നാടകം താല്പര്യം ഒഴിഞ്ഞമട്ടായി` കോൽക്കളി ഇന്നും പിടിച്ചു നിൽക്കുന്നു. ചെങ്ങമനാട്ടെ മാധവനാശാനും സംഘവും ഇന്നും ഈ കലാരൂപം നിലനിർത്തിപ്പോരുന്നു. മേലില വിശ്വംഭരന്റെ മയിലാട്ടം പ്രസിദ്ധമാണ്.

വളരെ സമർത്ഥരായ ചെണ്ടവിദ്വാന്മാർ ഇവിടെയുണ്ട്. അതിൽ മേലിലായിലെ ചെണ്ടരാമനാശാനും കിഴക്കേ തെരുവിലെ പൊടിയനും ചെങ്ങമനാട്ടെ ഗോവിന്ദനും എടുത്തു പറയേണ്ടവരാണ്. സർക്കാർ പ്രോത്സാഹനം കൊണ്ടു മാത്രം ഇന്നും പിടിച്ചു നിൽക്കുന്ന ഒരു കലയാണ് നാടൻ പാട്ടുകൾ. ഇതിൽ നടീൽ പാട്ടുകളും കൊയ്ത്തു പാട്ടുകളും മറ്റും ഉൾപ്പെടും. ചെങ്ങമനാട്ടുള്ള കുമാനും സംഘവും ഇന്നുമീരംഗത്തുണ്ട്.

നാടകവുമായി ഈ പ്രദേശത്തിന് പണ്ടുമതലേ ആത്മബന്ധമുണ്ട്. ഇവിടുത്തെ പഴമക്കാർ മലയാളത്തിലെ തന്നെ ആദ്യനാടകമായ കൊച്ചീപ്പൻ തകരന്റെ, മറിയാമ്മ നാടവും, സദാരാമയും മറ്റും പഠിച്ച് അവതരിപ്പിച്ചിരുന്നു. ഈ പ്രദേശങ്ങളിലൊക്കെ ഓണത്തിനും ക്ലബ്ബുകളുടെ വാർഷികത്തിനും മറ്റു പെരുനാളുകൾക്കുമെല്ലാം നാടകം ഒരു പ്രധാന ഇനമായിരുന്നു. ആദ്യാകലത്തെ പ്രസിദ്ധമായ നാടകകമ്പനികളും സർക്കസ്സ് കമ്പനികളും ഇവിടെ സ്ഥിരമായി പരിപാടികൾ നടത്തിയിരുന്നു.

സാംസ്കാരികമായി ഉയർന്ന നിലവാര മുള്ളവരാണ് ഇവിടുത്തെ ജനത എങ്കിലും വലിയ സാഹിത്യനായകന്മാരെ അധികമൊന്നും സൃഷ്ടിക്കാൻ ഈ നാടിന് കഴിഞ്ഞിട്ടില്ല. അതിന്റെ പ്രധാനകാരണം ഈ പ്രദേശത്ത് 1980 ന് ശേഷമാണ് ഒരു ഹൈസ്കൂൾ വന്നത് എന്നതു കൊണ്ടാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ ക്രിസ്ത്യൻ മിഷനറി സ്ഥാപിച്ച ഒന്ന് രണ്ട് എൽ.പി.സ്കൂളുകളാണ് ഇവിടെയുണ്ടായിരുന്നത്. പിന്നീട് 1960ന് ശേഷമാണ് ഒരു യു.പി. സ്കൂൾ ഉണ്ടാകുന്നത്.

സാഹിത്യ ലോകത്തെ അറിയപ്പെടുന്ന വ്യക്തിയായിരുന്നു വെട്ടിക്കവല നാരായണദാസ്. അദ്ദേഹം മേലിലാ പഞ്ചായത്തിന്റെ പുത്രനാണ്. മലയാളത്തിന്റെ അഭിമാനഭാജനമായ സാഹിത്യകാരി ലളിതാംബികാ അന്തർജനത്തിന്റെ സാമിപ്യം കൊണ്ടും ഈ പ്രദേശം ധന്യയാണ്. ഈ പ്രദേശത്തു കാർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കൊട്ടാരക്കര സർക്കാർ സ്കൂളിനേയും വാളകം മാർത്തോമ്മാ സ്കൂളിനേയുമാണ് ആശ്രയിച്ചിരുന്നത്. തിരുവിതാംകൂർ ദിവനായിരുന്ന ശങ്കരൻ തമ്പിയുടെ പ്രത്യേക ഇഷ്ടപ്രകാരം പണിത വെട്ടിക്കവല സ്കൂൾ കെട്ടിടമാണ് പിന്നീട് ഇവിടുത്തുകാർക്ക് ആശ്രയമായിരുന്നത് ശങ്കരൻ തമ്പിക്ക് ഈ പ്രദേശവുമായി ജന്മബന്ധ മുണ്ടെന്നാണ് പറഞ്ഞു കേഴ്വി. ഇവിടെ യടുത്തുള്ള വെങ്കലത്തു കുടുംബാംഗമാണെ ന്നാണ് പറയുന്നത്.

കേരളമന്ത്രിസഭയിലെ ആദ്യ സ്പീക്കറായി രുന്ന ശങ്കരനാരായണൻ തമ്പി. മേലിലായിലെ പുന്നൂർ കുടുംബാംഗമാണ്. കാർഷികരംഗത്ത് ശ്രദ്ധേയനായിരുന്ന കടുവാ തോട്ടത്ത് ജോൺവൈദ്യൻ 1965-66- ലെ സംസ്ഥാനത്തെ ഏറ്റവും നല്ല കൃഷിക്കാരനായി തെരഞ്ഞെടു ക്കപ്പെട്ടിരുന്നു. പുനലൂർ നഗരസഭയുടെ മുൻസിപ്പൽ ചെയർമാനായിരുന്ന വൈദ്യകലാ നിധിയും ജയഭാരതം വൈദ്യശാലയുടെ ഉടമയുമായിരുന്ന പി.ഓ. തോമസ് വൈദ്യൻ ഈ പഞ്ചായത്തിലെ ഐപ്പള്ളൂർ വാർഡിലെ

കുടുംബാഗമാണ്. ദളിത് ക്രൈസ്ത സംഘാടന ത്തിലും, നേതൃത്വത്തിലും, പിന്നോക്ക വിഭാഗ ഫെഡറേഷനിലും അറിയപ്പെട്ട വ്യക്തിയായിരുന്നു അംബേദ്കർ കോളനിയിലെ A. ജോൺവിത്സൻ.

കായിക രംഗത്ത് തെക്കൻ തിരുവിതാം കൂറിലേയും മദ്ധ്യതിരുവിതാംകൂറിലേയും അറിയപ്പെടന്ന ഒരു വോളീബാൾ ടീം ഇവിടെയുണ്ടായിരുന്നു. അതിന്റെ സഹായകമായി കെ. വേലുവിന്റെ നാമധേയത്തിൽ ഉണ്ടാക്കിയ K.V.M. സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബും അതീവ പ്രതിഭയായിരുന്ന വോളീബാൾ താരം പാറയിടുക്കിൽ ലൂക്കോസുമുണ്ടായിരുന്നു. പിൽക്കാലങ്ങളിൽ ശ്രദ്ധേയമായ ഒരു ക്ലബ്ബാണ് മേലില ഉദയ സ്പോർട്ട്സ് ആന്റ് ആർട്സ് ക്ലബ്ബ്.

പൂർവ്വകാലത്തിന്റെ പിൻതുടർച്ചയായി പഞ്ചായത്തിന്റെ അഭിമാനമായി കലാസാഹിത്യ കായിക രംഗത്തെ പ്രതിഭകൾ ഇന്നും ഈ പഞ്ചായത്തിനുണ്ട്. തുളസിവന അവാർഡ് ലഭിച്ച നാഗസ്വരവിദ്വാൻ വെട്ടിക്കവല K.N. ശശികുമാർ. സാഹിത്യകാരനും ആകാശവാണി പ്രോഗ്രാം എക്സിക്യൂട്ടീവുമായ മേലില ആർ. ശ്രീകണ്ഠൻനായർ, ചലച്ചിത്ര, ടെലിഫിലിം സംവിധായകൻ മേലില രാജശേഖരൻ കേരള ഫുട്ബോൾ ടീമിന്റെ ക്യാപ്റ്റനായി നേതൃത്വം കൊടുത്ത കുരിശേശ് മാത്യു, മലയാള മനോരമയുടെ അസോസിയേറ്റ് എഡിറ്റർ പ്രസിദ്ധനായ പത്രപ്രവർത്തകൻ തോമസ് ജേക്കബ്ബ് 1975 ലെ നല്ല അദ്ധ്യാപകനുള്ള നാഷണൽ അവാർഡു നേടിയ റ്റി. ജോർജ്ജ് 967ൽ മുൻപ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ഛായാചിത്രം വരച്ച് അവർക്ക് നേരിട്ട് സമർപ്പിച്ച് അംഗീകാരപത്രം നേടിയ ചിത്രകാനുരും, കവിയും നാടകകൃത്തും നടനും, ആകാശവാണി ആർട്ടിസ്റ്റുമായ എബ്രഹാം കൊയ്പ്പള്ളി, ചലച്ചിത്ര ടെലിഫിലിം സംവിധാനകയും ആകാശവാണി ആർട്ടിസ്റ്റുമായ മേലില സുരേന്ദ്രൻ, നാടകസംവിധായകൻ കെ. മണി, ആകാശവാണി ആർട്ടിസ്റ്റ് മേലില ചന്ദ്രമോഹൻ, സിനിമാ നിർമ്മാതാവ് മേലില ബൈജു. വയലിനിസ്റ്റും ടെലിഫിലിം ആർട്ടിസ്റ്റുമായ ചെങ്ങമനാട് രഞ്ജിത്കുമാർ ഇന്റർ യൂണിവേഴ്സിറ്റി വോളിബാൾ താരം സിനു ജോർജ് തുടങ്ങിവരുണ്ട്.

1953-ൽ പഞ്ചായത്ത് രൂപപ്പെട്ടതിനു ശേഷം ഒട്ടേറെ നേട്ടങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയുടെ അടിസ്ഥാനസൗകര്യങ്ങളായ കുളം, വരമ്പ്, റാമ്പ്, തുടങ്ങിയവയും ഗതാഗത മേഖലയിലെ റോഡ്, നടപ്പാലം, വെയിറ്റിംഗ് ഷെഡ് തുടങ്ങിയവയും എടുത്തു പറയാവുന്നതാണ്. കൂടാതെ ചെങ്ങമനാട് ജംഗഷനിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റിനകത്ത് തീർത്ത ഓപ്പൺ എയർ ആഡിറ്റോറിയം, വില്ലൂരിൽ പണിത സാംസ്കാരിക നിലയം. ഓപ്പൺ എയർ അഡിറ്റോരയവും സാംസ്കാരിക നിലയുവും ഇനിയും ലക്ഷ്യം നേടാനിരിക്കുന്നതേയുള്ളു. മൈലാടും പാറയിലെ പൊതു ശ്മശാനം ഉപകാരപ്രദമാണ്. കിഴക്കേ തെരുവ് വില്ലൂർ എന്നിടങ്ങളിലെ വെയിംറ്റിഗ് ഷെഡുകൾ നേട്ടങ്ങളാണ്. പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു JRY തുടങ്ങിയ പദ്ധതി മുഖേനയും MP, MLA തുടങ്ങിയവരുടെ സഹായം കൊണ്ടും വളരെയേറെ വികസന പ്രവർത്തനങ്ങൾ ഇവിടുയുണ്ട്.

പഞ്ചായത്ത് കാലഘട്ടത്തിൽ വലിയ രണ്ടു പ്രകൃതി ക്ഷോഭങ്ങൾ ഇവിടെയുണ്ടായി. ഒന്ന് 1972ൽ ഉണ്ടായ ശക്തമായ മഴയായിരുന്നു. രണ്ടു മണിക്കൂർ ഒരേ പോലെ പെയ്ത കനത്തമഴയിൽ പഞ്ചായത്ത് പ്രദേശമാകെ മുങ്ങിപ്പോയി. പുതുതായി പണിത മേലിലായിലെ കുണ്ടാപ്പാലം അങ്ങനെ തന്നെ ഒഴുകി പോയി. മൂന്നു പേരുടെ ജീവഹാനിയും സംഭവിച്ചു. ഒട്ടനവധി വീടുകളും, കടകളും, ഒഴികുപ്പോകയും ആയിരക്കണക്കിനു രൂപയുടെ കൃഷിനാശവും സംഭവിച്ചു. രണ്ടാമതുണ്ടായത് 1995ലെ ശക്തമായ ചുഴലിക്കാറ്റാണ് ഇത് ഈ പ്രദേശത്തെയാകെ ചുഴറ്റിയെറിഞ്ഞു കളഞ്ഞു. മരച്ചീനി, ഏത്തവാഴ, റബ്ബർ, തേക്ക്, പ്ലാവ്, മാവ് തുടങ്ങിയവയും നൂറുകണക്കിന് വീടുകളും എരുത്തിലുകളും നശിച്ചു. ഏകദേശം അമ്പതു ലക്ഷത്തിലധികം രൂപയുടെ നഷ്ടം ഈ പഞ്ചായത്തിലുണ്ടായി.

വീട്ടുകരവും സർക്കാർ ഗ്രാന്റുകളും കൊണ്ടു കാര്യങ്ങൾ നടത്തി കൊണ്ടു പോകുന്ന ഒരു പിന്നോക്ക പട്ടികയിലുള്ള പഞ്ചായത്താണ് ജനകീയാസൂത്രണത്തിൽറെ ലഹരിയിൽ മുഴുകി നിൽക്കുന്ന മേലില ഗ്രാമപഞ്ചായത്ത്.

# IV ഭൂപ്രകൃതിജലവിഭവം

പ്രാദേശികതലത്തിൽ ലഭ്യമായ ഭൂവിഭവങ്ങൾ എന്തെല്ലാമെന്ന് മനസ്സിലാക്കി അവയെ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി വേണം വികേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കുവാൻ. ഇതിലേക്കായി ഓരോ പ്രദേശത്തും ലഭ്യമായിട്ടുള്ള ഭൂമി, ജലം, എന്നിവയെക്കുറിച്ചുള്ള വിശദമായ പഠനവും പരിസ്ഥിതി അവലോകനവും അത്യന്താതാപേക്ഷിതമാണ്. ആസൂത്രണം പ്രക്രിയയിൽ ഭൂവിഭവങ്ങളെക്കുറിച്ചുള്ള അറിവിന്റെ ആവശ്യകത കണക്കിലെടുത്ത് സംസ്ഥാന പ്ലാനിംഗ് ബോർഡ് നടപ്പാക്കി വരുന്ന പരിപാടിയാണ് പഞ്ചായത്തു തല ഭൂവിഭവനിർമ്മാണം.

കൊല്ലം ജില്ലയിലെ വെട്ടിക്കവല ബ്ലോക്കിൽ ഉൾപ്പെടുന്നതായ മേലില പഞ്ചായത്തിന്റെ ആകെ വിസ്തൃതി 1852 hectre ആണ്. അക്ഷാംശം 8°59'നും 9°2' Nനും രേഖാംശം 76° 47'നും 76° 52E'നും മദ്ധ്യ കൊല്ലം ജില്ലയുടെ മദ്ധ്യഭാഗത്തിനു വടക്കായി ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു.

മേലില പഞ്ചായത്തിനു വടക്കായി തലവൂർ, വിളക്കുടി പഞ്ചായത്തുകളും കിഴക്കും, തെക്കും, വെട്ടിക്കവല പഞ്ചായത്തും തെക്കു പടിഞ്ഞാറായി കൊട്ടാരക്കര പഞ്ചായത്തും വടക്കു പടിഞ്ഞാറു ഭാഗത്ത് മൈലം പഞ്ചായത്തും സ്ഥിതി ചെയ്യുന്നു.

ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നീ മൂന്നു മേഖലകളായി തിരിച്ചിട്ടുള്ളതിൽ ഇടനാട്ടിലാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്.

## നിമ്നോന്നതി

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി ഈ പഞ്ചായത്തിനെ 60m. താഴെ 60-100m, 100m മുകളിൽ എന്നീ മൂന്നു മേഖകളിലായി തരംതിരിക്കാം. ഇവയോരോന്നിന്റെയും വിസ്തൃതി ചുവടെ ചേർക്കുന്നു.

ഭൂപടം 1 നിമ്നോന്നതി.

### പട്ടിക 1 നിമനോന്നത മേഖലകൾ

| നിമ്നോന്നത മേഖലകൾ | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|
| 60 m താഴെ | 1222.31 | 66 |
| 60-100 | 585.94 | 31.64 |
| 100m മുകളിൽ | 43.75 | 2.36 |

അവലംബം വിഭവഭൂപടം, ECESS.

## ഉപരിതല മൺതരങ്ങൾ

ഈ പ്രദേശത്ത് ഉയർന്ന ഭാഗങ്ങളിൽ നല്ല നിർവാർച്ചയുള്ള ചെങ്കൽ മണ്ണാണ് പരക്കെ കാണപ്പെടുന്നത്. താഴ്വരകളിൽ പൊതുവേ പശിമരാശി എക്കൽ മണ്ണാണ് കാണുന്നതെങ്കിലും ചില സ്ഥലങ്ങളിൽ പാറകളും കാണപ്പെടുന്നു. കുന്നിൻ മുകളിൽ പല ഭാഗങ്ങളിലും പാറകൾ സുലഭമാണ്. മൺത്തരങ്ങൾ കാണപ്പെടുന്ന വിസ്തീർണം ചുവടെ ചേർക്കുന്നു.

ഭൂപടം.2. ഉപരിതല മൺതരങ്ങൾ

### പട്ടിക 2
### മൺതരങ്ങൾ

| മൺതരം | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|
| ചെങ്കൽ മണ്ണ് | 947 | 51.13 |
| പശിമരാശി എക്കൽ മണ്ണ് | 905 | 48.87 |

അവലംബം വിഭവഭൂപടം, ECESS.


ഭൂപടം 1.
നിമ്നോന്നതി
76°|48'
76°|50'
9° 2'
9° 0'
N
0 1 Km
സൂചിക
20m. താഴെ
60m- 100m
100m. മുകളിൽ
അവലംബം: വിഭവഭൂപടം, CESS.


ഭൂപടം 2
ഉപരിതല മണ്ണിനങ്ങൾ
N
0
1 km
76° 48'
76° 50'
9° 2'
9° 0'
സൂചിക
L ചെങ്കൽ മണ്ണ്
A എക്കൽ മണ്ണ്
X പാറകൾ
അവലംബം: വിഭവഭൂപടം, CESS

## ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ അഞ്ചു മേഖലകളായി തരംതിരിക്കാവുന്നതാണ്. ഇവയൊരോന്നും അവയുടെ വിസ്തൃതിയും ചുവടെ ചേർക്കുന്നു.

(ഭൂപടം 3. ഭൂരൂപങ്ങൾ)

പട്ടിക 3

### ഭൂരൂപങ്ങൾ വിസ്തൃതി

| ഭൂരൂപങ്ങൾ | വിസ്തൃതി (ഹെക്ടറിൽ) | ശതമാനം |
|---|---|---|
| ഉയർന്ന സമതലം | 161.49 | 8.72 |
| കുന്നിൻമുകൾ | 60.53 | 3.27 |
| മിതമായ ചെറിയ മുകൾ | 202.68 | 10.94 |
| വലിയ ചെരിവുകൾ | 614.97 | 33.21 |
| താഴ്‌വര | 812.32 | 43.86 |

അവലംബം വിഭവഭൂപടം, ECESS.

### ഉയർന്ന സമതലം കുന്നൻമുകൾ

വിസ്തൃതിയിൽ കുറവായ ഈ പ്രദേശങ്ങളാണ് പഞ്ചായത്തിലെ ഉരയം കൂടിയ സ്ഥലങ്ങൾ. സമുദ്രനിരപ്പിൽ നിന്നും 80m മുകളിൽ സ്ഥിതി ചെയ്യുന്നതായ ഈ പ്രദേശങ്ങൾ ചരിവുകൾ ചുറ്റപ്പെട്ടു കിടക്കുനന്നു. കുന്നിൻ മുകൾ പൊതുവേ വിസ്തൃതി കുറവും ഒറ്റപ്പെട്ടവയുമാണ്. എന്നാൽ സമതലങ്ങൾ പൊതുവെ വിസ്താരമേറിയവയായിരിക്കും. ഈ പ്രദേശങ്ങളിൽ പരക്കെ ചെങ്കൽ മണ്ണാണ് കാണപ്പെടുന്നതെങ്കിലും, മണ്ണിന്റെ ഘനം കുറവായതിനാൽ പാറകളും സുലഭമായുണ്ട്. ഇവയിൽ ഉൾപ്പെടുന്നതായ മുഖ്യപ്രദേശങ്ങൾ. ഈയക്കുന്ന് ചെന്തലമുകൾ, പനമ്പിലാമല, ഐപ്പള്ളൂർ കുന്നിൻപ്രദേശം, പച്ചിലക്കുന്ന്, മാക്കന്നൂർ എന്നിവയാണ്.

### ചെരിവുകൾ

സമുദ്രനിരപ്പിൽ നിന്നും 40 m മുകളിലും 80 m താഴെയുമായുള്ള ഈ പ്രദേശങ്ങൾ സമതലങ്ങൾക്കും കുന്നിൻമുകളുകൾക്കും ചുറ്റുമായി കിടക്കുന്നതും താഴ്‌വരകളിൽ അവസാനിക്കുന്നവയുമാണ്. ശാസ്ത്രീയ വിഭവഭൂപടങ്ങളുടെ അഭാവത്താൽ ചെരിവുകളെ രണ്ടായി മാത്രമേ തരം തിരിച്ചിട്ടുള്ളു. മൊത്തം വിസ്തൃതിയുടെ 44% ത്തോളം ചെരിവുകളായുള്ളതിൽ, അതിന്റെ ഏതാണ്ട് 75% വലിയ ചെരിവുകളാണ്. ഇതിനാൽ ഇവിടെ മണ്ണൊലിപ്പിനുള്ള സാധ്യത വളരെ കൂടുതലാണ്. ഇവയിൽ ഉൾപ്പെടുനനതായ മുഖ്യപ്രദേശങ്ങൾ മാക്കന്നൂർ, പച്ചില കുന്നിന്റെ കിഴക്കു ഭാഗം എന്നിവയാണ്.

### താഴ്‌വരകൾ

മൊത്തം വിസ്തൃതിയിൽ 43% ശതമാനത്തോളം വരുന്നതായ ഈ മേഖല സമുദ്രനിരപ്പിൽ നിന്നും 40m നു താഴെ സ്ഥിതി ചെയ്യുന്നവയാണ്. എന്നാൽ ചില സ്ഥലങ്ങളിൽ അവ 60m താഴെയും കാണപ്പെടുന്നുണ്ട്. സമീപത്തുള്ള കുന്നിൻചെരിവുകളിൽ നിന്നും ജലവും മണ്ണു ഒലിച്ചിറങ്ങി ശേഖരിക്കപ്പെടുന്നതിനാൽ ഇവിടെ 'അലൂമിയം' അഥവാ എക്കൽ മണ്ണാണ് കാണപ്പെടുന്നത്. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട താഴ്‌വാരങ്ങൾ മണ്ഡപത്തിങ്കൻ ഏല, പുത്തൂർ വയൽ ഏല, മുല്ലശ്ശേരി ഏല എന്നിവയാണ്.

### കാലാവസ്ഥ

കേരളത്തിന്റെ കാർഷികമേഖല പൂർണ്ണമായും മഴയെ ആശ്രയിച്ചാണ് നിലനില്ക്കുന്നത്. കേരളത്തിൽ മുഖ്യമായും മഴ ലഭിക്കുന്നത് രണ്ടു കാലഘട്ടങ്ങളിലാണ്. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ. തെക്കും പടിഞ്ഞാറൻ കാലവർഷവും, സെപ്റ്റംബർ മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ വടക്കു കിഴക്കൻ കാലവർഷവും. ഈ പ്രദേശത്ത് കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ലഭിച്ച വർഷപാതം ഗ്രാഫ് രൂപത്തിൽ പ്രതിപാദിച്ചിരിക്കുന്നു. താപനില ചിത്രം1. വർഷപാതങ്ങൾ സംസ്ഥാനത്ത് വർഷത്തിൽ ലഭിക്കുന്ന ശരാശരി മഴ 3063 mm ആണ്. കൊല്ലം ജില്ലയിൽ ലഭിക്കുന്ന ശരാശരി മഴ സംസ്ഥാനത്തെ ശരാശരി മഴയെക്കാൾ തുലോം കുറവാണ്. ജില്ലയിൽ തെക്കു പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നും ലഭിക്കുന്ന


ഭൂപടം 3
ഭൂരൂപങ്ങൾ
N
0 1Km
76° 48'
76° 50'
9° 2'
9° 0'
സൂചിക
T1 ഉയർന്ന സമതലം
T2 കുന്നിൻ മുകൾ
S1 മിതമായ ചെരിവ്
S2 വലിയ ചെരിവ്
V താഴ്‌വര
→ ചെരിവിന്റെ ദിശ
അവലംബം: വിഭവഭൂപടം, CESS.

ചിത്രം 1

1991 മുതൽ 1995 വരെ ലഭിച്ച വർഷപാതം മി.മീറ്ററിൽ




താപമാനം

ചിത്രം 2




1983-93 ശരാശരി.

മഴ 1188 mm. ആണെങ്കിൽ വടക്കു കിഴക്കൻ കാലവർഷത്തിൽ നിന്നും ലഭിക്കുന്ന മഴ 778 mm ആണ്. പൊതുവെ മഴ ദുഃർബ്ബലമായ അവസ്ഥയാണ് പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളത്. എന്നാൽ ചൂട് താരതമ്യേന കൂടുതലുമാണ്. ജില്ലയിൽ രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും കൂടിയ താപനില 37.1°C ആണെങ്കിൽ കുറഞ്ഞ താപനില 22.5°C. ആണ്. ചിത്രം 2 താപനില

## ജലപ്രകൃതി

മഴയെ ആശ്രയിച്ചാണല്ലോ നമ്മുടെ ജലസമ്പത്ത് നിലനില്ക്കുന്നത്. ജൂൺ ജൂലൈ മാസങ്ങളിലും, ഒക്ടോബർ മാസത്തിലുമാണ് ഇവിടെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. (ചിത്രം 1). ഈ പഞ്ചായത്തിലെ മുഖ്യ തോടുകൾ മേലിലതോടും പട്ടമലതോടും പാറപ്പാട്ടുതോടുമാണ് മുഖ്യമായ ചെറിയ നേട്ടങ്ങൾ. ഇവ കൂടാതെ ഇവയിൽ ഒഴുകി ചേരുന്നതായ ഏതാനും കൈതോടുകളും ഈ പഞ്ചായത്തിലുണ്ട്. തോടുകളുടെ മൊത്തനീളം ഏതാണ്ട് 27.5 km ഉണ്ട്. ഇവ കൂടാതെ ഏതാനും കുളങ്ങളും കൂടി ചേർന്നതാണ് ഈ പഞ്ചായത്തിലെ ഉപരിതല ജലശ്രോതസ്. പ്രധാനപ്പെട്ട പൊതു കുളങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പട്ടിക 4.

### പ്രധാനപ്പെട്ട പൊതുകുളങ്ങൾ

| കുളം | വാർഡ് |
|---|---|
| താഴമംഗലത്ത് ചിറ | III |
| പള്ളിമുക്ക് ചിറ | II |
| പരിക്കോട് ചിറ | II |
| കുഴിക്കൻക്കുളം | IV |
| മുല്ലശ്ശേരിക്കുളം | IV |
| മുങ്ങോട്ടുചിറ | X |
| വില്ലൂർ ചിറ | VII |
| മഠത്തി കിഴക്കേക്കര ചിറ | VII |

കുന്നിൻ മുകളിൽ കിണറുകളുടെ ആഴം ഏതാണ്ട് 15-18m ആണെങ്കിൽ ചെരിവുകളിൽ അവയുടെ ആഴം 12-15 m ആണ്. താഴ്വരകളിൽ ശരാശരി ആഴം 4m ആണ്. പഞ്ചായത്തിൽ മൊത്തം 10 കുഴൽ കിണറുകളുണ്ട്. I, VII, വാർഡുകളിൽ മൂന്നു വീതവും, II, III, VIII, IX വാർഡുകളിൽ ഓരോന്നും കിണറുണ്ട്.

ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിനെ മൂന്നു മേഖലകളായി തരം തിരിച്ചിട്ടുണ്ട്. അപര്യപ്ത ഭൂപടം 4. വിസ്തൃതി ചുവടേ ചേർക്കുന്നു. പട്ടിക 5.

ഭൂപടം 4 ജലലഭ്യത

| ജലലഭ്യത | വിസ്തീർണ്ണം | ശതമാനം (ഹെക്ടറിൽ) |
|---|---|---|
| പൊതുവേ കുറവ് | 783 | 42.28 |
| മിതം | 164 | 8.86 |
| താരമ്യേന കൂടുതൽ | 905 | 48.87 |

അവലംബം വിഭവഭൂപടം, ECESS

## നീർമറിപ്രദേശങ്ങൾ

ഒരു പ്രദേശത്തിന്റെ സന്തുലിനമായ വികസനത്തിന് ഏറ്റവും പറ്റിയതായ യൂണിറ്റാണ് ജലതടങ്ങൾ. ജല നിർഗമനത്തിന് ഏക മാർഗ്ഗം മാത്രമുള്ള ഒരു ഭൂവിഭാഗത്തെയാണ് ജലതടം എന്നു പറയുന്നത്. ഓരോ, ജലതടത്തിലെയും ഭൂരൂപങ്ങളുടെ പ്രത്യേകത. അവയിലെ തോടുകളുടെ ആതെ നീളം, മറ്റ് പാരിസ്ഥിത സ്ഥിതിഗതികൾ എന്നിവ കണക്കിലെടുത്തു വേണം വികസനം വിഭാവനം ചെയ്യുവാൻ. ഈ പഞ്ചായത്തുൾപ്പെടുന്നതായ ഭൂപ്രദേശത്തെ മൂന്നു മുഖ്യ ജലതടാകങ്ങളായി വേർതിരിക്കാവുന്ന താണ്. ഭൂപടം 5. അവ ഓരോന്നിന്റെയും വിശകലനം ചുവടെ ചേർക്കുന്നു.

ഭൂപടം 5

### നീർമറി പ്രദേശങ്ങൾ

| ജലതടം | T1 | T2 | S1 | S2 | V | Total | തോടിന്റെ നീളം (km.) |
|---|---|---|---|---|---|---|---|
| A1 | 44.76 | 15.49 | 96.42 | 179.06 | 323.71 | 659.43 | 13 km. |
| A2 | 73.14 | 32.30 | 93.52 | 263.58 | 289.08 | 751.62 | 7.5 k.m |
| A3 | 43.53 | 12.69 | 172.28 | 199.48 | 440.66 | 7 k.m. | |


ഭൂപടം 4
ജലലഭ്യത
N
0 1 Km
76° 48'
76° 50'
9° 2'
9° 0'
H
M
L
സൂചിക
H താരതമ്യേന കൂടുതൽ
M മിതം
L പൊതുവെ കുറവ്
അവലംബം: വിഭവഭൂപടം, CESS


ചിത്രം.5
നീർമറി പ്രദേശങ്ങൾ
N
0
1Km
76° 48'
76° 50'
9° 2'
9° 0'
A1
A2
A3
സൂചിക.
തോടുകൾ
നീർമറി
A
ജലതടം
അവലംബം: വിഭവഭൂപടം, CESS

## ജലതടം A1

പഞ്ചായത്തിന്റെ കിഴക്കേ ഭാഗത്ത് സ്ഥിതി ചെയ്യുന്നതും വടക്ക് ഭാഗത്തേക്കു .ചെരിവുള്ളതുമായ ഈ നീർതടത്തിന്റെ ആകെ വിസ്തൃതി 659.43 ഹെക്ടർ ആണ്. 13 k.m നീളത്തിൽ തോടുകളുള്ള ഈ തടത്തിന്റെ മൊത്ത വിസ്തൃതിയുടെ 49% താഴ്‌വരകളാണ്. വിസ്തൃതിയിൽ രണ്ടാം സ്ഥാനം 179.06 ഹെക്ടർ (27%) വരുന്നതായ വലിയ ചരിവുകൾക്കാണ്. ചെരിവു കൂടിയ പ്രദേശങ്ങൾ കൂടുതലുള്ളതിനാൽ ഈ തടത്തിൽ മണ്ണൊലിപ്പിനുള്ള സാധ്യത കൂടുലതാണ്. മുഖ്യപരിസ്ഥിതി പ്രശ്നമായ മണ്ണൊലിപ്പ് ഏറെയുള്ള ഭാഗങ്ങൾ മാക്കനൂർ, അവിയോടു ഭാഗം, പച്ചില, പൂച്ചെടിവിള, പനമ്പില, കുറ്റിങ്ങൾ, നരിക്കുഴി, പാപ്പനാട് എന്നിവയാണ്. രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന പ്രദേശങ്ങളാണ്. മക്കാന്നൂർ, ലോവർകരിക്കം, നരിക്കുഴി, പൂച്ചെടിവിള, വില്ലൂർ, നടുക്കുന്ന്.

## ജലതടം A2

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നതും പടിഞ്ഞാറേക്ക് നീതെഴുക്കു ള്ളതുമായ ഈ ജലതടത്തിന്റെ ആകെ വിസ്തൃതി 751.62 ഹെക്ടർ ആണ്. വിസ്തൃതിയിൽ ഏറ്റം വലിയതായ ഈ തടത്തെ ചെറിയ 2 തടങ്ങളായി ചേർത്തിരിക്കാവുന്നതാണ്. ഇതിൽ ഉൾപ്പെടുന്നതായ തോടിന്റെ, നീളം ഏതാണ്ട് 7.5.k.m. ഉണ്ട്. 357.10 ഹെക്ടർ ചെരിവുകളുള്ളതിൽ 263.58 ഹെക്ടർ (74%) വലിയ ചെരിവുകളാണ്. ഇതിനാൽ മണ്ണൊലിപ്പിനുള്ള സാധ്യത കൂടുതലുമാണ്. ഈ ജലതടത്തിൽ ഉൾപ്പെടുന്നതായ പ്രദേശങ്ങൾ നടക്കുന്ന്. ചെങ്ങമനാട്A, ചെങ്ങമനാട് B ചേത്തടി എന്നിവയാണ്. കൂടാതെ ഇതിൽ ഉൾപ്പെടുന്നതായ VI, VII വാർഡുകളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

## ജലതടം A3

വിസ്തൃതിയിൽ ഏറ്റം കുറവും (440.77 hect) പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്നതുമായ ഈ തടത്തിന്റെ, 54% താഴ്‌വാരങ്ങളാണ്. വലിയ ചെരിവോടുകൂടിയ പ്രദേശങ്ങൾ ആകെ വിസ്തൃതിയുടടെ 39% വരുന്നുണ്ട്. മറ്റ് രണ്ടു ജലതടനങ്ങൾ പോലെ തന്നെ ഇവിടെയും മണ്ണൊലിപ്പിന് സാധ്യത വേറെയാണ്. ആണ്ടുപൊയ്ക ഭാഗത്ത് താഴ്‌വരകളിലും പാറകൾ പ്രത്യക്ഷമായി കാണപ്പെടുന്നുണ്ട്. I- ാം വാർഡിൽ ആണ്ടു പൊയ്ക, കുഴികിഴക്കതിൽ ഭാഗം, പാറമുകൾഭാഗം എന്നിവയ്ക്കും ലോവർ കരിത്തും, പള്ളിക്കുന്നുംപുറം എന്നിവയും ഇതിൽപ്പെടുന്നു.

## ഭൂവിനിയോഗം

ഈ പഞ്ചായത്തിലെ മുഖ്യമായ കൃഷി റബ്ബർ (വിസ്തൃതി 671 ഹെക്ടർ) ആണെങ്കിലും മിശ്രിതകൃഷിയാണ് കൂടുതൽ സ്ഥലങ്ങളിലും കണ്ടു വരുന്നുണ്ട്. മിശ്രികകൃഷിയിൽ മുഖ്യമായും തെങ്ങ്, കമുക്, വാഴ, മരച്ചീനി, കുരുമുളക്, കശുമാവ് എന്നീ വിളകളാണ് ഉൾപ്പെട്ടിട്ടുള്ളത്. റബ്ബർ കൃഷി കൂടുതലായും കുന്നിൻ മുകളിലും, ഉയർന്ന സമതലങ്ങളിലും വലിയ ചെരിവുകളിലും കാണപ്പെടുമ്പോൾ മിശ്രിതകൃഷി പൊതുവായ ചെരിവുകളിലും വീടുകളോടു ചേർന്നു കാണപ്പെടുന്നു. വിശാലമായ താഴ്‌വരങ്ങൾ ഈ പ്രദേശത്ത് ഏറെയുണ്ടെങ്കിലും നെൽപാടങ്ങൾ താരതമ്യേന കുറവാണ്. നെൽപാടങ്ങൾ നികത്തി, തെങ്ങ്, വാഴ, മരച്ചീനി മുതലായ കരകൃഷിക്കായും, പാർപ്പിട സ്ഥലങ്ങളായും ഉപയോഗിക്കുന്നതിനുള്ള പ്രവണത മറ്റ് സ്ഥലങ്ങളിലെന്ന പോലെ ഇവിടെയും കണ്ടു വരുന്നു. മുനപ് ഇരുപ്പൂ കൃഷി ചെയ്യതുകൊണ്ടിരുന്നതായ നെൽപാടങ്ങ ളിൽ ജലത്തിന്റെ അഭാവം മൂലം ഇപ്പോൾ ഒരു പൂകൃഷി മാത്രമേ ചെയ്യുന്നുള്ളു. തോടുകളിൽ തടയണകൾ നിർമ്മിച്ച് ജലസേചനത്തിനായി ഉപയോഗിച്ചാൽ ഒരു പക്ഷേ മൂന്നു പൂ കൃഷി (മൂന്നാം വിളയായി പയറും മറ്റും) വരെ ചെയ്യുവാൻ പുല്ലു കൃഷിക്കായും മറ്റും പ്രയോജനപ്പെടുത്താ വുന്നതാണ്. ഭൂപടം 6. വിവിധ കൃഷികളുടെ വിസ്തൃതി ഭൂവിനിയോഗം.

| കൃഷി | വിസ്തൃതി (ഹെക്ടർ) |
|---|---|
| റബ്ബർ | 617.1 |
| മിശ്രിത കൃഷി | 877 |
| നെൽകൃഷി | 329 |
| തെങ്ങ് കൃഷി | 1.80 |
| ഉപയുക്തമായ തരിശുഭൂമി | 7.2 |
| മിശ്രിത മരങ്ങൾ | 0.6 |
| മരച്ചീനി | 16.2 |

N.B. നികത്തിയ നെൽപാടങ്ങൾ മിശ്രിതകൃഷിയും മറ്റും ഉൾപ്പെട്ടിരിക്കുന്നു.


ചിത്രം 6
ഭൂവിനിയോഗം
സൂചിക
റബ്ബർ കൃഷി
മിശ്രിത കൃഷി
തെങ്ങു കൃഷി
നെൽ കൃഷി
നികത്തിയ പാടങ്ങൾ
അവലംബം: വിഭവഭൂപടം, CESS.
76°48'
76°50'

| ഭൂരൂപങ്ങൾ | വിസ്തൃതി (ഹെക്ടർ) | ചെരിവ് | മണ്ണിന്റെ തരം | മണ്ണൊലിപ്പ് | ജലലഭ്യത | നിലവിലുള്ള ഭൂവിനിയോഗം | അസാധ്യമായ ഭൂവിനിയോഗം | പാരിസ്ഥിതിക പ്രശ്നങ്ങൾ | നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|---|
| ഉയർന്ന സമതലം | 161.49 | 5° താഴെ | ചെങ്കൽ മണ്ണ് പാറകൾ | കുറവ് | പൊതുവെ കുറവ് | റബ്ബറും,തെങ്ങും വാഴ, കമുക് മരച്ചീനി എന്നിവ ചേർന്ന മിശ്രിത കൃഷിയും | ദീർഘകാല വൃക്ഷവിള കളായ തേക്ക് കശുമാവ് എന്നി വ. റബ്ബർ,തെങ്ങ് തടതം മരച്ചീനി ഒഴിവാക്കണം | കുടിവെള്ള ക്ഷാമം | മഴവെള്ളം സംഭരിക്കുവാൻ നടപടികൾ |
| കുന്നിൻ മുകൾ | 60.53 | 5° താഴെ | ചെങ്കൽ മണ്ണ് പാറകൾ | കുറവ് | പൊതുവെ കുറവ് | റബ്ബർ. തെങ്ങ് വാഴ, കമുക്, മരച്ചീനിഎന്നിവ ചേർന്ന മിശ്രിത കൃഷി | റബ്ബർ,തെങ്ങ് തുടരാം ദീർഘ കാല വൃഷവിള കളായ തേക്ക് കശുമാവ്എന്നിവ മരച്ചീനി ഒഴിവാക്കണം | കുടിവെള്ള ക്ഷാമം | മഴവെള്ളം സംഭരിക്കുന്നതി ന് നടപടികൾ |
| മിതമായ ചെരിവുകൾ | 202.68 | 10° താഴെ | ചെങ്കൽ മണ്ണ് | മിതം | മിതം | തെങ്ങ്, വാഴ കമുക്, മരച്ചീനി എന്നിവചേർന്ന മിശ്രിതകൃഷി റബ്ബർ | റബ്ബർ, തെങ്ങ് തുടരാവുന്ന താണ് | മണ്ണൊലിപ്പ് | മരച്ചീനി ചെരി വുകളുടെമുകൾ ആണ് ഒഴിവാ ക്കണം. മണ്ണ് സംരക്ഷിക്കുന്ന തിന്നടപടികൾ സ്വീകരിക്കണം |
| വലിയ ചെരിവുകൾ | 614.97 | 10° മുകളിൽ | ചെങ്കൽ മണ്ണ് പാറകൾ | കൂടുതൽ | പൊതുവെ കുറവ് | തെങ്ങ്, വാഴ മരച്ചീനിഎന്നിവ ഉൾപ്പെട്ട മിശ്രിത കൃഷി. റബ്ബർ | റബ്ബർ, തെങ്ങ് എന്നീ ദീർഘ മായ വൃഷ വിളകൾ | മണ്ണൊലിപ്പ് കുടിവെള്ള ക്ഷാമം | മരച്ചീനി മുത ലായവ പൂർ ണ്ണമായും ഒഴി വാക്കണം. തിട്ട കൾ നിർമ്മിച്ചു വേണം കൃഷി ചെയ്യുവാൻ മണ്ണും ജലവും സംരക്ഷിക്കണം |
| താഴ്വരകർ | 812.32 | 5° താഴെ | പശിമരാശി എക്കൽ മണ്ണ് | കുറവ് | കൂടുതൽ | നെല്ല്, തെങ്ങ് വാഴ, മരച്ചീനി. ചെളിയെടുപ്പ് | നെൽകൃഷി നിലനിർത്തുക മൂന്നാംവിളയാ യിപയറും മറ്റും കൃഷിചെയ്യുക | നെൽ പാടങ്ങൾ നികത്തപ്പെ ടുന്നു. | നെൽപാടങ്ങൾ നികത്തുന്നത് നിയമംവഴി തട യാൻ നടപടി കൾ കൈക്കൊ ള്ളണം |

# കാലാവസ്ഥ

അവലംബം **(Land Resources of Kerala)**

| വർഷം | വാർഷിക വർഷപാതം മി. മീറ്ററിൽ |
|---|---|
| 1988-89 | 2337 |
| 89 - 90 | 2559 |
| 90 -91 | 2745 |
| 92 - 93 | 3265 |

1992- ലെ Average monthly rainfall - 241.6 m.m
(Land resources of Kerala)

| | തെക്കുപടിഞ്ഞാറൻ | തെക്കുവടക്കൻ |
|---|---|---|
| 1988 | 1019 | 671 |
| 89 | 1307 | 987 |
| 90 | 814 | 585 |
| 91 | 1879 | 704 |
| 92 | 1435 | 1418 |
| 93 | 1363 | 1008 |

## താപനില

| | കൂടിയ താപനില | കുറഞ്ഞ താപനില |
|---|---|---|
| 1990 | 36.7 (April) | 19.8 (January) |
| 91 | 36.6 (March) | 20.5 (December) |
| 92 | 38.5 (March) | 19.8 (January) |
| 93 | 36.7 (April) | 19.6 (January) |

# ജനപ്രകൃതി

11.4 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള പഞ്ചായത്ത് പ്രദേശത്ത് ഏകദേശം ഇരുപത്തി അയ്യായിരം മനുഷ്യർ അധിവസിക്കുന്നു. ഇതിൽ 10,140 പുരുഷന്മാരും 11,000 സ്ത്രീകകളും, 3860 ആറു വയസ്സിൽ താഴെയുള്ളവരും പെടുന്നു.

തൊണ്ണൂറു ശതമാനത്തിലധികം കൃഷിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നനവരാണ് ഇവിടെയുള്ളത്. സർക്കാർ ജോലിയുള്ളവരും മറ്റ് സ്ഥിരവരുമാനക്കാരുമായിട്ടുള്ളവർ ആകെ ജനസംഖ്യയുടെ ഒരു ശതമാനത്തിൽ താഴെ വരും. വ്യവസായങ്ങളായുള്ളത് കശുവണ്ടി മാത്രമാണ്, ഏകദേശം മൂവായിരത്തിൽ പുറത്ത് സ്ത്രീപുരുഷന്മാർ അതുമായി ബന്ധപ്പെട്ടവരുണ്ട്. അവരുടെ ജോലി ആണ്ടിൽ പത്തോ പതിനഞ്ചോ ദിവസമാണ്. അപൂർവ്വമായി ഒരു മാസമോ രണ്ടുമാസമോ ഉണ്ടാകാം. പിന്നെയുള്ളത് കൃഷി തൊഴിൽ, റബ്ബർ ടാപ്പിംഗ്, പാറപൊട്ടിക്കൽ, കെട്ടിടം പണി തുടങ്ങിയാണ്. നല്ലൊരു ശതമാനം ചെറുപ്പക്കാരും മുതിർന്നവരും പ്രത്യേക തൊഴിലൊന്നും ഇല്ലാത്തവരാണ്. അന്യ സംസ്ഥാനങ്ങളെയും ഗൾഫ് നാടുകളെയും ആശ്രയിക്കുന്ന ഒരു ചെറിയ വിഭാഗമുണ്ട്. അവരിൽ 85% വും കാര്യമായ സാമ്പത്തിന്റെ നേട്ടമില്ലാത്തവരാണ്. വലിയ കച്ചവട സ്ഥാപനങ്ങളോ ചെറുകിടയോ വൻകിടയോ ആയ വ്യവസായങ്ങളോ ഇല്ല.

| | |
|---|---|
| ആകെവിസ്തീർണം | 11.4 ച.കി.മീ. |
| ആകെ ജനസംഖ്യ | 25000 (1995) |
| പുരുഷന്മാർ | 10,140 |
| സ്ത്രീകൾ | 11,000 |
| ആറുവയസ്സിൽ താഴെ | 3860 |
| ബാക്കി | 21,140 |
| ആകെ സാക്ഷരർ | 17,168 |
| പുരുഷന്മാർ | 8519 |
| സ്ത്രീകൾ | 8649 |
| ബാക്കിയുള്ളവർ | 3972 |
| സ്ത്രീപുരുഷ അനുപാതം | 1.084 |
| സാക്ഷരതാ ശതമാനം | 81% |



# V (1) കൃഷിയും ജലസേചനവും

## ആമുഖം

കലകളുടെയും കലാക്കാരന്മാരുടെയും നാടായ കൊട്ടാരക്കര താലൂക്കിലെ കാർഷിക പ്രധാന്യമർഹിക്കുന്ന പ്രദേശമാണ് മേലില ഗ്രാമപഞ്ചായത്ത്. അതുകൊണ്ടു തന്നെ ഇവിടുത്തെ ജനങ്ങൾ നാട്ടിൻ പുറത്തിന്റെ നന്മകളുടെ വിളനിലങ്ങളാണ്. കർഷക സംസ്കാരത്തിന്റെ അന്തസ്സുറ്റ മാനോഭാവമാണ് ഇവിടുത്തെ ജനങ്ങളുടെ പെരുമാറ്റത്തിന്റെ മുഖമുദ്ര കഠിനാദ്ധ്വാനവും സത്യസന്ധതയും കൊണ്ടു മാത്രം ജീവിതത്തിന്റെ ഉന്നത ശ്രേണിയിലെത്തിയവരും ഇവിടുത്തെ കർഷക കുടുംബങ്ങളിലെ അംഗങ്ങളാണ്. നൂറ്റാണ്ടുകളായി വയലേലകളിലും പുരയിടങ്ങളിലും അദ്ധ്വാനിച്ച് ജീവിതമാർഗ്ഗം കണ്ടെത്തിയ ഒരു ജനതയെ, പുരോഗതിയുടെ പാതയിലേക്കു നയിക്കുകയാണ് ഒമ്പതാം പദ്ധതിയിലൂടെ നാം ലക്ഷ്യമാക്കുന്നത്. ജനകീയാസൂത്രണത്തിലൂടെ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ നിലവിലുള്ള കൃഷി സമ്പ്രദായങ്ങളുടെ നന്മകൾ മാത്രം ഉൾകൊള്ളുകയും, പോരായ്മകൾ പരിഹരിക്കുകയും വേണം. ഗ്രാമസഭകളിലൂടെ ഉയർന്നു കേട്ട ജനശബ്ദമാകണം മാറ്റത്തിന്റെ കാഹളം. പാരമ്പര്യ കൃഷി സമ്പ്രദായങ്ങളിൽ അനുവർത്തിച്ചു പോരുന്നതായ ജൈവസന്തുലനാവസ്ഥ നിലനിർത്തി കൊണ്ട് പരിതസ്ഥിതിയ്ക്ക് ദോഷകരമാകാത്ത രീതിയിൽ ആധുനിക ശാസ്ത്രീയകൃഷി രീതികൾ ജനങ്ങളിലേയ്ക്കെത്തിക്കണം. വളപ്രയോഗ, കീടരോഗനിയന്ത്രണങ്ങളിലും ഇത്തരത്തിലുള്ള ഒരു സമീപനം ഉണ്ടാകണം. അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും, ജലസേചന ജലനിർഗ്ഗമന സൗകര്യങ്ങളുടെ അഭാവവും, വർദ്ധിച്ച കൂലി നിരക്കുകളും, കൃഷി മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. വിത്ത്, വളം, കീടരോഗ നാശിനികൾ മുതലായ ഉല്പാദനോ പാധികളുടെ വർദ്ധിച്ച വിലയും, ഉല്പാദന ചിലവ് കൂടുവാൻ ഇടയാകുന്നു. എന്നാൽ ഉൽപ്പന്നങ്ങളുടെ വിലയിലുള്ള അനിശ്ചിതത്വം വിപണന സൗകര്യങ്ങളുടെ കുറവ് മുതലായവ കർഷകന് ശരിയായ ഒരു വില ഉല്പന്നങ്ങൾക്ക് ലഭിക്കുന്നതിന് തടസമാകുന്നു. മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ട് വേണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്.

ഈ പഞ്ചായത്ത് ഒരു കാർഷിക പ്രദേശമാണ്. കുന്നിൽപ്രദേശങ്ങളും താഴ്വരകളും ചരിവുപ്രദേശങ്ങളും ഉൾപ്പെട്ട പഞ്ചായത്തിലെ പ്രധാനകൃഷി റബ്ബറും നെല്ലുമാണ്. പഞ്ചായത്തിൽ 1830.80 ഹെക്ടർ കൃഷി ഭൂമി ഉള്ളതിൽ 1382.29 ഹെക്ടർ പുരയിടവും 367.93 ഹെക്ടർ നിലവും 81.8 ഹെക്ടർ കെട്ടിടങ്ങളും, തരിശും സ്ഥാപിതവസ്തുക്കളും ഉൾപ്പെടുന്നു. 60%ത്തിലെ ജനങ്ങൾ പ്രത്യക്ഷമായും 20% ത്തിൽ കൂടുതൽ ജനങ്ങൾ പരോക്ഷമായും കാർഷിക മേഖലയിൽ വ്യാപൃതരായിരിക്കുന്നു. പഞ്ചായത്തിലെ കർഷകരെ. പ്രധാനമായും മൂന്നായി തരം തിരിയ്ക്കാം. (കൃഷിഭവൻ രേഖകൾ)

| | കൃഷിഭൂമിയുടെ അളവ് | എണ്ണം |
|---|---|---|
| നാമമാത്രകർഷകർ | 1 ഹെക്ടറിൽ താഴെ | 10062 |
| ചെറുകിട കർഷകർ | 1 ഹെക്ടറിനു മുകളിൽ 2 ഹെക്ടറിനു താഴെ | 150 |
| വൻകിട കർഷകർ | 2 ഹെക്ടറിനു മുകളിൽ | 13. |

പഞ്ചായത്തിലെ കർഷകർ ആദ്യകാലങ്ങളിൽ നെല്ല് തെങ്ങ് എന്നീവിളകൾക്ക് പ്രാധാന്യം നൽകിയിരുന്നു. നെൽകൃഷി ലാഭകരമല്ലാതായി വന്നപ്പോഴും തെങ്ങിന്റെ രോഗം നാളികേരത്തിന്റെ വിലക്കുറവും മറ്റു കൃഷികൾ ചെയ്യുവാൻ കർഷകരെ പ്രേരിതരാക്കി. 1190.91 കാലഘട്ടത്തിൽ 350 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 250 ഹെക്ടറിൽ മാത്രമെ നെൽകൃഷി നടത്തുന്നുള്ളു.



ഇന്നത്തെ വിളയും ഉല്പാദനക്ഷമതയും

ക്രമ വിള വിസ്തീർണ്ണം ഉല്പാദനക്ഷമത

| നമ്പർ | | (ഹെക്ടർ) | (ഹെക്ടറിൽ) |
|---|---|---|---|
| 1 | നെല്ല് | 250 | 3.5 M.T |
| 2. | തെങ്ങ് | 225 | 4500 (nuts) |
| 3. | റബ്ബർ | 369 | 1.5 M.T |
| 4. | പയറുവർഗ്ഗങ്ങൾ | 50 | 3.2 ,, |
| 5. | മരച്ചീനി | 147 | 25 ,, |
| 6. | കശുമാവ് | 12 | 1.4 ,, |
| 7. | കുരുമുളക് | 13.2. | 2.5 ,, |
| 8. | ഇഞ്ചി | 25 ,, | 3.5 |
| 9. | കൈതകൃഷി | 5 ,, | |
| 10. | വാഴ | 84. ,, | 15 nuts |
| 11. | കമുക് | 38 ,, | 2.20 ലക്ഷം nuts |
| 12. | കോക്കോ | 2 ,, | |
| 13 | ജാതി, ഗ്രാമ്പു | 2 ,, | |
| 14. | പച്ചക്കറി കൃഷികൾ | 15 ,, | 6.5 M.T |
| 15. | പുൽകൃഷി | 5 ,, | 5 M.T |
| 16. | മറ്റുവിളകൾ | | |

നെൽകൃഷിയും തെങ്ങു കൃഷിയും ഒഴികെ എല്ലാവിളകളുടെയും ഉല്പാദനക്ഷമത പൊതുവെ മെച്ചപ്പെട്ടതാണ്. ജലസേചനത്തിന്റെ അഭാവവും തെങ്ങിന്റെ രോഗവുമാണ് ഇതിന്റെ ഉല്പാദനം കുറയ്ക്കാൻ കാരണം. പഞ്ചായത്തിലെ പ്രധാന കാർഷികവിളകൾ താഴെപ്പറയുന്നവയാണ്.

## നെല്ല്

1990-91 കാലഘട്ടത്തിൽ 350 ഹെക്ടർ നെൽകൃഷി ചെയ്തിരുന്ന സ്ഥാനത്ത്, 250 ഹെക്ടർ മാത്രമെ നെൽകൃഷി നടത്തുന്നുള്ളു. നെൽപ്പാടങ്ങൾ നികത്തി കെട്ടിങ്ങൾ വയ്ക്കുന്നതും റബ്ബർ, തെങ്ങ് മുതലായ ദീർഘകാലവിളകൾ കൃഷി ചെയ്യുന്നതുമാണ് പ്രധാന കാരണം. നെൽകൃഷി ലാഭകരമല്ല, എന്ന തോന്നലും ജോലിക്കാരുടെ അഭാവവും മറ്റു കൃഷികൾ ചെയ്യുവാൻ പ്രേരിപ്പിച്ച ഘടകങ്ങളാണ്. പഞ്ചായത്തിലെ കർഷകർ സങ്കരയിനം വിത്തുകളാണ് കൂടുതയലും കൃഷി ചെയ്യുന്നത്. ജ്യോതി, പവിഴം, ഓണം, ത്രിവേണി, കാഞ്ചന ധാന്യ എന്നീ വിത്തിനങ്ങൾ കൃഷിഭവൻ വഴി വിതരണം ചെയ്യുന്നത്. സങ്കരയിനം വിത്തുകളിൽ നിന്ന് 3500 കിലോ വരെ വിളവ് ഹെക്ടറിൽ ലഭിക്കുമ്പോൾ നാടൻ വിത്തിനങ്ങളിൽ നിന്നും 2500 കിലോ വരെ വിളവ് ലഭിക്കുന്നുള്ളൂ. രണ്ടാം വിളയ്ക്ക് ശേഷം (മുണ്ടകൻ) ഏകദേശം 3,4 മാസത്തോളം നെൽപ്പാടങ്ങങ്ങൾ തരിശായി ഇടാറുണ്ട്.

## തെങ്ങ്

പഞ്ചായത്തിൽ 225 ഹെക്ടർ സ്ഥലത്ത് തെങ്ങു കൃഷി ഉണ്ട്. കേരകൃഷിക്കാർ 80%വും ചെറുകിട നാമമാത്രകർഷകരാണ്. 50% കൂടുതൽ തെങ്ങുകളും നാടൻ ഇനങ്ങളാണ്. TXD, DXT, W.C.T, segregant എന്നീ ഇനത്തിൽപെട്ട ഇനങ്ങളും പ്രചരിപ്പിച്ചിട്ടുണ്ട്. ശരാശരി ഉല്പാദന ക്ഷമത തെങ്ങ് ഒന്നിന് 20 ആണ്. തെങ്ങുകളെ ബാധിക്കുന്ന കാറ്റുവീഴ്ച കൂമ്പുചീയൽ, വേരുചീയൽ എന്നിവ തെങ്ങുലുടെ ഉല്പാനക്ഷമത കുറയ്ക്കുവാൻ കാരണങ്ങളാകുന്നു.

## റബ്ബർ

പഞ്ചായത്തിലെ കൃഷിഭൂമിയുടെ 1/3ഭാഗം റബ്ബർ കൃഷി ചെയ്യുന്നു. RR11, 105 ആണ് പ്രധാനയിനങ്ങൾ. റബ്ബർ ബോർഡ് അംഗീകാരമുള്ളതും, അല്ലാത്തതുമായ സ്വകാര്യ നഴ്സറികൾ വഴി മേൽത്തരം തൈകൾ ധാരാളമായി ഉല്പാദിപ്പിയ്ക്കുകയും, വിപണനം നടത്തുകയും ചെയ്യുന്നു. റബ്ബറിന്റെ പട്ടമരവിപ്പ്, പട്ടചീയൽ എന്നിവയാണ് പ്രധാന രോഗങ്ങൾ. റബ്ബർ ഷീറ്റുകൾ തരം തിരിച്ച് വിപണം നടത്തുവാൻ പഞ്ചായത്തിൽ സൗകര്യമില്ല. റബ്ബർ സഹകരണ സംഘത്തിന്റെ അഭാവം പഞ്ചായത്തിൽ കർഷകർക്ക് റബ്ബർ ഉല്പന്നങ്ങൾക്ക് ശരിയായ വില ലഭിയ്ക്കുവാൻ തടസമാക്കുന്നു.

## മരച്ചീനി

പഞ്ചായത്തിൽ ഇപ്പോൾ മരച്ചീനി കൃഷി വ്യാപകമായി കൃഷി ചെയ്തു വരുന്നു. നെൽപ്പാടങ്ങളിലാണ് കൂടുതലും മരച്ചീനി കൂടുതൽ കൃഷി ചെയ്യുന്നത്. പഞ്ചായത്തിലെ കർഷകർ വികസിപ്പിച്ചെടുത്ത ഉല്പാനശേഷിയുള്ളയിനങ്ങൾ കർഷകർ ധാരാളമായി

ഉപയോഗിച്ചു വരുന്നു. പഞ്ചായത്തിലെ ചെങ്ങമനാട് വാർഡിൽ നീലാംവിള വീട്ടിൽ ശ്രീ കൊച്ചുമ്മൻ തന്റെ അനേകവർഷത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി വികസിപ്പിച്ചെടുത്ത ഈ ഇനം മരച്ചീനിയ്ക്ക് ഉമ്മൻചീനി എന്നാണ് അദ്ദേഹം നാമകരണം ചെയ്തിട്ടുള്ളത്. നടീൽ കഴിഞ്ഞ് ആറുമാസം കൊണ്ട് വിളവെടുപ്പിന് പാകമാകുന്നതാണ് ഈ ഇനം. മരച്ചീനി കൃഷിയിൽ ഒരു പുതിയ സംരംഭം തന്നെയായിരുന്നു ഉമ്മൻചീനിയുടെ കണ്ടുപിടിത്തം.

## കുരുമുളക്

പ്രധാന ഇനം കരിമുണ്ട, കരിയിലാഞ്ചി, കൊറ്റനാടൻ, എന്നീ ഇനങ്ങളും പന്നിയൂർ 1, എന്ന ഇനവും പ്രചരിച്ചിട്ടുണ്ട്. 13.2 ഹെക്ടറിൽ കൃഷി ചെയ്തു വരുന്ന കുരുമുളകിന്റെ ഉല്പാദനം ശരാശരി 2.5. ടൺ ആണ്. ആധുനിക കൃഷി സമ്പ്രദായത്തിന്റെ അഭാവവും ദ്രുതവാട്ടം ചെള്ള്, വണ്ട് എന്നിവയുടെ ആക്രമണവും ഉല്പാദനം കുറയ്ക്കുവാൻ കാരണമായിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിൽ കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൃഷിഭവൻ വഴി നടപ്പിലാക്കി വരുന്നുണ്ട്. മേൽത്തരം വേരുപിടിപ്പിച്ച തൈകളും വിതരണം ചെയ്യുന്നു. ശാസ്ത്രീയകൃഷിയും വിപണന സൗകര്യവും ഉണ്ടെങ്കിൽ ഈ കൃഷിയുടെ ഗുണമേന്മനിലനിർത്തുവാനും വർദ്ധിപ്പിയ്ക്കുവാനും കഴിയും.

## കർഷക സംരംഭങ്ങൾ

നെൽകൃഷി ഗ്രൂപ്പ് ഫാമിംഗ് സമിതികൾ
(കൃഷിഭവൻ രേഖകൾ)

1990-91 കാലയളവിൽ 8 ഗ്രൂപ്പ് ഫാമിംഗ് പദ്ധതികൾ രജിസ്റ്റർ ചെയ്തു.

| ക്രമ നമ്പർ | സമതിയുടെ പേര് | വിസ്തീർണ്ണം | കർഷകരുടെ എണ്ണം |
|---|---|---|---|
| 1 | ഗ്രൂപ്പ് ഫാമിംഗ് സമിതി മേലില | 84 | 296 |
| 2 | ചേത്തടി ഗ്രൂപ്പ് ഫാമിംഗ് സമതി | 32 | 140 |
| 3. | ഗ്രൂപ്പ് ഫാമിംഗ് സമതി കുണ്ടാപുത്തൂർവിള്ളൂർ | 40 | 175 |
| 4 | ഗ്രൂപ്പു ഫാമിംഗ് സമിതി പട്ടമല നടുക്കുന്ന് | 32 | 80 |
| 5. | ഗ്രൂപ്പ് ഫാമിംഗ് സമതി കടമ്പ്രാ മേലില പടിഞ്ഞാറ് | 30 | 80 |
| 6. | ഗ്രൂപ്പ് ഫാമിംഗ് സമതി ചെങ്ങമനാട് | 60 | 215 |
| 7 | ഗ്രൂപ്പ് ഫാമിംഗ് സമതി ഐപ്പള്ളൂർ | 52 | 160 |
| 8. | ഗ്രൂപ്പ് ഫാമിംഗ് സമതി ഇരുങ്ങൂർ | 66 | 187 |
| | ആകെ | 396 | 1333 |

തുടക്കത്തിൽ കുറെയൊക്കെ കൂട്ടായി പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ കൃഷി ഭവനിലൂടെ എന്തെങ്കിലും സൗജന്യം ഉണ്ടെങ്കിൽ വാങ്ങി എടുക്കാൻ മാത്രമെ ഈ സമിതികൾ ഉപയോഗപ്പെടുന്നുള്ളു. പഞ്ചായത്തിൽ ചെങ്ങമനാട് ഗ്രൂപ്പ് ഫാമിംഗ് സമതിക്ക് സൗജന്യനിരക്കിൽ അനുവദിച്ച പൗവ്വർട്രില്ലർ ഒന്നുമാത്രമാണ് നെൽപ്പാടങ്ങൾ ഉഴുവാനുള്ള ഏക ആശ്രയം. ഗ്രൂപ്പ് ഫാമിംഗ് സമതികളിൽ ഗ്രൂപ്പ് ഫാമിംഗ് സമതി മേലില, കുണ്ടാപുത്തൂർ, കടമ്പാറ, ഐപ്പള്ളൂർ എന്നീ സമതികൾ മാത്രമെ രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള.

## പച്ചക്കറികൃഷി

പാവൽ, പടവലം, പയർ, വെണ്ട, വെള്ളരി, ചീര തുടങ്ങിയ ഇനങ്ങൾ ഈ പഞ്ചായത്തിൽ കൃഷി ചെയ്തു വരുന്നു. വിപണന സൗകര്യക്കുറവു മൂലം കർഷകർക്ക് പലപ്പോഴും യഥാർത്ഥ വില ലഭിക്കുന്നില്ലായെന്നു മാത്രമല്ല, കർഷകർ ഈ മേഖലയിൽ നിന്ന് വിമുഖതരാവുകയും ചെയ്യുന്നു. കൃഷിഭവന്റെ നേതൃത്വത്തിൽ സ്കൂൾ വളപ്പിൽ പച്ചക്കറി കൃഷി ചെയ്തതിൽ നിന്ന് 1995-95 വർഷത്തിൽ ജില്ലാ അടിസ്ഥാനത്തിൽ പഞ്ചായത്തിന് രണ്ടാം സ്ഥാനം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ പദ്ധതികൾ തയ്യാറാക്കി ഓരോ വീട്ടിലും ഒരു അടുക്കള തോട്ടം എന്നീ രീതിയിൽ കർഷകരെ സജ്ജരാക്കി ബോധവൽക്കരണപ്രവർത്തനവും നടത്തേണ്ടതാണ്.

## പഴവർഗ്ഗ കൃഷി

സംഘടിത മേഖലയിൽ ഈ കൃഷി നടക്കുന്നില്ല. പ്രധാനമായും നടക്കുന്നത് വഴകൃഷിയാണ്. ഏത്തവാഴ, റോബസ്റ്റ എന്നിയിനങ്ങളാണ് കൂടുതൽ കൃഷി ചെയ്യുന്നത്. കാലവർഷക്കെടുതിയിൽ ഉണ്ടാകുന്ന പ്രകൃതി ക്ഷോഭം എല്ലാവർഷവും വാഴകൃഷി കർഷകർക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ട്. കൈതകൃഷിയും പൊതുവെ കുറവാണ്. ചരിവുള്ള പ്രദേശങ്ങളിൽ മണ്ണൊലിപ്പിന് എതിരായും, തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായും കൈതകൃഷി വ്യാപിപ്പിയ്ക്കാവുന്നതാണ്.

## വളപ്രയോഗം

ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ എട്ടും വളം വില്പന കേന്ദ്രങ്ങളുണ്ട്. ഇവയിൽ സഹകരണ മേഖലയിലുള്ള വിപണകേന്ദ്രം വഴിയും കൃഷിഭവൻ വഴിയും സസ്യസംരക്ഷണ വസ്തുക്കൾ വിതരണം നടത്തുന്നുണ്ട്. രാസവളത്തിന്റെ ഉപയോഗം കുറഞ്ഞു വരുന്നതായും കീടനാശിനികളുടെ ഉപയോഗം കൂടി വരുന്നതായും കാണുന്നു. രാസവളത്തിന്റെ വിലവർദ്ധനവും, ജൈവവളത്തിന്റെ പ്രാധാന്യവും കർഷകർക്ക് ബോധ്യമാകുന്നതില്ല. എന്നാണ് ഇതിൽ നിന്നും മനസിലാക്കേണ്ടത്. ജൈവവളത്തിന്റെ ഉല്പാദനവും ഉപയോഗവും സംഘടിതമായി വർദ്ധിപ്പിയ്ക്കേണ്ടിയിരിക്കുന്നു.

## കേരവികസന സമതി

പഞ്ചായത്തിൽ 1995 ൽ ഒരു കേരസമതി രൂപീകരിച്ച് 253/95 dt. 8.3.95 നമ്പരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമതി രൂപീകരിക്കുന്നതിനുവേണ്ടി വാർഡുതലത്തിൽ നിലനിന്നിരുന്ന കേരസമതികൾ, വികസന സമതികൾ എന്നിവയിൽ നിന്നും അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മറ്റി രൂപീകരിച്ചു. സ്ഥിരം കമ്മറ്റിയെ തെരഞ്ഞെടുക്കുവാൻ കഴിഞ്ഞിട്ടില്ല. കൃഷിഭവനിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ ഗുണം മാത്രമെ സമതി അംഗങ്ങൾക്കു ഇപ്പോൾ ലഭിയ്ക്കുന്നുള്ളു. ഈ പഞ്ചായത്തിലെ തെങ്ങുകൃഷി വികസനത്തിനു വേണ്ടി പല പദ്ധതികളും സമതിയിൽ കൂടി നടപ്പിലാക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ 575 അംഗങ്ങളാണ് സമതിയിൽ ഉള്ളത്. തെങ്ങുകൃഷി ജലസേചനത്തിനായി കിണർ കുഴിക്കുന്നതിനായും പമ്പു സെറ്റ് സ്ഥാപിക്കുന്നതിനും സബ്സിഡി ഇനത്തിന് സാമ്പത്തികസഹായം വിതരണം ചെയ്യുന്നുണ്ട്. രാസവളകിറ്റുകളും വിതരണം ചെയ്യുന്നു. രോഗബാധിതങ്ങളായ തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനുള്ള പദ്ധതി അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## പ്രത്യേക ഘടകപദ്ധതി

പ്രത്യേക പദ്ധതി പ്രകാരം പട്ടികജാതി കോളനികളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പഞ്ചായത്തിലെ പത്ത് വാർഡുകളിലും കോളനികൾ ഉണ്ട്. എല്ലാ കോളനികളിലും നടീൽ വസ്തുക്കൾ, കിണർ, ഫാം ഹൗസ് നിർമ്മാണം എന്നിവയ്ക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. മൈലാടുംപ്പാറ ഐ.ഡി.പി. കോളനിയിൽ വിവിധ പദ്ധതി നടപ്പു വർഷത്തിൽ നടത്തി വരുന്നു.

## പ്രത്യേക തൊഴിൽ ദാനപദ്ധതി

പഞ്ചായത്തിൽ 107 പേരെ ഈ പദ്ധതിയിൽ അംഗങ്ങളാക്കിയിട്ടുണ്ട്. 1000 രൂപ അടച്ച് അംഗത്വം എടുത്തെങ്കിലും ആരും തന്നെ ഇതിൽ പ്രകാരം സ്വയം തൊഴിലിൽ ഏർപ്പെട്ടതായി കാണാൻ കഴിയുന്നില്ല. പദ്ധതി നടത്തിപ്പിന് വായ്പ ലഭിയ്ക്കാനുള്ള ബുദ്ധിമുട്ടാണ് ഇതിനുള്ള കാരണം.

## ഗ്രാമസഭാറിപ്പോർട്ട് ഒരു അവലോകനം

1. ചെരിവുകൾ, താഴ്‌വരകൾ, ചതപ്പുനിലങ്ങൾ
2. ഒരോ ഇനം ഭൂമിയും മൊത്തം എത്രയോ

ചരിവുകൾ 40%

താഴ്‌വരകൾ 30%

ചതപ്പുനിലങ്ങൾ 20%

3. പ്രധാന മൺതരങ്ങൾ ചെങ്കൽമണ്ണ്, മണൽമണ്ണ്, മണൽ കലർന്ന പരിമരാശി മണ്ണ്.

4. ഒരോയിനം മണ്ണിന്റെയും ഗുണനിലവാരം

പൊതുവെ വളകുറവ് ഉള്ളതാണ്. ജൈവ വളപ്രയോഗത്തിലൂടെ ഫലപുഷ്ടി വർദ്ധിപ്പിക്കാം.

അമ്ലത്വമുള്ള മണ്ണാണ്.

5. പഞ്ചായത്തിലെ തോടുകൾ

| | |
|---|---|
| ഐപ്പള്ളൂർ | കാരായിക്കോട് തോട്, വലിയ തോട് |
| കിഴക്കേതെരുവ് | പട്ടമലതോട്, ഐപ്പള്ളൂർ തോട് |
| ഇരുങ്ങൂർ | പാലക്കോട്ട് കെപ്പാറതോട്, വള്ളിത്തറതോട് |
| ചെങ്ങമനാട് A | ഇരുവേലിക്കൽ തോട് |
| ചെങ്ങമനാട് B | കുമ്പീക്കോട് തോട്, നീലാവിള പട്ടമല തോട് |
| നടുക്കുന്ന് | പട്ടമലതോട്, കുമ്പീക്കോട് തോട് |
| ചേത്തടി | മഠത്തിൽ വാതുക്കൽ തോട്, പനമ്പീല തോട്, വില്ലൂർ ആനൂർ പുത്തൻറോഡ് പെരുവണ്ണൂർ ഏലാ തോട് |
| മൈലാടുംപ്പാറ | കടമ്പ്ര ഏലാതോട്, മൂലവട്ടം തോട് |
| മേലില | കോട്ടവട്ടം കാരാണിതോട്, കുണ്ടാപാലം കാരാണിതോട്, മാക്കന്നൂർ കാരാണിതോട്, പ്ലാതിരി പ്ലാവറക്കട തോട്, ചണ്ണയ്ക്കവയൽ കാരാണി തോട് |

6. തോടുകളിൽ ഏതുമാസം വരെ സാധാരണയായി വെള്ളമുണ്ടാകാറുണ്ട്. ജൂൺ, ജൂലൈ മാസം മുതൽ ഡിസംബർ ജനുവരി വരെ.

## ക്രോസ്ബാറുകൾ

| | |
|---|---|
| ഐപ്പള്ളൂർ | 1 എണ്ണം |
| കിഴക്കേതെരുവ് | 5 എണ്ണം |
| ഇരുങ്ങൂർ | ഇല്ല |
| ചെങ്ങമനാട് A | 3 എണ്ണം |
| ചെങ്ങമനാട് B | 5 എണ്ണം |
| നടുക്കുന്ന് | 2 എണ്ണം |
| ചെത്തടി | 3 എണ്ണം |
| വില്ലൂർ | 5 എണ്ണം |
| മൈലാടംപ്പാറ | ഇല്ല. |
| മേലില | 5 എണ്ണം |

8. കൃത്യമായി പലക ഇടാറുണ്ടോ? ഇല്ല. പഞ്ചായത്തിൽ പത്താം വാർഡ് മേലില 2 ക്രോസ്ബാറിൽ പലക ഇടാറുണ്ട്.

9. എവിടെക്കെയാണ് വറ്റാത്ത വലിയ കുളങ്ങളുള്ളത്.

| | |
|---|---|
| കിഴക്കേതെരുവ് | 1 പള്ളിമുക്ക് ചന്തയ്ക്കു താഴെവശം |
| ഇരുള്ളൂർ | 1 താഴമംഗലം |
| ചെങ്ങമനാട്A | 2 മുല്ലശ്ശേരിക്കുളം കുഴിക്കേൽ കുളം |
| ചെങ്ങമനാട്B | ഇല്ല |
| നടുക്കുന്ന് | 2 എണ്ണം പതിക്കോട്ചിറ, കോക്കുളത്തുചിറ |
| ചേത്തടി | 2 എണ്ണം മഠത്തിൽചിറ, വില്ലൂർ ചിറ |
| വില്ലൂർ | 4 എണ്ണം പാറപ്പാട്ടിൽ കുളം |
| മൈലാടുംപ്പാറ | 1 എണ്ണം മുക്കോട്ട് ചിറ |
| മേലില | ഇല്ല. |

## 10. മുഖ്യവിളകൾ

നെല്ല്, റബർ, തെങ്ങ്, മരച്ചീനി, വാഴ, കശുമാവ്, ഇടവിളകൾ

വാഴ, ഇഞ്ചി, കുരുമുളക് കമുക് സുഗന്ധവിളകൾ ചെറുകിഴങ്ങു വർഗ്ഗങ്ങൾ മുതലായവ.

## നെൽപാടങ്ങളിലെ പ്രധാനവിളകൾ

| | |
|---|---|
| ഒന്നാം വിള വിരിപ്പ് | നെല്ല് |
| രണ്ടാം വിള മുണ്ടകൻ | നെല്ല് |
| മൂന്നാം വിള പുഞ്ച | നെൽകൃഷി ഇല്ല. പയർ, പച്ചക്കറി, എള്ള്, വാഴ. |

12. ഏതൊക്കെ ഭാഗത്താണ് തരിശുഭൂമിയുള്ളത്. തരിശുഭൂമി ഇല്ല.

13. കൂലി നിരക്ക്

പുരുഷൻ 80

സ്ത്രീ 60

14. മണ്ണ് പരിശോധന നടത്തിയിട്ടുണ്ടോ

ഉണ്ട്. മണ്ണ് പരിശോധന മെച്ചപ്പെടുത്തണം.

B വിഭാഗം

1. ഏതൊക്കെ പ്രദേശത്താണ് ഒരോവിളയും മോശമായിരിക്കുന്ന്.

പൊതുവെ വിളകൾ മോശമാണ്.

3. വിളമോശമായിരിക്കാനുള്ള പ്രത്യേക കാരണം

മണ്ണിന്റെ ഫലപുഷ്ടിക്കുറവ്, ജലസേചനത്തിന്റെ അപര്യാപ്തത.

4. ഏത് വിളയുടെ കൃഷിയാണ് കൂടിക്കൊണ്ടിരിക്കുന്നത്? ഏതാണ് കുറഞ്ഞുകൊണ്ടിരിക്കുന്നത്?

റബർ കൃഷി കൂടുന്നു. നെൽകൃഷി കുറയുന്നു.

5. കൃഷിയെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ?

നെല്ല് - ബ്ലാസ്റ്റ്, ബ്ലൂയിറ്റ്.

തെങ്ങ് - കാറ്റുവീഴ്ച കൂമ്പുചീയൽ, മഹാളി

വാഴ - കുറുനാമ്പ് രോഗം, ഇലമഞ്ഞളിപ്പ്

റബ്ബർ - പട്ടമരവിപ്പ്, പെണിരെലിപ്പ്

കുരുമുളക് - ദ്രുതവാട്ട

6. ഉപയോഗിക്കുന്ന വളം, കീടനാശിനി ഇവ ഏതു തരത്തിലുള്ളതാണ്.

ജൈവവളങ്ങളും രാസവളങ്ങളും, ജൈവകീടനാശിനികൾ പ്രചാരിത്തിൽ വരുന്നു.

7. നിലവിലുള്ള കൃഷിയുടെ വിളവ് വർദ്ധിപ്പിക്കാൻ എന്തൊക്കെയാണ് ചെയ്യേണ്ടത്?

ജൈവവളത്തിന്റെ ഉല്പാദനവും പ്രയോഗവും വർദ്ധിപ്പിക്കുക. ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അത്യുല്പാദനശേഷിയുള്ള വിത്തുകളും, തൈകളും, കർഷകർക്ക് സമയാസമയങ്ങളിൽ ലഭ്യമാക്കുക. സഞ്ചരിക്കുന്ന മണ്ണു പരിശോധന കേന്ദ്രത്തിന്റെ സേവനം ഉറപ്പു വരുത്തുക, ഗ്രൂപ്പ് ഫാമിംഗ് സൗകര്യം മെച്ചപ്പെടുത്തുക, നിലം നികത്തി ദീർഘകാലവിളകൾ കൃഷി ചെയ്യുന്നത് നിയന്ത്രിക്കുക, രാസവളത്തിന്റെ വില ഗണ്യമായി കുറയ്ക്കുക, കാർഷിക വായ്പ ഉദാരമാക്കുക, വിള ഇൻഷ്വറൻസ് സൗകര്യം മെച്ചപ്പെടുത്തുക, കൃഷിഭവന്റെ സേവനം മെച്ചപ്പെടുത്തുക, കാർഷിക വിളകൾക്ക് വിപണന കേന്ദ്രങ്ങൾ തുറക്കുക. കാർഷികവിളമത്സരവും വിള പ്രദർശനവും നടത്തുക.

8. പ്രദേശത്ത് ലാഭകരമായി കൃഷി ചെയ്യാവുന്ന വിളകൾ?

റബ്ബർ, വാഴ, മരച്ചീനി.

9. പാടങ്ങളുടെ വിസ്തീർണ്ണം 10 വർഷം മുമ്പ് ഉള്ളതിന് നിന്ന് കുറഞ്ഞിട്ടുണ്ടോ?

ഉണ്ട്. 1/3ഭാഗം കുറഞ്ഞിട്ടുണ്ട്.

10. ഏതൊക്കെ ഭാഗത്താണ് കൃഷിക്കു വേണ്ടത്ര വെള്ളം കിട്ടാത്തത്?

പഞ്ചായത്തിൽ പൊതുവെ വേനലിന്റെ തുടക്കം മുതൽ ജലത്തിന്റെ കുറവ് ഉണ്ടാകാറുണ്ട്.

11. കൃഷിഭവന്റെ സഹായങ്ങൾ വേണ്ട വിധത്തിൽ ലഭിക്കാറുണ്ടോ?

ഉണ്ട്. പര്യാപ്തമല്ല.

12. കർഷക തൊഴിലാളികൾ വേണ്ടത്രയുണ്ടോ?

ഇല്ല.

13. മാർക്കറ്റുകൾ

പുനലൂർ, കലയപുരം, അഞ്ചൽ, പത്ത നാപുരം

14. എവിടെയെക്കൊയാണ് കുളങ്ങൾ കുഴിയ്ക്കാൻ സാധ്യതയുള്ളത്.

ഐപ്പള്ളൂർ ചുരയ്ക്കാട്ട് വയലിന്റെ മുകൾഭാഗം

കിഴക്കേതെരുവ് അറപ്പുര ഏലായിലെ നികന്നകുളം

ഇരുങ്ങൂർ കുരാക്കോട്ട് പാലക്കോട്

ചെങ്ങമനാട്A ഇല്ല

ചെങ്ങമനാട്B ഇല്ല

നടുക്കുന്ന് കോയിക്കൽ ഏലാ, കോക്കളത്ത് ഏല, മുരിക്കുടത്തു കോണത്തു ഏലായുടെ തലയ്ക്കൽ

ചേത്തടി ഇല്ല

വില്ലൂർ പുത്തൂർ ഏലായുടെ തലയ്ക്കൽ

മൈലാടംപ്പാറ കടമ്പ്രാ ഏലായുടെ തലയ്ക്കൽ

മേലില ഇല്ല.

15. കാർഷിക വരുമാനം മാത്രം കണക്കാക്കി ജീവിക്കുന്ന കുടുംബങ്ങളുടെ എണ്ണം

60 മുതൽ 65% വരെ

16. നീർക്കെട്ട് അനുഭവപ്പെടുന്ന സ്ഥലം

പത്താം വാർഡ് മേലില മണിയറ ഏലായിൽ

## കാർഷികമേഖലയിലെ പ്രശ്നങ്ങൾ

*1. ഗുണനിലവാരമുള്ള വിത്ത്/തൈകൾ മുതലായവയുടെ ദൗർബല്യം*

കർഷകർക്ക് ആവശ്യമുള്ള അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും മറ്റു തൈകളും ഇന്ന് യഥേഷ്ടം ലഭിക്കുന്നില്ല. ലഭ്യമാകുന്നവ തന്നെ ആവശ്യമുള്ള സമയത്ത് ലഭിക്കുന്നില്ല. കൃഷിയുടെ സീസണുകളിൽ തന്നെ വിത്തിനങ്ങളും തൈകളും ലഭ്യമായില്ലെങ്കിൽ കാർഷികമേഖലയിലെ പ്രാഥമികാവശ്യം പോലും നിറവേറ്റപ്പെടുന്നില്ല എന്നുള്ളതാണ് വസ്തുത.

*ഉല്പാദനോപാധികളുടെ വിലവർദ്ധവ്*

പ്രധാനപ്പെട്ട ഉല്പാദനോപാധികളായ വിത്ത് വളം, കീടനാശിനികൾ മുതലായവയുടെ വിലയിലുണ്ടായ വർദ്ധനവ് കാർഷികമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇവയുടെ വില വർദ്ധനവ് ഉല്പാദന ചിലവ് കൂടുക മാത്രമല്ല ശരിയായ അളവിൽ ഇവയെ ഉപയോഗിക്കുന്നതിൽ നിന്നും തടസപ്പെടുത്തുകയും ചെയ്യുന്നു. ശരിയായ അളവിൽ ഉല്പാദനോപാധികൾ ഉപയോഗിച്ചെങ്കിൽ മാത്രമേ ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളു.

*അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത*

കൃഷി ഒരു ഉല്പാദന പ്രക്രിയ ആയതിനാൽ ഉല്പാദനോപാധികൾ കൃഷിയിടങ്ങളിൽ എത്തിക്കുന്നതിനു വേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ അത്യന്താപേക്ഷിതമാണ്. വയലുകളിൽ യന്ത്രങ്ങൾ ഇറക്കുന്നതിനാവശ്യമായ റോഡുകൾ മുതലായവയുടെ അപര്യാപ്ത കൃഷി ചെലവ് കൂടുന്നതിന് ഇടയാകുന്നു. കൃഷിചിലവിന്റെ നല്ലൊരു ഭാഗവും ചുമട്ടു കൂലിയായി മാറ്റപ്പെടുന്നു. ഇത് ഉല്പാദനപ്രക്രിയയിൽ ഉപയോഗിക്കപ്പെടാത്തതിനാൽ രണ്ടുരീതിയിൽ നഷ്ടമുണ്ടാകുന്നു.

*4. കാർഷികമേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം*

തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകളുള്ള വ്യവസായിക മേഖലകളി

ലേക്ക് അവർ ആകർഷിക്കപ്പെടുന്നതിനാൽ കാർഷിക മേഖലയിൽ തൊഴിലാളികളുടെ ദൗലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നു. ഉദാഹരണമായി കശുവണ്ടി വ്യവസായത്തിലേക്കു സ്ത്രീ തൊഴിലാളികളുടെ മാറ്റം. അതുപോലെ തന്നെ പ്രത്യേക തരം തൊഴിലിൽ ഏർപ്പെടുന്ന വിദഗ്ദ്ധ തൊഴിലാളിക്കും ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം കണക്കിലെടുക്കേണ്ടതായുണ്ട്.

*5. വർദ്ധിച്ച കൂലി നിരക്കുകളും യന്ത്രവാടകയും.*

തൊഴിലാളികളുടെ കൂലി നിരക്കിലുണ്ടായ വർദ്ധനവ് കൃഷിചിലവ് സാരമായി ഉയർത്തിയിട്ടുണ്ട്. യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും വാടകയിനത്തിൽ വലിയ ചെലവുണ്ടാക്കുന്നു. ഇത് യനത്രവൽക്കരണത്തിന് തടസമാകുന്നതിനാൽ കാർഷിക ഉല്പാദന ചിലവ് വർദ്ധിയ്ക്കാൻ അവസരങ്ങൾ ഉണ്ടാകുന്നു.

*6. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.*

കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി ജലസേചനവും ജലനിർഗ്ഗമനവും സാധ്യമാക്കിയെങ്കിൽ മാത്രമെ കാർഷികമേഖലയിൽ ഉല്പാദനവർദ്ധവ് ഉണ്ടാവുകയുള്ളു. നിർഭാഗ്യവശാൽ ഈ സൗകര്യങ്ങൾ ഇന്ന് വളരെ അപര്യപ്തമാണ്. ഉള്ള സൗകര്യങ്ങൾ പൂർണ്ണമായി ഉപയോഗിക്കുവാനും കഴിയുന്നില്ല. കാലവസ്ഥയെ മാത്രം ആശ്രയിച്ചുള്ള കൃഷി കാർഷിക മേഖലയുടെ വളർച്ചയ്ക്കു എന്നും തടസമായിട്ടുണ്ട്.

*7. വിപണനസൗകര്യക്കുറവും വിലയുടെ അനിശ്ചിതത്വം.*

കർഷകർ ഉല്പാദിപ്പിക്കുന്ന വിളകൾ യഥാസമയം വിപണനം ചെയ്യുന്നതിനും അവർക്കു ന്യായമായ വില ലഭിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഇന്നു കുറവാണ്. വിലകളിലുണ്ടാവുന്ന അനിശ്ചിതത്വം കുറഞ്ഞ വിലയ്ക്ക് കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്നു. ആയതിനാൽ ന്യായമായ വില ഉറപ്പുവരുത്തുവാൻ കർഷകർക്ക് സാധിക്കുന്നില്ല. ഉല്പന്നങ്ങൾക്ക് സ്ഥിരമായ വിപണിയും ഇന്ന് ഇല്ല. വിളവെടുപ്പ് സീസണിൽ ഉല്പന്നങ്ങൾക്ക് വില കുറവ് അനുഭവപ്പെടുന്നു. മധ്യവർത്തികളിൽ കൂടിയുള്ള വിപണനവും കർഷകർക്ക് നഷ്ടമുണ്ടാകുന്നു.

*8. യന്ത്രവൽക്കരണത്തിനുള്ള തടസ്സങ്ങൾ*

യന്ത്രങ്ങളുടെ ദൗലഭ്യവും അവ ഉപയോഗിക്കുവാൻ പരിശീലനം ലഭിച്ചവരുടെക കുറവും യന്ത്രവൽക്കണത്തിന് പ്രധാന തടസ്സങ്ങളാണ്. ചെറിയ കൃഷിയിടങ്ങൾക്ക് അനുയോജ്യമായ യന്ത്രങ്ങളും തുലോംപരിമിതങ്ങളാണ്. കൃഷിയിടങ്ങളിൽ വൈദ്യുതിയുടെ അഭാവം വിദ്യുച്ഛക്തി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് തടസ്സമാകുന്നു.

*9. ഉല്പന്ന സംസ്ക്കരണസൗകര്യങ്ങളുടെ കുറവ്*

കർഷകർ ഉല്പാദിപ്പിക്കുന്ന വിളകൾ സംസ്കരണത്തിനു ശേഷം മൂല്യം വർദ്ധിച്ച ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള സൗകര്യങ്ങളുടെ കുറവുമൂലം വിളകളായയി തന്നെ വിറ്റഴിക്കപ്പെടുന്നു. അതുപോലെ സംസ്കരിച്ച് ശേഖരിച്ച് ആവശ്യാനുസരണം വില്ക്കുവാനുള്ള സൗകര്യങ്ങളും ഇല്ല. ഇതുമൂലം ഉല്പന്നങ്ങൾക്ക് ശരിയായ വില ലഭിക്കുവാൻ കഴിയുന്നില്ല. ഉല്പാദന സീസണിൽ വില സാരമായി കുറയുകയും ചെയ്യുന്നു.

## 9-ാം പദ്ധതിയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ പ്രശ്നപരിഹാരങ്ങൾ

### 1. ഗുണനിലവരാമുള്ള വിത്ത്/തൈകളുടെ ഉല്പാദനവും വിതരണവും

നമ്മുടെ പഞ്ചായത്തിലെ കർഷകർഢ്ക് ആവശ്യമുള്ള വിത്തുകളും തൈകളും കൃഷിവകുപ്പിൽ നിന്നും ലഭിക്കുന്നതു കൂടാതെ മികച്ച കർഷകരെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നല്കി ആവശ്യാനുസരണം ഉല്പാദിപ്പിക്കുക. അങ്ങനെ ഉല്പാദിപ്പിക്കുന്നവ പഞ്ചായത്തിന്റെയും കൃഷിഭവനിലെ ജീവനക്കാരുടെയും മേൽനോട്ടത്തിൽ തക്കസമയത്ത് തന്നെ വിതരണം ചെയ്യുക.

2. ഉല്പാദനോപാധികളുടെ വിലനിയന്ത്രണം.

മെച്ചപ്പെട്ട വിത്തിനങ്ങളും തൈകളും പ്രാദേശികമായി ഉല്പാദിപ്പിക്കുമ്പോൾ ഇവയുടെ വില അമിതമായി വർദ്ധിക്കാതെ നിയന്ത്രിക്കാവുന്നതാണ്. രാസവളങ്ങളുടെയും കീടനാശിനികളുടെയും സ്ഥാനത്ത് ജൈവവളങ്ങൾ (കൃഷിക്കാർ തന്നെ ഉല്പാദിപ്പിച്ചത് കമ്പോസ്റ്റ്) ജൈവകീടനാശിനികൾ ഒന്നിലധികം വിളകൾക്കുപയോഗിക്കാവുന്ന കീനാശിനികൾ, മരുന്നു തളിയിൽ കൂട്ടായ പ്രവർത്തനങ്ങൾ എന്നിവയിൽ കൂടി ഉല്പാദന ചിലവ് കുറയ്ക്കുക. ഗവൺമെന്റ് ധനസഹാ.ങ്ങൾ പ്രയോജനപ്പെടുത്തുക വഴി കർഷകരുടെ മേലുള്ള അധിക ഭാരം കുറയ്ക്കാവുന്നതാണ്.

3. അടിസ്ഥാന സൗകര്യങ്ങൾ

പഞ്ചായത്തിനു ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് കാർഷികമേഖലയ്ക്ക് മുൻഗണന നല്കി കൃഷിയിടങ്ങളിലേക്കും നെൽവയലുകളിലേക്കും റോഡുകൾ, റാമ്പുകൾ മുതലായ നിർമ്മിക്കുക കർഷകരുടെ സഹകരണസംഘങ്ങൾ വഴി വളം, കീടനാശിനികൾ മുതലായവ പാടശേഖങ്ങളിൽ നേരിട്ടെത്തിക്കുക. ഗതാഗതസൗകര്യങ്ങൾ വർദ്ധിപ്പിക്കുക. മുതലായവയ്ക്ക് പദ്ധതിയിൽ കൂടുതൽ ഊന്നൽ കൊടുക്കാവുന്നതാണ്.

4. കുടുംബാഗങ്ങളുടെ കൂട്ടായ പ്രവർത്തനം തൊഴിലാളികളുടെ വിഭജനവും

കാർഷികമേഖലയിലെ പരമ്പരാഗത കുടുംബങ്ങളിലെ അംഗങ്ങളെ കൃഷി ജോലിയിൽ ഉൾപ്പെടുത്തുക. ഇതിനാവശ്യമായ ബോധവൽക്കരണം വാർഡുതലത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടത്തുക. കാർഷികവൃത്തിയുടെ മാന്യത ബോധ്യപ്പെടുത്തുന്നതിന് കർഷകനെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുക വിദഗ്ദ്ധതൊഴിലാളികളെ ആവശ്യമുള്ള മേഖലകളിൽ തൊഴിൽ രഹിതരായ യുവാക്കൾക്ക് പരിശീലനം നല്കുക. വ്യവസായ സംരംഭങ്ങളിൽ തൊഴിൽ ദിനങ്ങൾ ക്രമീകരിക്കുക. വ്യവസായ മേഖലയിലെ തൊഴിൽ രഹിതദിനങ്ങളിൽ തൊഴിലാളികളെ കാർഷികമേഖലയിൽ പ്രയോജനപ്പെടുത്തുക.

5. കൂലിയിനത്തിൽ ചിലവു ചുരുക്കുകയും യന്ത്രവൽക്കരണം നടപ്പാക്കുകയും ചെയ്യുക.

കർഷകന്, സഹകരണപ്രസ്ഥാനങ്ങൾ വഴി തൊഴിലാളികളെ കരാറടിസ്ഥാനത്തിൽ നിയമിക്കുക. ആവശ്യമുള്ള യന്ത്രങ്ങൾ പാടശേഖര കമ്മറ്റികൾ, സർക്കാർ ധനസഹായത്തോടെ വാങ്ങി ഉപയോഗിക്കുക. നിലവിലുള്ള യന്ത്രങ്ങൾ ഉപയോഗയോഗ്യമാക്കുക.

6. ജലസേചനവും ജലനിർഗ്ഗമനവും

പ്രാദേശിക ആവശ്യങ്ങൾക്കനുസൃതമായി ജലസേചന നിർഗ്ഗമനത്തിനായുള്ള ചെറുകിട പദ്ധതികൾ കർഷകരുടെ കൂട്ടായ പ്രവർത്തനത്തിൽ കൂടി സാദ്ധ്യമാക്കുക. തോടുകളിൽ നിലവിലുള്ള ക്രോസ് ബാറുകളിൽ പലക ഇടുകയും മേൽനോട്ടം ഒരോ പ്രദേശത്തെയും പാടശേഖര കമ്മറ്റികളെ ഏല്പിക്കുകയും ചെയ്യുക. ഇത്തരം പ്രവർത്തനങ്ങൾക്ക് സർക്കാരിന്റെ അർഹമായ ധനസഹായം നേടിയെടുക്കുക.

7. വിപണനസൗകര്യങ്ങൾ വർദ്ധിപ്പിക്കയും നിയന്ത്രിതവിപണി രൂപപ്പെടുത്തുകയും ചെയ്യുക.

കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പു വരുത്തുന്നതിനായി വിപണനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക. സഹകരണസംഘങ്ങൾ വഴി ഉല്പന്നങ്ങൾ സംഭരിച്ച് ആവശ്യാനുസരണം വില്പന നടത്തുക. താങ്ങുവില ആവശ്യമുള്ള ഘട്ടങ്ങളിൽ താങ്ങുവില പ്രഖ്യാപിച്ച് കർഷകർക്ക് ആശ്വാസനടപടികൾ കൈകൊള്ളുക. മധ്യവർത്തികളെ പൂർണ്ണമായും വിപണിയിൽ നിന്നും ഒഴിവാക്കുക.

8. യന്ത്രവൽക്കരണ സാദ്ധ്യതകൾ ചൂഷണം ചെയ്യുക.

ഉപയോഗിക്കാവുന്നിടങ്ങളിലെല്ലാം യന്ത്രവൽക്കരണം നടത്തി ഉല്പാദനചിലവ് കുറയുക കൃഷിയിടങ്ങൾക്കനുയോജ്യമായ ആധുനിക യന്ത്രങ്ങൾ രൂപകല്പന ചെയ്ത് പ്രചാരത്തിൽ കൊണ്ടു വരികയും ചെയ്യുക. കാർഷിക മേഖലയ്ക്ക് വൈദ്യുതി അനുവദിക്കുന്നതിന് മുൻഗണന നല്കുക.

9. സംസ്കരണസൗകര്യങ്ങൾ വർദ്ധിപ്പിക്കുക

വിളപ്പെടുപ്പിനു ശേഷം മൂല്യവർദ്ധിത ഉല്പന്നങ്ങൾ പരമാവധി വിപണനം ചെയ്യുക. സംഭരണവും വിപണനവും വിപണിയിലെ ആവശ്യവുമായി ക്രമീകരിച്ച് വിലയിടിവ് തടയുക. വിളകളുടെ സംസ്കരണത്തിനായി ലഘുവായ സാങ്കേതിക വിദ്യകൾ രൂപപ്പെടുത്തുകയും അത് സാധാരണക്കാരുടെ ഇടയിൽ പ്രചാരത്തിൽ വരുത്തുകയും വേണം.

10. വിജ്ഞാനവ്യാപനം ത്വരിതപ്പെടുത്തുക

കാലഹരണപ്പെട്ട സാങ്കേതിക വിദ്യ ഉപേക്ഷിക്കുവാനും പുതിയവ സ്വീകരിക്കുവാനുമായി ഗവേഷണഫലങ്ങൾ ഉൾപ്പെടുന്ന വിജ്ഞാന വ്യാപനം ത്വരിതപ്പെടുത്തണം. ഇതിനായി കൃഷി വിജ്ഞാനകേന്ദ്രത്തിന്റെയും മറ്റ് ഏജൻസികളുടെയും ഏകോപിതമായ പ്രവർത്തനം ഉറപ്പു വരുത്തുകയും വേണം.

11. കാർഷിക വൃത്തിക്ക് അംഗീകകാവും മാന്യതയും

പഞ്ചായത്തിലെ ഏറ്റവും മികച്ച കർഷകരെ കണ്ടെത്തി ആദരിക്കുകയും അവർക്ക് അവാർഡുകൾ നല്കുകയും വേണം. കാർഷികപ്രദർശനം കാർഷിര സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുകയും, മറ്റെതൊരു തൊഴിലിനുമുള്ളതു പോലെ കാർഷിക വൃത്തിയും മാന്യതയുള്ളതാക്കുക. വിവിധ ജനകീയ കമ്മറ്റികളിൽ കർഷകർക്ക് പ്രാതിനിധ്യം നല്കുക.

## പ്രശ്നങ്ങൾ

1. നെൽകൃഷി പൊതുവെ നഷ്ടമാണ്.
2. തെങ്ങിന്റെ ഉല്പാദനം കുറയുന്നു. കാറ്റുവീഴ്ച തെങ്ങിനെ സാരമായി ബാധിച്ചിട്ടുണ്ട്.
4. നല്ലയിനം വിത്തുകളും തൈകളും സമയാസമയങ്ങളിൽ ലഭിക്കുന്നില്ല.
5. മണ്ണുപരിശോധന സംവിധാനം കാര്യക്ഷമമല്ല
6. ജൈവവളങ്ങളുടെ ഉല്പാദനവും ഉപയോഗവും കുറവാണ്.
7. കാർഷിക യന്ത്രോപകരണങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല.
8. ജലസേചനത്തിന് സൗകര്യം ഇല്ല.
9. കാർഷിക ഉല്പന്നങ്ങൾക്ക് വിപണന സൗകര്യങ്ങൾ കുറവാണ്. ഇടത്തട്ടുകാരുടെ ഇടപ്പെടൽ നിലനിൽക്കുന്നു.
10. രാസവളങ്ങളുടെ കീടനാശിനികളുടെയും അമിതവില
11. കാർഷിക വായ്പ സൗകര്യങ്ങൾക്കുള്ള കാലതാമസം
12. കാർഷിക ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നില്ല.
13. നിലം നികത്തി ദീർഘകാലവിളകൾ കൃഷി ചെയ്യുന്നു.
14. തോടുകൾക്ക് ക്രോസ് ബാർ ഇല്ല.
15. വിളവെടുപ്പിന് തൊഴിലാളികളെ കിട്ടുന്നില്ല.

## നിർദ്ദേശങ്ങൾ

1. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് പാടശേഖരകമ്മിറ്റികൾ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

2. തെങ്ങുകളുടെ സർവ്വെ നടത്തി രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വച്ചു പിടിപ്പിക്കുന്നതിനുള്ള പ്രവർത്തനം മെച്ചപ്പെടുത്തുക.

3. നല്ലയിനം നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

4. ഏലകളിൽ കുളങ്ങൾ സ്ഥാപിക്കുകയും തോടുകളുടെ വശങ്ങൾ കെട്ടി ജലസേചന സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യുക.

5. മണ്ണുപരിശോധന സൗകര്യം മെച്ചപ്പെടുത്തുക, സഞ്ചരിക്കുന്ന മണ്ണുപരിശോധന കേന്ദ്രത്തിന്റെ സേവനം ഉറപ്പു വരുത്തുക.

6. ജൈവവളത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുക.

7. പഞ്ചായത്തിന് വിപണന സൗകര്യം ഉണ്ടാക്കുക.

8. വാഴ, മരച്ചീനി, എന്നിവയുടെ കൃഷിവ്യാപകമാക്കുക.

9. തേനീച്ച വളർത്തൽ, കൂൺകൃഷി, പുഷ്പകൃഷി ഔഷധസസ്യകൃഷി എന്നിവ വ്യാപിക്കുക.

10. രാസവളത്തിന്റെയും കീടനാശിനികളുടെയും വിലഗണ്യമായി കുറയ്ക്കു.

11. വിള ഇൻഷ്വറൻസ് പദ്ധതി വിപുലമാക്കുക.

12. കൃഷിഭവൻ, കാർഷിക വിജ്ഞാനകേന്ദ്രങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

13. കാർഷിക യന്ത്രങ്ങൾ സൗജന്യനിരക്കിൽ വ്യക്തികൾക്കു നൽകുക.

14. നെൽപ്പാടങ്ങളിൽ റബ്ബർ മുതലായ ദീർഘകാലവിളകൾ കൃഷി ചെയ്യുന്നതിനെ നിയമം മൂലം തടയുക.

15. കൃഷിഭവനിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തു.

# V (2) മൃഗസംരക്ഷണമേഖല

വളരെയധികം വികസന സാധ്യതകളുള്ള ഒരു മേഖലയാണ് മൃഗസംരക്ഷണമേഖല. കന്നുകാലി സമ്പത്തിന്റെ ഏതാണ്ട് 94 ശതമാനവും ഗ്രാമപ്രദേശങ്ങളിലുള്ള ചെറുകിട കർഷകരുടെ കൈയ്യിലാണെന്നതും ഈ മേഖലയിലെ 60% അദ്ധ്വാനം സ്ത്രീകളാണ് നിർമിക്കുന്നകതന്നെതും ഈ മേഖലയുടെ പ്രത്യേകതകളാണ്. തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും വരുമാനം വർദ്ധിപ്പിക്കാനും അതുവഴി ഗ്രാമീണസമ്പത് വ്യവസ്ഥയെ ശക്തിപ്പെടുത്താനും കഴിയും എന്നതിനുപുറമെ കാലതാമസം കൂടാതെ വികസനത്തിന്റെ ഫലങ്ങൾ കണ്ടറിയാൻ കഴിയും എന്നുള്ളതും ഈ മേഖലയുടെ സവിശേഷതകളാണ്.

കാർഷികവൃത്തിക്ക് പ്രാധാന്യം നൽകിയിരുന്ന മേലിലാ ഗ്രാമപഞ്ചായത്തിൽ മൃഗസംരക്ഷണമേഖലയ്ക്ക് തുല്യമായ സ്ഥാനം നൽകിയിരുന്നു. പാൽ, മാംസ്യം, മുട്ട, എന്നിവടുയെ ഉത്പാദനം കൂടാതെ കാർഷിക ആവശ്യങ്ങൾക്കുള്ള ജൈവവളത്തിനും നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനും ഒക്കെ കന്നുകാലികളെ ധാരാളമായി ഉപയോഗിച്ചു വരുന്നു. പഴയ കാലങ്ങളിൽ ഉല്പാദനക്ഷമത കുറഞ്ഞ നാടൻ കന്നുകാലികളും, നാടൻ കോഴികളും ആയിരുന്നു മേലില ഗ്രാമപഞ്ചായത്തിൽ പൊതുവെ ഉണ്ടായിരുന്നത്. മൃഗങ്ങളുടെ ചികിത്സക്ക് കുടിവൈദ്യന്മാരെയും കൊട്ടാരക്കരയും പുനലൂരും ഉള്ള മൃഗാശുപത്രികളുമായിരുന്നു ആശ്രയിച്ചിരുന്നത്. പാലിന്റെ വിപണനത്തിന് കാര്യമായ സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. ഉത്പാദനക്ഷമത കൂടിയ സങ്കരവർഗ്ഗം കന്നുകാലികളാണ് മേലിലാ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ കൂടുതലായും ഉള്ളതെങ്കിലും കന്നുകാലികളുടെ എണ്ണം പണ്ടുകാലത്തേതിലും വളരെകുറവാണ്. ഭാരം വലിക്കുന്നതിനും, നിലം ഒരുക്കുന്നതിലും മറ്റും കന്നുകാലികളെ വളരെ അപൂർവ്വമായി ഇന്നത്തെ കാലത്ത് ഉപയോഗിക്കുന്നുള്ളു. മൃഗങ്ങളുടെ രോഗചികിത്സയ്ക്കായി ഒരു മൃഗാശുപത്രിയും കുത്തിവയ്പ്പിനായി രണ്ട് കൃത്രിമബീജദാനകേന്ദ്രങ്ങളും മേലിലാ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ചേത്തടി, പാലനിരപ്പ്, മേലിലാ എന്നിവിടങ്ങളിലുള്ള ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ക്ഷീരവിപണനത്തിന് സഹായിക്കുന്നുണ്ട്.

30-3-1991-ലാണ് ചെങ്ങമനാട് മൃഗാശുപത്രി സ്ഥാപിതമായത്. ചെങ്ങമനാട് ജംഗ്ഷനിൽ തന്നെ ഒരു വാടക കെട്ടിടത്തിലാണ് ഇന്നും മൃഗാശുപത്രി പ്രവർത്തിക്കുന്നത്. മൃഗാശുപത്രിയിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ ഇതുവരെയും ആരെയും നിയമിച്ചിട്ടില്ല. ആശുപത്രിയിൽ ലബോററ്ററി സൗകര്യം ഇല്ലാത്തതിനാൽ പലപ്പോഴും കൊല്ലം ജില്ലാ ആശുപത്രിയെ ആണ് ആശ്രയിക്കേണ്ടി വരിക. മേലിലാ പഞ്ചായത്തിലെ രണ്ട് കൃത്രിമ ബീജദാനകേന്ദ്രങ്ങൾ ചെങ്ങമനാട് പാലനിരപ്പ് ജംഗ്ഷനിലും മേലിലയിലുമാണ് സ്ഥിതി ചെയ്യുന്നത്. രണ്ടും സ്ഥാപനങ്ങളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ മേലില കൃത്രിമ ബീജാദാനകേന്ദ്രത്തിന് കെട്ടിടം വയ്ക്കുന്നതിനും സ്വന്തമായി സ്ഥലം ലഭ്യമായിട്ടുണ്ട്. ഐപ്പള്ളൂർ വാർഡ് കേന്ദ്രീകരിച്ച് നടുക്കുന്ന്, കിഴക്കേ തെരുവ് എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് ഒരു കൃത്രിമ ബീജദാന കേന്ദ്രം കൂടി തുടങ്ങുന്നത് വളരെ അധികം പ്രയോജനകരമായിരിക്കും.

കാലിത്തീറ്റയുടെ വിലകൂടുതലും ക്ഷീരവിപണനത്തിനുള്ള വിഷമതകളും കറവക്കാരുടെ അഭാവവുമാണ് ഈ മേഖലയിലെ പ്രധാനപ്രശ്നങ്ങൾ. പഞ്ചായത്തിലുള്ള കാർഷിക ഉല്പന്നസഹകരണസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ചെറുകിട കാലിത്തീറ്റ നിർമ്മാണ ഫാക്ടറി തുടങ്ങിയാൽ കാലിത്തീറ്റയുടെ വില വർദ്ധനവും ഒരു പരിധി വരെ തടയുവാൻ സാധിക്കും. കിഴക്കേകത്തെരുവ്, ഐപ്പള്ളൂർ, നടുക്കുന്ന്, വില്ലൂർ, ചെങ്ങമനാട് എന്നീ സ്ഥലങ്ങളിൽ ക്ഷീരവിപണനത്തിനായി ക്ഷീരോത്പാദക സഹകരണസംഘങ്ങൾ ആരംഭിക്കുന്നത് ഈ മേഖലയിലെ വിപണനത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഹായിക്കും. കറവക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നതു വഴിയും പാൽ സൊസൈറ്റി മുഖേന

ശാസ്ത്രീയമായ കറവയ്ക്ക് പരിശീലനവും പ്രോത്സാഹനം നൽകുന്നതു വഴിയും കറവക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാനും സാധിക്കും. വൈക്കോലിന്റെ ദൗർലഭ്യവും പുൽകൃഷിയുടെ അപര്യാപ്തതയും ക്ഷീരമേഖലയിലെ മറ്റ് പ്രശ്നങ്ങളാണ്. സർക്കാർ സ്ഥലങ്ങളിലും മിച്ചഭൂമികളിലും കാലിത്തീറ്റയ്ക്ക് അനുയോജ്യമായ പീലിവാക പോലെയുള്ള മരങ്ങൾ നട്ടു പിടിപ്പിക്കുന്നതു വഴിയും പഞ്ചായത്തു വഴി ദുർബലവിഭാഗർക്ക് നല്ലയിനം ആടുകളെ വിതരണം ചെയ്യുന്നതു വഴിയും പഞ്ചായത്തിലുള്ള ദുർബലവിഭാഗങ്ങൾക്ക് പട്ടികജാതി വിഭാഗങ്ങൾക്ക് വളരെയധികം സഹായം നൽകാൻ കഴിയും. പഞ്ചായത്തിൽ ശാസ്ത്രീയമായ ഒരു അറവു ശാല അത്യന്താപേക്ഷിതമാണ്. അസുഖമുള്ള കന്നുകാലികളുടെ മാംസ വില്പന തടുയന്നതിന് പഞ്ചായത്ത് സീലോടു കൂടിയ മാംസവില്പന പ്രോത്സാഹിപ്പിക്കേണ്ടതാണ്. പന്നിവളർത്തലിനും, കോഴിവളർത്തലിനും വളരെയധികം സാധ്യതയുള്ള ഒരു പഞ്ചായത്താണിത്. പഞ്ചായത്ത് തലത്തിൽ ഇവയുടെ ലഭ്യതക്ക് വിപണനത്തിനും സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയാണെങ്കിൽ വളരെയധികം തൊഴിൽ രഹിതർക്ക് തൊഴിൽ നല്കുവാൻ കഴിയുന്ന മേഖലകളാണിത്. ഇറച്ചിക്കോഴി വളർത്തലിന് ഒരു യൂണിറ്റ് മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. ഒരു യൂണിറ്റ് മാത്രമാണ് ഈ പഞ്ചായത്തിലുള്ളത് പന്നിവളർത്തലിനും ഇറച്ചിക്കോഴിവളർത്തലിനും കൂടുതൽ യൂണിറ്റുകൾ തുടങ്ങുന്നതു ഈ മേഖലയുടെ പുരോഗമനത്തെ വളരെയധികം സഹായിക്കും.

ഗോബർ ഗ്യാസ് പ്ലാന്റുകൾ പഞ്ചായത്തിൽ പൊതുവെ കുറവാണ്. ഇവിടെയുള്ള കന്നുകാലികളിൽ കൂടുതലായും കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കവും കുളമ്പുരോഗവും കന്നുകാലികളുടെ ആകസ്മിക മരണം മൂലമുള്ള നഷ്ടങ്ങളിൽ നിന്നും കർഷകർക്ക് പരിരക്ഷ നൽകുന്നതിന് സമഗ്രകന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് നല്ലതായിരിക്കും.

പേവിഷബാധമൂലം ഈ പഞ്ചായത്തിൽ രണ്ട് യുവാക്കൾ മരിക്കാനിടയായതു പേവിഷ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ പ്രാധാന്യം വർദ്ധിപ്പിക്കുകയാണ്.

## ക്ഷീരവികസനം

ക്ഷീരവികസന ഓഫീസ്, വെട്ടിക്കവല നടപ്പിലാക്കി വരുന്ന പദ്ധതികൾ

### I വിജ്ഞാനവ്യാപന പരിപാടികൾ

1. കാർഷിക സമ്പർക്ക പരിപാടി

തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ വെച്ച് ക്ഷീരോല്പാദകരുമായുള്ള ചർച്ചയും സാങ്കേതിക ഉപദേശങ്ങളും.

*2. നാടൻ ക്ഷീരോല്പന്ന നിർമ്മാണപ്രദർശനം*

തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ വച്ച് വനിതകൾക്കും ക്ഷീര കർഷകർക്കും പാലുല്പന്നങ്ങൾ നിർമ്മിക്കുന്നതിനും പരിശീലനം

*3. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.*

തെരഞ്ഞെടുത്ത കർഷകർക്ക് ശാസ്ത്രീയമായ രീതിയിൽ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് സാങ്കേതിക ഉപദേശവും ധനസഹായവും(Rs. 1250/-)

*4. മോഡൽ ഡയറിഫാം പദ്ധതി*

രണ്ട് പശുക്കൾ മാതൃക കാലിത്തൊഴുത്ത് 25 സെന്റ് പുൽകൃഷി ജലസേചന സൗകര്യങ്ങൾ ബയോഗ്യാസ് എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം (Rs. 7000/-) ബയോഗ്യാസിനുള്ള പ്രത്യേക ധനസഹായം (Rs. 2000/-) (കൃഷിവകുപ്പ്)

*5. ധാതുലവണ മിശ്രിതവും വൈറ്റമിൻ സപ്ലിമെന്റ്*

തെരഞ്ഞെടുത്ത ക്ഷീരകർഷകർക്ക് നാമമാത്ര വിലയ്ക്ക് വിതരണം ചെയ്യുന്ന ധാതുലവണമിശ്രിതം Rs. 8/- വൈറ്റമിൻ സപ്ലിമെന്റ് Rs. 28/-

*6. ശുദ്ധമായ പാൽ ഉല്പാദന കിറ്റ്*

തെരഞ്ഞെടുത്ത ക്ഷീരകർഷകർക്ക് ശുചിയായ പാൽ ഉല്പാദനത്തിന് സഹായിക്കുന്ന കിറ്റ് നാമ മാത്രവിലക്ക് നൽകുന്നു. താഴെപ്പറയുന്ന ഘടകങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

1. പശുക്കളെ ശരീരം തടവി (Grooming) വെടിപ്പാക്കുന്നതിനുള്ള ബ്രഷ്

2. പൊട്ടാഷ്യം പെർമാംഗനേറ്റ് അകിടു കഴുകുന്നതിന് അണുനാശിനിയായി ഉപയോഗിക്കുന്നു.

3. അണുനാശക ലോഷൻ തൊഴുത്ത് കഴുകുന്നതിന് നേട്ടം

(a) അകിട് രോഗങ്ങൾ കുറയുന്നു.

(b) പരിസരത്തുള്ള ദുർഗന്ധം ഇല്ലാതാകുന്നതിനാൽ പാലിന്റെ നറുമണം കാത്തു സൂക്ഷിക്കുന്നു.

*പാൽ പരിശോധന*

പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുനനതിനുള്ള സംവിധാനം ലഭ്യമാക്കുന്നു.

## ബ്ലോക്ക് തല കന്നുകാലി പ്രദർശനം

വർഷത്തിൽ ഒരു കന്നുകാലി പ്രദർശനവും സെമിനാറും സംഘടിപ്പിക്കുന്നു.

## II തീറ്റ പുൽകൃഷി വികസന പദ്ധതി

### *(a) ദീർഘകാലപുൽകൃഷി*

ദീർഘകാല പുല്ലിനങ്ങളായ ശിനി, കോംഗോസിഗ്നൽ, സ്റ്റൈലോ എന്നിവ കൃഷി ചെയ്യുന്നതി നാമമാത്രവിലയും വിത്തും, പുൽക്കടകളും, രാസവളസബ്സിഡിയും ലഭ്യമാക്കുന്നു.

### *(b) ഹ്രസ്വകാല പുൽകൃഷി*

ചോളം, വൻപയർ എന്നിവയുടെ വിത്ത് നാമമാത്രവിലയ്ക്ക് ലഭ്യമാക്കുകയും രാസവളസബ്സിഡി നൽകുകയും ചെയ്യുന്നു. മകരകൊയ്ത്ത് കഴിഞ്ഞ് പാടങ്ങളിൽ ഈ കൃഷി ചെയ്യുന്നതും വേനൽക്കാലത്ത് തീറ്റപുൽക്ഷാമം പരിഹരിക്കാൻ ഇത് ഉതകും.

### *(c) വാണിജ്യപുൽകൃഷി*

ഒരു ഹെക്ടറോ അതിൽ കൂടുതലോ സ്ഥലത്ത് ജലസേചന സൗകര്യത്തോടു കൂടി പുൽകൃഷി നടപ്പിലാക്കുന്നതിന് ഹെക്ടറൊന്നിന് 15000 (പതിനയ്യായിരം രൂപ) ക്രമത്തിൽ ധനസഹായം വ്യക്തികൾക്കും, സംഘടനകൾക്കും നൽകി വരുന്നു.

### *(D) സൈലേജ്*

അധികമുള്ള പച്ചപ്പുല്ല് പോഷകമൂല്യം നഷ്ടപ്പെടാതെ മുറിച്ച് വായു കടക്കാത്ത രീതിയിൽ കുഴികളിലോ, അറകളിലോ മൂന്നു മാസക്കാലം വരെ സൂക്ഷിച്ച് പച്ചപുല്ലിന് ദൗർബല്യമുള്ള കാലത്ത് കന്നുകാലിത്തീറ്റയായി നൽകാവുന്ന ഉല്പന്നമാണ് സൈലേജ് ഒരു മെട്രിക് ടണ്ണിന് 125 രൂപ ധനസഹായം ആവശ്യമായ സാങ്കേതിക ഉപദേശം നൽകുന്നതാണ്.

### *(E) ഹെ നിർമ്മാണം (ഉണക്കപ്പുല്ല്)*

പച്ചപുല്ല് ഉണക്കി സൂക്ഷിക്കുന്നതിന് ഒരു ശാസ്ത്രീയ മാർഗമാണിത്. ഒരു മെട്രിക് ടണ്ണിന് 200 രൂപ ധനസഹായം.

### *(F) വൈക്കോൽ സമ്പുഷ്ടമാക്കൽ പദ്ധതി*

വൈക്കോലിന് നാരിന്റെ അംശം കൂടുതലായതു കൊണ്ട് പോഷകഗുണം താരതമ്യേന വളരെ കുറവാണ്. കന്നുകാലികളുടെ ആമാശയത്തിൽ വൈക്കോൽ മറ്റ് ആഹാര വസ്തുക്കളെപ്പോലെ എളുപ്പം ദഹിക്കുന്നില്ല. ഈ കുറവ് നികത്താനും ഒരു അളവു വരെ ക്ഷീരോല്പാദനം ലാഭകരമാക്കാനും ഉതകുന്ന ഒരു പുതിയ സാങ്കേതിക രീതിയാണിത്. ഒരു ഗുണഭോക്താവിന് 500 രൂപ ധനസഹായം നൽകുന്നു.

## III. ക്ഷീര സംഘങ്ങളുടെ നവീകരണം.

| | | |
|---|---|---|
| 1. | ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് | Rs. 20,000/- |
| 2. | ഫോഡർ ബാങ്ക് നിർമ്മിക്കുന്നതിന് | Rs. 10,000/- |
| 3. | പ്രവർത്തന മൂലധനം | Rs. 5000/- |
| 4. | മാനേജിരിയൽ ഗ്രാന്റ് | Rs. 7,200/- |
| 5. | ഫർണിച്ചർ ഗ്രാന്റ് | Rs. 5000/- |
| 6. | മിൽക്ക് ക്യാൻ | Rs. 1200/- |
| 7. | തീറ്റപുൽസംഭരണവിപണന പദ്ധതി | Rs. 13500/- |

8 പാൽ പരിശോധന ഉപകരണങ്ങൾ 50% ധനസഹായത്തിൽ വിൽക്കോടെസ്റ്റർ സെൻട്രിഫ്യൂജ് എന്നിവ നൽകുന്നു.

## (V) ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ

വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതി നാലു വനിതകൾകളടങ്ങുന്ന ഒരു യൂണിറ്റ് ഏതെങ്കിലും രജിസ്റ്റേഡ് സംഘടന സ്പോൺസർ ചെയ്യണം. ക്ഷീരോല്പന്ന നിർമ്മാണത്തിന് 15 ദിവസത്തെ ദിനബത്തയോടു കൂടി പരിശീലനം ഉപകരണങ്ങങ്ങൾ വാങ്ങുന്നതിന് 20,250 രൂപ ധനസഹായം

## (V) പ്രത്യേക ഘടകപദ്ധതി

തൊഴുത്ത്, കറവപ്പശു, ആദ്യത്തെ രണ്ട് മാസം കാലിത്തീറ്റ, സൗജന്യഇൻഷ്വറൻസ്, ദിനബത്തയോടു കൂടിയ പരിശീലനം എന്നിവ ഉൾക്കൊള്ളിച്ച് പട്ടികജാതി കുടുംബങ്ങൾക്ക് 6500 രൂപയുടെ ധനസഹായം.

### മേലില പഞ്ചായത്തിലെ ക്ഷീരസംഘങ്ങൾ

1. മേലില Kncs LTD. No. Q.221 (D) APCOS
2. ചേത്തടി Kncs LTD. No. Q.189 (D) APCOS
3. ഇരിഞ്ഞൂർ Kncs LTD. No. Q.243 (D) APCOS
4. നടുക്കുന്ന് Kncs LTD. No. Q.218 (D) APCOS

## പ്രധാനപ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വില കൂടുതലും പാലിന്റെ വില കുറവും
2. ക്ഷീരവിപണനത്തിനുള്ള സൗകര്യങ്ങളുടെ അപ രൃപ്തത
3. പേപട്ടി ശല്യം സ്ഥിരമീയി അനുഭവപ്പെടുന്നു
4. കോഴികൾക്കുണ്ടാകുന്ന രോഗങ്ങൾ
5. കറവക്കാരുടെ അഭാവം
6. ക്ഷീരവികസന ഓഫീസ് ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകൾക്കും വേണ്ടിയാണ് പ്രവർത്തിക്കുന്നത്. തന്മൂലം സാങ്കേതിക ഉദ്യോഗസ്ഥരുടെ സേവനം യഥാസമയം ലഭിക്കുന്നില്ല.
7. പ്രാദേശികമായ വിറ്റഴിക്കപ്പെടുന്ന പാലും പാലുൽപന്നങ്ങളും ഗുണനിലവാരകുറവാണ്.

## (VI) പ്രധാനനിർദ്ദേശങ്ങൾ

1. പഞ്ചായത്തു തലത്തിൽ കാർഷികോല്പന്ന സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ചെറുകിട കാലിത്തീറ്റ ഫാക്ടറി തുടങ്ങുക. കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാനും കാലിത്തീറ്റയുടെ വില നിലവാരം പിടിച്ചു നിർത്തുവാനും ഇതുമൂലം സാധിക്കും.
2. ക്ഷീര വിപണനം മെച്ചപ്പെടുത്തുവാൻ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ കിഴക്കേതെരുവ്, നടുക്കുന്ന്, ഐപ്പള്ളൂർ, വില്ലൂർ, ചെങ്ങമനാട് എന്നിവിടങ്ങളിൽ ആരംഭിക്കുക.
3. വനിതകൾക്ക് പ്രാധാന്യം നൽകി കൊണ്ട് ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങുക.
4. സൊസൈറ്റി തലത്തിൽ ശാസ്ത്രീയമായ കറവയ്ക്ക് പരിശീലനം നല്കി കറവക്കാരുടെ അഭാവം പരിഹരിക്കുക.
5. ഐപ്പള്ളൂർ കേന്ദ്രീകരിച്ച്, നടുക്കുന്ന്, കിഴക്കേതെരുവ് എന്നീ വാർഡുകൾക്ക് കൂടി പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു കൃത്രിമ ബീജദാന കേന്ദ്രം തുടങ്ങുക.
6. മൃഗാശുപത്രി സൗകര്യം മെച്ചപ്പെടുത്തുക.
7. കോഴിവളർത്തൽ, പന്നിവളർത്തൽ എന്നിവ സമീകരണ അടിസ്ഥാനത്തിൽ ലഭ്യതയും വിപണനവും ഉറപ്പു വരുത്തി കൂടുതൽ യൂണിറ്റുകൾ തുടങ്ങുക.
8. പേവിഷ നിർമ്മാർജ്ജന പദ്ധതികൾ അവിഷ്കരിക്കുക.
9. കാലിത്തീറ്റയ്ക്ക് സബ്സിഡി ഏർപ്പെടുത്തുക.
10. ചെങ്ങമനാട് മൃഗാശുപത്രിയിലെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് ആളെ നിയമിക്കുക.
11. പഞ്ചായത്തിൽ ക്ഷീര വികസന ഓഫീസ് സ്ഥാപിക്കുക.
12. ക്ഷീര സംഘങ്ങൾ ശക്തപ്പെടുത്തുക. സംസ്കരിച്ചു വൈക്കോലിന്റെ ലഭ്യത ഉറപ്പു വരുത്തുക.
13. മിനി ഡയറി ഫോമുകൾളെ പ്രോത്സാഹിപ്പിക്കുക. തീറ്റപുൽകൃഷി വികസിപ്പിക്കുന്നതിന് തീവ്രയജ്ഞം നടത്തുക.

1996 സെൻസസ് പ്രകാരം മേലിലാ പഞ്ചായത്തിലെ വാർഡു തിരിച്ചുള്ള കന്നുകാലികളുടെ സംഖ്യ

| വാർഡ് നമ്പർ | നാടൻ പശു | സങ്കര യിനം | ആട് | മുട്ടയിടുന്ന കോഴി | മുട്ടയിടാത്ത കോഴി | പൂവൻ കോഴി | താറാവ് | പട്ടി | 2½ വയസ്സ് താഴെയുള്ള പശുകുട്ടി |
|---|---|---|---|---|---|---|---|---|---|
| I | 74 | 120 | 337 | 638 | 202 | 69 | 21 | 174 | 197 |
| II | 4 | 118 | 70 | 794 | 734 | 556 | 11 | 126 | 85 |
| III | - | 83 | 161 | 1403 | 163 | 192 | 17 | 121 | 104 |
| IV | - | 147 | 172 | 1138 | 404 | 480 | 66 | 139 | 113 |
| V | 16 | 93 | 79 | 1061 | 284 | 314 | 45 | 95 | 97 |
| VI | 13 | 108 | 259 | 533 | 192 | 95 | 1 | 142 | 129 |
| VII | 22 | 111 | 174 | 744 | 241 | 134 | 8 | 87 | 104 |
| VIII | 29 | 72 | 92 | 719 | 3011 | 100 | 9 | 67 | 88 |
| IX | 1 | 112 | 194 | 414 | 147 | 139 | 4 | 83 | 135 |
| X | - | 166 | 189 | 1192 | 447 | 225 | 3 | 163 | 170 |

## മേലില ഗ്രാമപഞ്ചായത്ത്

### 4.4 പേ വിഷബാധ പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | പട്ടി | പൂച്ച | മറ്റുള്ളവ |
|---|---|---|---|---|---|---|
| പ്രതിരോധ കുത്തിവയ്പ്പ് നൽകിയവയുടെ എണ്ണം | | | | 18 | | |
| കടിയേറ്റതിനു ശേഷം കുത്തി വെയ്പ്പു നടത്തിയ വയുടെ എണ്ണം | | | 2 | | | |

## മേലിലാ ഗ്രാമപഞ്ചായത്ത് 4.5. കൃത്രിമ ബീജ സങ്കലനവിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 12889 | 2419 | 542 |
| കിടാരി | | 534 | 242 |
| എരുമ | 7 | 17 | 2 |

# XII. മേലില ഗ്രാമപഞ്ചായത്ത് 4.3 രോഗ വിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1. | ദഹന സംബന്ധമായവ<br>Digestive disorders | 514 | 143 | | | | | | | | |
| 2. | ശ്വാസകോശസംബന്ധം | 126 | 69 | | | | | | | | |
| 3. | ഉപാപചയ സംബന്ധം<br>Metabolic diecases | 18 | 4 | | | | | | | | |
| 4 | ത്വക് രോഗങ്ങൾ<br>Sking disceases | 39 | 1 | | | | | | | | |
| 5. | ധാതു ലവണങ്ങളുടെ അഭാവം<br>Deficienc diseases | 23 | 8 | 1 | | | | | | | |
| 6 | പരാദരോഗങ്ങൾ<br>Parasific dieseases | 541 | 2 | 11 | 16 | | 14 | | | | |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynzcological diseases | 97 | | 7 | | | | | | | |
| 8. | വന്ധ്യത<br>Infertilify | 88 | | | | | | | | | |
| 9. | അകിടുവീക്കം<br>Mastitis | 46 | | 6 | | | | | | | |
| 10. | മുടന്തൻ പനി<br>Ephemoral Fever | 11 | | | | | | | | | |
| 11. | പകർച്ചവ്യാധികൾ<br>Contagion diseases | | | | | | 1090 | | | | |

# V (3) വ്യവസായം

കശുവണ്ടി വ്യവസായത്തിന്റെ ഈറ്റില്ലമാണല്ലോ കൊല്ലം ജില്ല. മേലിലാ ഗ്രാമ പഞ്ചായത്ത് സമിതികൾ നിലവിൽ വരുന്നതിനു മുമ്പു തന്നെ കശുവണ്ടി വ്യവസായം ഇവിടെ പുഷ്ടി പ്രാപിച്ചിരുന്നു. പ്രസ്തുത വ്യവസായം കൊല്ലം കിടങ്ങൂർ ഗ്രൂപ്പാണ്. ആദ്യമായി ചെങ്ങമനാട് കേന്ദ്രമാക്കി പ്രവർത്തിച്ചു തുടങ്ങിയത്. ഇപ്പോൾ പഞ്ചായത്തിൽ കാഷ്യൂകോർപ്പറേഷൻ കാപെക്സ് എന്നിവയുൾപ്പെടെ 7 കശുവണ്ടി ഫാക്ടറികൾ ഉണ്ട്. വർഷത്തിൽ കുറച്ച് ദിവസങ്ങളിൽ മാത്രമേ തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുള്ളൂ. കിഴക്കേതെരുവ്, ചെങ്ങമനാട്, ചേത്തടി, കുര്യാനമുകൾ, വില്ലൂർ എന്നീ പ്രദേശങ്ങളിലായി ഈ ഫാക്ടറികൾ പ്രവർത്തിക്കുന്നു.

ആവശ്യമായ കശുവണ്ടി നാട്ടിൻപുറത്തു നിന്നും ശേഖരിക്കുന്നതിന് പുറമെ ഗവൺമെന്റ് ഏജൻസികൾ മുഖേന ഇറക്കുമതി ചെയ്യേണ്ടതാണ്.

വർഷങ്ങൾക്കു മുമ്പ് തന്നെ പഞ്ചായത്തിൽ തടിവ്യവസായം തുടങ്ങിയിരുന്നു. എന്നാൽ തടിയുടെ ലഭ്യതകുറവും, വിലവർദ്ധനവും കാരണം ആ രംഗത്ത് നിന്നും പലരും പിൻതിരിയുകയാണ്. എങ്കിലും നിലവിൽ 5 സാമില്ലുകൾ പ്രവർത്തിക്കുന്നു. ചെറുതും വലുതുമായ റബ്ബർ നേഴ്സറികൾ, കോഴി വളർത്തൽ കേന്ദ്രം ഫ്ലവർമില്ല്, തുടങ്ങിയ ചെറുകിടവ്യവസായങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ഇതര മേഖലയിൽ പാറകോറിയും പ്രവർത്തിക്കുന്നുണ്ട്.

പരമ്പരാഗത തൊഴിലാളികളായ തഴപായ്, പരമ്പ്, കുട്ട, വട്ടി, മുറം, തുടങ്ങിയുള്ള ചെറിയ യൂണിറ്റുകൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നു. ബാംബുകോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണസംഘങ്ങളും ചെറുകിട യൂണിറ്റുകളും ഉണ്ട്. ഇവയുടെ ദൗർലഭ്യം മൂലം ഈ മേഖല ദുരവസ്ഥയിലാണ്.

### പ്രശ്നങ്ങൾ

സാമ്പത്തിക പ്രശ്നങ്ങൾ വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം തൊഴിൽ പ്രശ്നം തൊഴിലാളികളുടെ ലഭ്യതകുറവ്, എന്നിവ വ്യവസായങ്ങളുടടെ വളർച്ചയെ മുരടിപ്പിക്കുന്നു. അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമാക്കുവാനുള്ള റെയിൽവേ അടക്കമുള്ള ഗതാഗതസൗകര്യകുറവും ഒരു പരിധിവരെ ഈ വ്യവസായതകർച്ചയ്ക്കു കാരണമത്രെ.

### സാധ്യതകൾ

പഞ്ചായത്തിന്റെ പരിതസ്ഥിതിക്ക് അനുസരിച്ച് തുടങ്ങുവാൻ പറ്റിയ വ്യവസായങ്ങൾ

1. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ
2. കോഴി വളർത്തൽ
3. കാലി തീറ്റനിർമ്മാണം
4. ക്ഷീരോല്പന്ന വ്യവസായം
5. സോപ്പ് നിർമ്മാണം
6. തീപ്പെട്ടി വ്യവസായം
7. മെഴുകുതിരി വ്യവസായം
8. ഫർണിച്ചർ വ്യവസായം
9. ആഗ്രോ ഫുഡ് പ്രൊഡക്ട്
10. ഈറ്റ വ്യവസായം
11. ഗ്രാനൈറ്റ് വ്യവസായം
12. കൊപ്രാ സംവരണവും, സംസ്കരണവും
13. കാർഷികോപകരണ നിർമ്മാണശാല.

# V (4) വിദ്യാഭ്യാസം

കുടിപ്പള്ളിക്കൂടം എന്ന ആദ്യകാല വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും ഇന്നുള്ള വിദ്യാഭ്യാസ രീതിയിലേയ്ക്കുള്ള പരിണാമത്തിൽ ക്രിസ്തു മതപ്രചരണാർത്ഥം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയോടൊപ്പം ഈ പ്രദേശത്ത് എത്തിച്ചേർന്ന ലണ്ടൻ മിഷ്യൻ സർവ്വീസിലെ മിഷ്യനറിമാരുടെ സേവനം അവിസ്മരണീ യമാണ്. മിഷ്യനറിമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ 1877ൽ സ്ഥാപിതമായ വില്ലൂർ എൽ.എം.എസ് ലോവർ പ്രൈമറി സ്കൂളാണ് ഈ പഞ്ചായത്തിൽ ആദ്യമയായി സ്ഥാപിതമായത്. അതിനശേഷം മലങ്കര മാർത്തോമ്മ സഭയുടെ വകയായി സ്ഥാപിതമായ ചെങ്ങമനാട് എം.റ്റി.എസ്.എസ്. ലോവർ പ്രൈമറി സ്കൂളും പണ്ടകശാല കുടുംബവകയായിരുന്നതും മാർത്തോമസഭയ്ക്ക് ഉടമസ്ഥാവകാശം കൈമാറപ്പെട്ടതും ഇപ്പോൾ സർക്കാർ സ്കൂളായി പ്രവർത്തിച്ചു വരുന്നതുമായ എം.റ്റി.എസ്. ലോവർ പ്രമൈറിസ്കൂളും ചെങ്ങമനാട് എ.യും ബി.യും വാർഡുകളിലായിട്ടുണ്ട്. പ്രമൈറി സ്കകൂൾ വിദ്യാഭ്യാസ പ്രവർത്തകനായിരുന്ന ചെക്കാലഴികത്തു ശ്രീ. കെ. ചാക്കോ സാറിനാൽ സ്ഥാപിതമായിരുന്നതും ഇപ്പോൾ സർക്കാർ ഉടമയായി പ്രവർത്തിച്ചു വരുന്നതുമാണ്. ദൂരസ്ഥലങ്ങളിൽ വിദ്യാഭ്യാസം ചെയ്യേണ്ടി വന്ന മേലില വാർഡ് നിവാസികളുടെ പരിശ്രമഫലമായി എഴുപത്തിയഞ്ച് സെന്റ് ഭൂമി വിലയ്ക്കു വാങ്ങി സർക്കാരിന് നൽകിയതനുസരിതച്ച് അനുവദിചക്കപ്പെട്ട എൽ.പി.സ്കൂളിനെ 1980ൽ അപ്പർ പ്രമൈറി സ്കൂളായി ഉയർത്തി നല്ല നിലയിൽ പ്രവർത്തിക്കുന്നു. 1963ൽ ചേത്തടി വാർഡിൽ ചിറ്റൂർ ശ്രീമതി. ഭവാനി രാഘവൻപിള്ളയുടെ ഉടമസ്ഥതയിൽ ആദ്യത്തെ അപ്പർ പ്രമൈറി സ്കൂൾ അനുവദിക്കപ്പെട്ടത് തുടർന്ന് പ്രവർത്തിച്ചു വരുന്നു. ഇതിനോടനു ബന്ധിച്ച് ഒരു നഴ്സറിസ്കൂളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. മൂന്ന് ഏക്കറോളം ഭൂമി ഈ സ്കൂളിന് ഉള്ളതിനാൽ വികസന സാദ്ധ്യതകളുമുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പിന്റേതായി 1955ൽ ഇരിങ്ങൂർ വാർഡിൽ സ്ഥാപിതമായി. ഡബ്ല്യു.എൽ.പി.സ്കൂൾ വിദ്യാർത്ഥികൾ ഇല്ലാത്ത കാരണത്താൽ ലാഭകരമല്ലാത്ത സ്കൂളുകളുടെ പട്ടികയിൽ പെടുത്തി സർക്കാർ ഉത്തരവായിട്ടുള്ളതാകുന്നു. ഇരിങ്ങൂർ വാർഡിലെ ഏക വിദ്യാഭ്യാസസ്ഥാപനമായ ഇതിന് 1975ൽ സ്ഥിരമായ കെട്ടിടസൗകര്യവും ഏർപ്പെടുത്തിയിരുന്നു. പട്ടികജാതി ക്ഷേമവകുപ്പിൻ കീഴിൽ തന്നെ ഒരു അംഗീകൃത സാങ്കേതിക പരിശീലനകേന്ദ്രമായി (I.T.C) ഇതിനെ മാറ്റിയാൽ ഈ ഗ്രാമപഞ്ചായത്തിലെയും സമീപ പ്രദേശങ്ങളിലെയും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും മറ്റും തൊഴിൽ പരിശീലനം നൽകുന്നതിന് ഉതകുമാറാകുമെന്നതിന് എല്ലാ തലത്തിൽ നിന്നുമുള്ള സമ്മർദ്ധം ശക്തമായുണ്ട്.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് വെട്ടിക്കവസല, വാളകം, കൊട്ടാരക്കര, തലവൂർ എന്നീ സമീപ പഞ്ചായത്തു പ്രദേശങ്ങളിലുള്ള വിദ്യാലയങ്ങളുടെ മഹത്തായ സൗകര്യങ്ങളും സേവനങ്ങളും ഈ പ്രദേശത്തുള്ളവർക്ക് വളരെയേറെ ഉപകാരപ്രദമായിട്ടുണ്ടായിരുന്നതിനാൽ ഏറെ പേർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഉള്ള സൗകര്യം ലഭിച്ചിരുന്നു, എങ്കിലും ഈ ഗ്രാമപഞ്ചായത്തിൽ തന്നെ മലങ്കര ഓർത്തോഡോക്സ് സുറിയാനി സഭയുടെ കൊല്ലം ഭദ്രാസന മെത്രാപോലീത്തായുടെ മഹത്തായ വിദ്യാഭ്യാസതൃഷ്ണയുടെ സഫലീകരണമായി ചേത്തടി വാർഡിൽ 1982ൽ ഒരു ഹൈസ്കൂൾ സ്ഥാപിതമായപ്പോൾ ഹൈസ്കൂൾ ഇല്ലാത്ത കുറവും പരിഹരിക്കപ്പെട്ടു. എം.എ.എം. ഹൈസ്കൂൾ എന്ന പേരിൽ നല്ല നിലയിൽ ഒരു കളിസ്ഥലവും മറ്റു ഭൗതിക സൗകര്യങ്ങളും ഏർപ്പെടുത്തിയാൽ ഇവിടെ കായിക കലാ പ്രതിഭകളെ പരിശീലിപ്പിക്കുന്നതിനുള്ള മതിയായ സൗകര്യമുണ്ട്.

ഓർത്തോഡോക്സ് സഭാ ചെങ്ങമനാട് ദയറാമാനേജ്മെന്റിൽ ഇവിടെ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്ന ഒരു സാങ്കേതിക തൊഴിൽ പരിശീലനകേന്ദ്രവും ഈ ഹൈസ്കൂളിന് സമീപം തന്നെ പ്രവർത്തിച്ചു വരുന്നതിനാൽ സമീപഗ്രാമപഞ്ചായത്തുകളെക്കാൾ നമുക്കുള്ള സൗകര്യങ്ങൾ ഉന്നതമാണെന്നത് അഭിമാനിക്കാം.

എന്നാൽ മേലിലാ വില്ലേജ് ഓഫീസിന്റെ പരിധിയിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്നതും പ്രൈമറി തലം മുതൽ ഹൈസ്കൂൾ തലം വരെ ക്ലാസ്സുകളും അനേകം ഡിവിഷനുകളും ഉള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ വക കിഴക്കേക്കര സെന്റ് മേരീസ് ഹൈസ്കൂൾ മേലിലാ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തപ്പെടാതെ കൊട്ടാരക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെടുത്തിയിരിക്കുന്നത്. വിരോധാഭാസമാണ് ഈ ഗ്രാമപഞ്ചായത്തിലെ തന്നെയാണ് ഏറിയ പങ്കും വിദ്യാർത്ഥികളെന്നതും അവിതർക്കിതമാണ്. പ്രസ്തുത സ്കൂൾ ഉൾപ്പെടുന്ന മേലിലം വില്ലേജിന്റെ വളരെക്കുറച്ചു വരുന്ന ഭാഗങ്ങൾ കൂടി മേലിലാ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുത്തി എടുക്കേണ്ടതാണ്. അങ്ങനെ ആയാൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പട്ടികയിൽ ഒരു പൊൻതൂവൽ കൂടി ആകുന്നതാണ്.

അഞ്ച് സമാന്തര വിദ്യാലയങ്ങളും രണ്ട് ടൈപ്പ് റൈറ്റിംഗ് പരിശീലനസ്ഥാപനങ്ങളും മേലിലാ വാർഡിൽ ഒരു അംഗീകൃത പ്രീപ്രൈമറി സ്കൂളും നാലു സ്വകാര്യ നഴ്സറി സ്കൂളും ഉന്നത നിലവാരം പുലർത്തുന്ന കിഴക്കെ തെരുവു സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്കൂളും വിദ്യാഭ്യാസരംഗത്തു സേവനം അനുഷ്ഠിക്കുന്നതിനോടൊപ്പം സാമൂഹ്യക്ഷേമവകുപ്പിന്റെ ഇരുപത്തിമൂന്ന് അംഗൻവാടികളും നിലവിലുണ്ട്.

നൂതന ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത പരിഹരിക്കപ്പെടേണ്ടതാണ്. കലാസാഹിത്യ വിദ്യാഭ്യാസ രംഗങ്ങളിൽ ശ്രദ്ധേയരായവരെ സംഭാവന ചെയ്യുവാൻ കഴിഞ്ഞിട്ടുള്ള ഈ ഗ്രാമപഞ്ചായത്ത് സാക്ഷരതയുടെ കാര്യത്തിൽ സമ്പൂർണമാണ് എന്ന് പറയാം.

## പ്രശ്നങ്ങൾ

1. കുട്ടികളുടെ എണ്ണം കുറഞ്ഞു വരുന്നു.
2. അദ്ധ്യായനനിലവാരം കുറയുന്നു.
3. ഉന്നതസാങ്കേതിക വിദ്യാഭ്യാസസ്ഥാപനമില്ല.
4. രക്ഷാകർത്തൃ അദ്ധ്യാപക സംഘത്തിന്റെ പ്രവർത്തന കുറവ്
5. പഠന പരിശീലന ലാബുകളുടെ അഭാവം
6. അദ്ധ്യാപകരുടെ പ്രതിബദ്ധതാ കുറവ്
7. അച്ചടക്കരാഹിത്യം
8. രാഷ്ട്രീയാധിപ്രസരം
9. വായനശാലാ സംവിധാനങ്ങൾ തൃപ്തികരമല്ല.
10. അനൗപചാരിക വിദ്യാഭ്യാസം പ്രചണത്തിൽ മാത്രം.

## സാദ്ധ്യതകൾ ആവശ്യങ്ങൾ

1. വിദ്യാർത്ഥി അദ്ധ്യാപക അനുപാതം കുറയ്ക്കാവുന്നതാണ്.
2. അദ്ധ്യായന നിലവാരം ഉയർത്തുന്നതിനായി പരിശീലനപരിപാടികൾ ഏർപ്പെടുത്താവുന്നതാണ്.
3. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തണം.
4. പോഷകാഹാരവിതരണം കാര്യക്ഷമമാക്കുക
5. ലംപ്സംഗ്രാന്റുകൾ ഉയർത്തുകയും യഥാസമയം വിതരണം നടത്തുകയും ചെയ്യുക.
6. ഉപരിസാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏർപ്പെടുത്തുക.
7. തൊഴിലധിഷ്ഠിത കോഴ്സുകൾ സാർവ്വത്രികമാക്കുക.
8. വായനശാല, പരീക്ഷണശാല സംവിധാനം കർശനമാക്കുക.
9. കലാകായിക വിദ്യാഭ്യാസത്തിന് കൂടുൽ ഊന്നൽ നൽകുക.
10. മാതൃഭാഷാ പഠനത്തിന് പ്രാമുഖ്യം നൽകുക.
11. പാഠ്യേതര വിഷയങ്ങളിൽ അറിവ് നേടാനുള്ള അവസരങ്ങൾ ഒരുക്കുക
12. മാതൃസംഘങ്ങൾ രൂപീകരിക്കുകയും അദ്ധ്യാപക രക്ഷാകർത്തൃസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും ആക്കുക.
13. ആധുനിക രീതിയിൽ അടുക്കളകൾ നിർമ്മിക്കുക
14. ശുദ്ധജലലഭ്യതയും സൗജന്യാവശ്യങ്ങളും മെച്ചപ്പെടുത്തുക.
15. അംഗൻവാടികൾക്ക് സ്വന്തമായ കെട്ടിടങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തുക.

## വിദ്യാലയങ്ങളുടെ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം 199596 | അദ്ധ്യാപകരുടെ വിവരം | | | വിസ്തീർണ്ണം |
|---|---|---|---|---|---|---|---|
| | | | | M | F | T | |
| 1 | എൽ.എം.എസ്.എൽ.പി.എസ് വില്ലൂർ | എയ്ഡഡ് | 139 | 1 | 3 | 4 | 50സെന്റ് |
| 2 | എം. റ്റി. എസ്. എസ് എൽ.പി.എസ് ചെങ്ങമനാട് | ,, | 136 | — | 4 | 4 | 60 സെന്റ് |
| 3 | ഗവ: എം.റ്റി. എൽ.പി.എസ് ചെങ്ങമനാട് | സർക്കാർ | 109 | 1 | 4 | 5 | 10 സെന്റ് |
| 4 | ജി. എസ്. എൽ. പി. എസ്. ഐപ്പള്ളൂർ | സർക്കാർ | 72 | 1 | 2 | 3 | 30 സെന്റ് |
| 5 | യു. പി. എസ്. ചേത്തടി | എയ്ഡഡ് | 150 | | | 7 | 3 ഏക്കർ |
| 6 | ഗവ: യു. പി. എസ്. മേലില | സർക്കാർ | 371 | | | 15 | 1 ഏക്കർ |
| 7 | ഡബ്ലിയു. എൽ. പി. എസ് ഇരിങ്ങൂർ | സർക്കാർ SC/ST. Dept. | ഇല്ല | 1 | 1 | 2 | 15 സെന്റ് |
| 8 | എം. എ. എം. എച്ച്. എസ്. ചെങ്ങമനാട് ചേത്തടി | | 182 | 4 | 9 | 13 | 3 ഏക്കർ |
| 9 | മാർ. പീലക്സിനോസ് മെമ്മോറിയൽ ഐ.റ്റി.സി. ചെങ്ങമനാട് | അംഗീകൃതം | 120 | | | | |
| 10 | സെന്റ് മേരിസ് ഇ. എം. സ്ക്കൂൾ കിഴക്കേത്തെരുവ് | ഡി. എം. കോൺവന്റ് വക | 96 | — | 4 | 4 | 2 ഏക്കർ |

# വിവരങ്ങൾ

| ഓഫീസ് റൂം | സ്റ്റാഫ് റൂം | ലബോറട്ടറി | വായനശാല | പാചകശാല | കളിസ്ഥലം | ചുറ്റുമതിൽ | കിണർ | പമ്പ് സെറ്റ് | വൈദ്യുതി | മൂത്രപ്പുര പ്പുര | കക്കൂസ് |
|---|---|---|---|---|---|---|---|---|---|---|---|
| ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഒരുവശം | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| ,, | ,, | ,, | ,, | ഇല്ല | ഉണ്ട് | ഇല്ല | ,, | ഇല്ല | ,, | ഉണ്ട് | ,, |
| | | | | ഉണ്ട് | ഇല്ല | ഉണ്ട് | ,, | ,, | ,, | ,, | ഉണ്ട് |
| | | | | | ഉണ്ട് | ഇല്ല | ,, | ,, | ,, | ,, | ,, |
| ,, | ഉണ്ട് | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ,, | ഇല്ല |
| ,, | ഇല്ല | ,, | ,, | ,, | ,, | ,, | ,, | ഉണ്ട് | ഉണ്ട് | ,, | ഉണ്ട് |
| | | | | | ഇല്ല | ,, | ഇല്ല | ഇല്ല | ഇല്ല | ,, | ,, |
| ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ,, | ഉണ്ട് | ,, | ,, |
| | | | | | | ഇല്ല | ,, | ,, | ,, | ,, | ,, |
| | | | | | | ഉണ്ട് | ഉണ്ട് | ,, | ഇല്ല | ഇല്ല | ഇല്ല |

# V (5) കുടിവെള്ളം

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിൽ ഒന്നായ കുടിവെള്ളത്തിന് മേലില പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിലും രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നുണ്ട്. മഴക്കാലം കഴിയുന്നതോടു കൂടി കിണറുകളും കുളങ്ങളും മറ്റ് ജലാശയങ്ങളും വറ്റി വരണ്ട് ജലക്ഷാമം അനുഭവപ്പെടുന്നു.

സർക്കാർ തലത്തിൽ ചില ആശ്വാസ നടപടികൾ ഇക്കാര്യത്തിൽ ഉണ്ടാകാറുണ്ടെങ്കിലും കാര്യക്ഷമമായ ജലവിതരണത്തിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യപ്തമാണ്.

മഴവെള്ളം ശരിയായി വിനിയോഗിച്ച് ഭൂഗർഭജലത്തിന്റെ അളവ് കൂട്ടി വേണം ജല സ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടത്.

## പ്രധാനപ്രശ്നങ്ങൾ

1. കുന്നുകളും ചരുവുകളും കൂടുതലായി ഉള്ളഭൂപ്രദേശമാകയാൽ ലഭിക്കുന്ന മഴവെള്ളത്തിൽ സിംഹഭാഗവും നീർച്ചാലുകളിൽ കൂടി ഒഴുകി നഷ്ടപ്പെടുന്നു.
2. ജനസംഖ്യയ്ക്ക് ആനുപാധികമായ ജലസ്രോതസുകൾ നിലവിലില്ല.
3. നിലവിലുള്ള ജസസ്രോതസുകൾ വേനൽക്കാലത്തു വറ്റിപോകുന്നതാണ്.
4. ജലതടാങ്ങളിലെ ജലാശയങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല.

## ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ

മേലിലാ പഞ്ചായത്തിലെ താഴെപ്പറയുന്ന പ്രദേശങ്ങൾ രൂക്ഷമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നവയാണ്.

1. ഐപ്പള്ളൂർ വാർഡിലെ എൽ.പി.എസിന് സമീപം പാറമുകൾ, മാതുരഴികത്ത്, ലോവർ കരിക്കം, ആണ്ടൂപൊയ്ക
2. കിഴക്കേതെരുവ് വാർഡിലെ പൊയ്കയിൽ ഭാഗം, സെന്റ്മേരീസ് ജംഗ്ഷൻ
3. ഇരുങ്ങല്ലൂർ വാർഡിലെ കുന്നുമല, തെക്കേകര, കുഴിയിലഴികത്ത്, എരത്തൽകോട്, കുരിയാന മുകൾ
4. ചേത്തടിവാർഡിലെ മുല്ലശ്ശേരി, ചെങ്ങമനാട് ഐ.ടി.ഐ. ജംഗ്ഷൻ, വില്ലൂർ പൊട്ടൻചിറ, ചേത്തടി, പനമ്പിലവടക്കിടത്ത്.
5. ചെങ്ങമനാട് വാർഡിലെ ചെങ്ങമനാട്, മഞ്ചിനാമുകൾ, അംബേദ്കർ കോളനി, ചെങ്ങമനാട് വടക്കേക്കര, കോയിലാക്കോട്.
6. നടുക്കുന്ന് വാർഡിലെ പട്ടികജാതി കോളനി, ലാൽഭവൻ ജംഗ്ഷൻ, പൊയ്കയിൽ ജംഗ്ഷൻ, ചെന്തലജംഗ്ഷൻ
7. വില്ലൂർ വാർഡിലെ പൂച്ചെടിവിള, നാലുസെന്റ് കോളനി, കുറ്റിങ്ങൽ, പാപ്പനാട്, പനമ്പില, ഓണവിള, മരുതൂർ ഭാഗം.
8. മൈലാടും പാറവാർഡിലെ നടീലുവിള, നരിക്കുഴി, ചെമ്പകമുക്ക്, ചേത്തടി, മൂലവട്ടം കാരാണിഭാഗം
9. മേലില വാർഡിലെ മൂലവട്ടം ജംഗ്ഷൻ വടക്കേക്കര, ആമിയോട്ടുമുകൾ, റേഷൻ കടജംഗ്ഷൻ, ക്രേസിംഗ് ബ്ലോക്ക്, കിണറ്റിൻകര, കോയിപ്പുറം ജംഗ്ഷൻ.

## നിർദ്ദേശങ്ങൾ

1. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
2. പ്രവർത്തനരഹിതവും ഉപയോഗശൂന്യവുമായിരിക്കുന്ന കുഴൽക്കിണറുകൾ പ്രവർത്തനക്ഷമമാക്കുക.

3. ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നു. ഒപതുകിണറുകൾ വൃത്തിയായി ഉപയോഗിക്കുന്നതിന് വേണ്ട സത്വരനടപടികൾ സ്വീകരിക്കുക.

4. കുടിവെള്ളം മലിമാകാതിരിക്കുന്നതിനു വേണ്ടമുൻകരുതലുകളും സംരക്ഷണവും നൽകുക.

5. നിലവിലുള്ള കുടിവെള്ളത്തിന്റെ അനാവശ്യമായ ഉപയോഗം നിയന്ത്രിക്കുന്നതിനാവശ്യമായ ബോധവത്ക്കരണം നടത്തുക.

6. പൊതുകിണറുകൾക്ക് നെറ്റ് ഉപയോഗിക്കുക.

7. അത്യാവശ്യ സ്ഥലങ്ങളിൽ കുഴൽക്കിണർ സ്ഥാപിക്കുക.

8. പൊതുക്കിണർ കൂടുതൽ നിർമ്മിക്കുന്നതിന് നടപടിയെടുക്കു.

9. പട്ടികജാതി കോളനികളിൽ പൈപ്പ് ലൈൻ സൗകര്യം ഉണ്ടാക്കുക.

10. നിലവിലുള്ള തലകുളങ്ങൾ വൃത്തിയാക്കി (മലിനവിമുക്തമാക്കിയതിന് ശേഷം വെള്ളം കുടിക്കുന്നതിന് സൗകര്യപ്രദമാക്കി തീർക്കുക)

11. ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട തോടായ മീൻപിടിപാറയിൽ ചെക്ക് ഡാം കെട്ടുകയാണെങ്കിൽ കുടിവെള്ളക്ഷാമം ഒരു അളവ് വരെ പരിഹാരിക്കാൻ കഴിയും.

12. വേനൽക്കാലത്ത് വറ്റി പോകാറുള്ള കിണറുകൾക്ക് ആഴം കൂടി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

13. സർക്കാർ പദ്ധതികളിൽ ലഭ്യമാകുന്ന ധനസഹായമുപയോഗിച്ച് പുതിയ കിണറുകൾ കുഴിക്കുകയും ജലാശയങ്ങൾ സംരക്ഷിക്കുകയും ചെയ്യുക.

# പൊതുജനാരോഗ്യം

ആരോഗ്യം അടിസ്ഥാനപരമായി സാമ്പത്തികവും, സാമൂഹ്യവും, സാംസ്കാരികവുമായ ഒരു പ്രദേശത്തിന്റെ പൊതുഘടനയെ ആശ്രയിച്ചിരിക്കുന്നു. ആരോഗ്യരക്ഷാരംഗത്ത് കേരളത്തിന്റെ മാതൃക വികസിത രാജ്യങ്ങൾ പോലും പഠനത്തിന് വിധേയമാക്കുന്നതാണ്. അതിന്റെ പ്രധാന കാരണം കേരളീയ ഭൂപ്രകൃതിയും, വിദ്യാഭ്യാസപരവുമായ മികവും, പൊതുജനസംഘടനകളുടെ ബോധവൽക്കരണവുമാണ്.

ആരോഗ്യരംഗത്തെ സംപുഷ്ടമാക്കണമെങ്കിൽ ആരോഗ്യമുള്ള ഒരു ചുറ്റുപാട് ഉണ്ടായേ മതിയാകൂ. ആരോഗ്യമാഉള്ള ചുറ്റുപാട്, ആരോഗ്യമുള്ള ജനതയെ സൃഷ്ടിക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി സംസ്ഥാനത്തിന്റെ പൊതുനിലവാരത്തേക്കാൾ മെച്ചമായ നിലയിലാണെന്ന് പറയാം. കാരണം നിമ്നോന്നതമായതും, മലിനജലം പെട്ടെന്ന് ഒഴുകി പോകുവാൻ സാധ്യതയുള്ളതു കൊണ്ടുമാണ്. എങ്കിൽ പോലും പൊതുജനാരോഗ്യ സ്ഥാപനങ്ങളും അവയുടെ പ്രവർത്തനങ്ങളും മെച്ചപ്പെട്ട നിലയിൽ ഇനിയും ആയിട്ടില്ല.

പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കൃഷിക്കാരും, പരമ്പരാഗതമേഖലയിൽ പണിയെടുക്കു ന്നവരുമാണ്.

ചെറുതും വലുതുമായ ആരോഗ്യരംഗത്തെ അപര്യാപ്തതൾ പരിഹരിച്ച് ദീർഘവീക്ഷണത്തോടു കൂടിയുള്ള പദ്ധതികൾ അനിവാര്യമാണ്. മാർക്കറ്റുകൾ ശുചിയായി സംരക്ഷിക്കണം. മദ്യപാനം എന്ന മഹാരോഗം നമ്മുടെ ഗ്രാമത്തെ കീഴടക്കി കൊണ്ടിരിക്കുകയാണ്. ശക്തമായ ബോധവൽക്കരണത്തിലൂടെ മാത്രമെ ഈ വിപത്തിൽ നിന്നും നമുക്കു മോചനമുള്ളു.

| | |
|---|---|
| ആകെവീട് | 5965 |
| ജനസംഖ്യ (96 ലെ കണക്ക്) | 25000 |
| പുരുഷൻ | 10140 |
| സ്ത്രീകൾ | 11,000 |
| കുട്ടികൾ (6 വയസ്സിനു താഴെ) | 3860 |
| കിണർ | 5940 |
| പൊതുകിണർ | 21 |
| കുഴൽകിണർ | 5 |
| കുളം | 10 |
| മന്ദബുദ്ധിയുള്ളവർ പ്രായ പൂർത്തിയാകാത്തവർ | 13 |
| മന്ദബുദ്ധിയുള്ള പ്രായ പൂർത്തിയായവർ | 7 |
| അംഗവൈകല്യമുള്ളവർ | 72 |

## സ്ഥാപനങ്ങളും സേവനങ്ങളും

### 1. ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി മേലില

25 വർഷത്തെ പഴക്കമുള്ള ഈ സ്ഥാപനത്തിൽ ധാരാളം രോഗികൾ എത്തുന്നു. സ്വന്തമായി കെട്ടിടവും സ്ഥലവുമുള്ള പ്രസ്തുത സ്ഥാപനത്തിൽ 1996 നവംബറിൽ 1840 രോഗികൾ എത്തിയിട്ടുണ്ട്.

### 2. പ്രൈമറി ഹെൽത്ത് സെന്റർ വില്ലൂർ

1995 മാർച്ചിലാണ് പ്രവർത്തനം ആരംഭിച്ചത്. നാളിതു വരെ 4710 രോഗികളാണ് സ്ഥാപനത്തിൽ എത്തിയിട്ടുള്ളത്. സ്വന്തമായി കെട്ടിടം ഇല്ല. വില്ലൂർ പൊട്ടൻചിറയിൽ പബ്ലിക് ഹെൽത്ത് സബ്ബ് സെന്ററു പ്രവർത്തിക്കുന്നു.

കൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ട് ആരോഗ്യകേന്ദ്രങ്ങളും ആയുർവ്വേദ ശുശ്രൂഷാ കേന്ദ്രങ്ങളും നിലവിലുണ്ട്.

വയറിളക്കം, ചിക്കൻഫോക്സ്,. അഞ്ചാംപനി, മഞ്ഞപിത്തം, ക്ഷയം തുടങ്ങിയവയാണ് പ്രധാനമായും കണ്ടു വരുന്ന പകർച്ചവ്യാധികൾ. ദേശീയ പോളിയോ നിർമ്മാർജ്ജനപരിപാടി വിജയകരമായി നടപ്പിലാക്കിയി ട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1. കന്ന് കാലികളെ വളർത്തുന്നതിന് ആവശ്യമായ തൊഴുത്തുകളുടെ അപര്യാപ്തത പൊതുജനാരോഗ്യത്തിന് ഭീഷണിയായും മലിന ജലം പൊതുനിരത്തിൽ ഒഴുകുന്നത് തടയുന്നതോടൊപ്പം, ഹെൽത്ത് സ്ക്വാഡുകൾ രൂപീകരിക്കണം.
2. പഞ്ചായത്തിൽ ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.
3. മേലിലാ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറി 10 കിടക്കകളുള്ള ആശുപത്രിയായ അപ്ഗ്രേഡ് ചെയ്യണം.
4. വില്ലൂർ പ്രൈമറി ഹെൽത്ത് സെന്ററിന് സ്വന്തമായ കെട്ടടത്തോടു കൂടി വിപുലപ്പെടുത്തണം. മിനി സെന്ററുകൾ സ്ഥാപിക്കണം.
5. കൊതുകു നശീകരണം, കിണറിലെ വെള്ളം ശുദ്ധമാക്കാൻ, പൊതുമാർക്കറ്റ് ഷുചീകരിക്കണം.
6. വ്യാജമദ്യവിധ്വത കർശനമായി തടയുകയും അതിനെതിരെ ജനകീയ സ്ക്വാഡുകൾ രൂപീകരിക്കുകയും വേണം.
7. കക്കൂസുകൾ എയർപൈപ്പിൽ വലയിട്ട് മൂടി കൊതുകുകളെ നിയന്ത്രിക്കണം.
8. റബ്ബർ പാൽ ക്ഷീറ്റാക്കുന്ന സ്ഥലങ്ങളിലെ ദുർഗന്ധവും മലിനജലവും രൂക്ഷമായ മലിനീകരണമാകയാൽ അവയ്ക്ക് പരിഹാര മുണ്ടാകണം.
9. വില്ലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കണം. കിടക്കകളോടുകൂടി അപ്ഗ്രേഡ് ചെയ്യണം.

# V (6) ഗതാഗതം

ഗതാഗതം അല്ലെങ്കിൽ പോക്കുവരത്ത് എന്ന സമ്പ്രദായത്തിന് മനുഷ്യചരിത്രത്തോളം പഴക്കമുണ്ട്. നായാടി നടന്ന മനുഷ്യർ ഓരോരോ പ്രദേശങ്ങളിൽ സ്ഥിരതാമസമായി തുടങ്ങിയതോടെയാണ് ഗതാഗതം നിയതമായ ഒരു ദിശയിലൂടെ ആയിത്തീർന്നത്. അതായത് നടപ്പാതകൾ ഉണ്ടാകുന്നത്. അത് ക്രമേണ റോഡായി പരിണമിച്ചു. റോഡ്. റെയിൽ, ജലവ്യോമമാർഗ്ഗങ്ങളെല്ലാം ഇന്ന് ഗതാഗതത്തിനായി ഉപയോഗിക്കുന്നു. ഒരു കാലത്ത് പത്തുകിലോ മീറ്റർ ദൂരം പോകാൻ അരദിവസമെടുത്തിരുന്നുവെങ്കിൽ ഇന്ന് ആയിരം കിലോമീറ്റർ പറന്നു പോകാൻ സെക്കന്റുകൾ മതിയാകുന്നു.

റോഡുമാർഗ്ഗമുള്ള ഗതാഗതമല്ലാതെ മറ്റൊരു മാർഗ്ഗവും ഈ പഞ്ചായത്തിലില്ല. ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്ന രണ്ടു റോഡുകൾ എം.സി. റോഡും, ക്യൂ.എസ് റോഡുമാണ്.

ഏകദേശം നൂറുവർഷങ്ങൾക്ക് മുമ്പ്, പഴയ കാട്ടുപാതകൾ രൂപപ്പെട്ടുണ്ടായ റോഡുകളാണ് അധികവും ഉണ്ടായിരുന്നത്. ഭൂസർവ്വെ നടത്തി പണിത റോഡുകളിൽ പാലങ്ങളും കലുങ്കുകളും തീർത്ത് വളരെ ദൂരം ഒരു തടസ്സവുമില്ലാതെ പോകാൻ സൗകര്യം ഉണ്ടായതോടെ റോഡിൽ വാഹനങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

കൊട്ടാരക്കര നിന്നും പത്തനാപുരത്ത് എത്താൻ അന്ന് ഉപയോഗിച്ചിരുന്ന പാത കിഴക്കേ തെരുവിൽ നിന്നും തലവൂർ പാണ്ടിത്തിട്ട വഴി പിടവുരെ മുട്ടത്തു കടവും കടന്ന് പോകണ മായിരുന്നു. അതേ പോലെ കിഴക്കേതെരുവിൽ നിന്നും പട്ടുമലവഴി നടുക്കുന്നിലൂടെ വെട്ടിക്കവല ക്ഷേത്രത്തിലെ ത്തിച്ചേരാൻ മററൊരു വഴിയുമുണ്ട്. ഇത് പഴയ രാജവീഥിയാണെന്നാണ് നാട്ടുക്കാരുടെ മതം.

ഈ പഞ്ചായത്തിലെ പ്രധാന റോഡുകളല്ലാതെ ടാറിട്ട അനവധി റോഡുകൾ ഇന്നുണ്ട്. വെട്ടിക്കവല മേലില ചക്കുവയ്ക്കൽ കോട്ടവട്ടം തലവൂർ മൈലം എന്നീ പ്രദേശങ്ങളിൽ പോകാൻ ഇന്ന് ടാറിട്ട റോഡുകളുണ്ട്.

ഇന്നു കാണുന്ന ഈ റോഡുകളുടെ യൊക്കെ ഓരങ്ങളിൽ ഒരു കാലത്ത് നിറയെ ചോലമരങ്ങൾ ഉണ്ടായിരുന്നു. ഭാരവും ചുമന്ന് നടന്ന് ക്ഷീണിക്കുന്നവർക്ക് അതിറക്കി വയ്ക്കാൻ ചുമടുതാങ്ങികളും ഇടയ്ക്കൊന്നു വിശ്രമിക്കാനും പാഥേയമുണ്ണാനും സത്രങ്ങളും കളത്തട്ടുകളു മുണ്ടായിരുന്നു.

ഏകദേശം ഇരുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പ്വരേയും ഈ റോഡുകളിലൂടെ ഭാരം കയറ്റിയ കാളവണ്ടികൾ നിരനിരയായി നീങ്ങുന്നു. കാഴ്ച കൗതുകകരമായിരുന്നു. വണ്ടിച്ചക്രത്തിന്റെ കടകടശബ്ദവും കാളകളുടെ കഴുത്തിലെ കുടമണികിലുക്കവും ഉറക്കം വരാതിരിക്കാനുള്ള വണ്ടിക്കാരന്റെ നീട്ടിനീട്ടിയുള്ള പാട്ടുകളു ഇടയ്ക്കിടെയുള്ള ചാട്ടവാറടിയും കഴിഞ്ഞ കാലത്തിന്റെ ഓർമ്മകളിൽ മാത്രവശേഷിക്കുന്നു.

മോട്ടോർകാറുകൾ വരുന്നതിന് മുമ്പ് സാമ്പത്തിക ശേഷിയുള്ളവർ യാത്രാവാഹനമായി ഇരട്ടക്കാള, ഒറ്റക്കാള വില്ലുവണ്ടികളും ആപൂർവ്വമായി കുതിരവണ്ടികളുമായിരുന്നു ഉപയോഗിച്ചിരുന്നത്.

ചോലമരങ്ങളെല്ലാം വർഷങ്ങൾക്കു മുമ്പേ മുറിച്ചു മാറ്റിയെങ്കിലും ചുമടുതാങ്ങികളുടെ അവശിഷ്ടങ്ങൾ ചിലേടത്തെങ്കിലും കാണാം.

കേരളത്തിൽ നിന്ന് തമിഴ്നാട്ടിലേക്കും പുനലൂർ നിന്ന് കൊല്ലത്തേക്കും മറ്റും വളരെ ദൂരം പോകുന്ന വണ്ടി കൾ ഇടത്താവളങ്ങളായി ഉപയോഗിച്ചിരുന്ന സ്ഥലങ്ങളാണ് വണ്ടിപ്പേട്ടകൾ.

ചെങ്ങമനാട് ജംഗ്ഷൻ പടിഞ്ഞാറു ആശ്രമം ജംഗ്ഷനിലും ചേത്തടിയിലെ വണ്ടിപ്പേട്ട ജംഗ്ഷനിലും ഇത്തരം ഇടത്താവളങ്ങൾ (വണ്ടിപ്പേട്ടകൾ ഉണ്ടായിരുന്നു.) ഒരു കാലത്ത് കാളവണ്ടികളുടെ പ്രസിദ്ധമായ നിർമ്മാണ കേന്ദ്രമായിരുന്നു ചെങ്ങമനാട്.

ആദ്യമായി ഈ നിരത്തുകളിലൂടെ ഓടിയ വാഹനം ആവികൊണ്ടോടുന്ന ലോറികളും ബസുകളുംമായിരുന്നു. ഇവിടെത്തെ കശുവണ്ടി ഫാക്ടറികളിലേക്ക് വരുന്ന ലോറികൾ ആവി കൊണ്ട് ഓടിച്ചിരുന്നവയാണ്. ആ കാലത്തു തന്നെ കുറച്ചുഭാരങ്ങൾ കയറ്റാൻ കൈവണ്ടികളു മുണ്ടായിരുന്നു.

മൺറോഡുകൾ മെറ്റലായി, പിന്നെ ടാറായി, റോഡുകളിൽ പെട്രോൾ വാഹനങ്ങളും സൈക്കിളുകളും സജീവമായി.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തിനു ശേഷം അതിവേഗത്തിലാണ് വാഹനപ്പെരുപ്പമുണ്ടായത്. പോക്കുവരത്തിനായി സർക്കാർ തലത്തിൽ ആദ്യം തുടങ്ങിയ ബസ് സർവ്വീസുകളിലൊന്ന് കൊട്ടാരക്കര നിന്നാണെന്നാണ് പറഞ്ഞു കേൾക്കുന്നത്. പത്തും ഇരുപതും മൈലുകൾ കാൽനടയായി പൊയ്ക്കൊണ്ടിരുന്ന മനുഷ്യർ ഇന്ന് ഒരു കിലോമീറ്റർ പോലും നടക്കാൻ തയ്യാറില്ലാത്ത അവസ്ഥയിൽ എത്തി നിൽക്കുന്നു. ബസ് സർവ്വീസുകൾ അത്രത്തോളം സജീവമായിട്ടുണ്ട്. കാറുകളും ഓട്ടോറിക്ഷകളും ഓരോ കൊച്ചു പട്ടണത്തിന്റെയും ആധിപത്യം പിടിച്ചെടുത്തിരിക്കുന്നു. മിനിലോറികളും ലോറികളും വന്നതോടെ കാളവണ്ടികളും നിന്നു പോയിരിക്കുന്നു.

ഒരു കാലത്ത് ഓരോ പുരയിടത്തിനു ചുറ്റിലും വളരെയേറെ സ്ഥലം വഴികൾക്കായി നീക്കിവച്ചിരുന്നു. വീടുകളുടെ പെരുപ്പവും മണ്ണിന്റെ വിലകൂടലും കാരണം ഒരിടക്കാലത്ത് ഈ വഴികളെല്ലാം കെട്ടിയടച്ചു പലരും കൈവശമാക്കി.

കേരളത്തിന്റെ തനിമയായ തുണ്ടു ഭൂമികളും, ചുറ്റിലും കയ്യാലയോ, മതിലോ, വേലിയോ തീർത്ത് അതിനുള്ളിലൊരു വീടും എന്ന രീതികൊണ്ട് വഴികളുടെ ആവശ്യം അധികമായി വന്നു. ഈ വഴികളെല്ലാം റോഡാക്കി മാറ്റണമെന്ന മുറവിളികളായി. പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ നല്ലൊരു ഭാഗം റോഡിനായി മാറ്റപ്പെട്ടിരിക്കുന്നു. അനിയന്ത്രിതമായ റോഡു നിർമ്മാണം ഒരു വീണ്ടു വിചാരത്തിന് വിധേയമാക്കേണ്ടതാണ്. മറ്റ് സംസ്ഥാനങ്ങളിലെ ഭൂപ്രകൃതിയനുസരിച്ച് ഗ്രാമങ്ങളിൽ വളരെക്കുറച്ച് റോഡുകൾ കൊണ്ട് വളരെക്കൂടുതൽ ആളുകൾക്ക് പ്രയോജനമുണ്ടാകുമ്പോൾ കേരളത്തിലെ വീടുകളേക്കാൾ കൂടുതൽ റോഡുകൾ ആയി മാറുന്നുണ്ട്.

1953ൽ പഞ്ചായത്ത് നിലവിൽ വന്നതിനു ശേഷമാണ് ഓരോ ഗ്രാമവും റോഡു നിർമ്മാണരംഗത്ത് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. റോഡുകളുടടെ സൗകര്യം കൊണ്ടു പല പ്രദേശങ്ങളും വികസിച്ചിട്ടുണ്ട്. ചെങ്ങമനാട് തലവൂർ റോഡിന്റെ ഇത്ഭവസ്ഥാനത്തെ തടസമാണ് ഈ പ്രദേശത്തിന്റെ മുരടിപ്പിന് ഒരു കാരണം.

പഞ്ചായത്തിൽ തലങ്ങും വിലങ്ങും റോഡുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും റോഡിന്റെ ആവശ്യം ഇന്നും വളരെയധികമാണ്. പഞ്ചായത്ത് ഫണ്ടിലെ നല്ലൊരു ഭാഗം റോഡിനാണ് മാറ്റിവയ്ക്കുന്നത്.

വാഹനങ്ങൾ പാർക്കു ചെയ്യാൻ ബോർഡുകൾ വച്ച പാർക്കിങ് സ്ഥലങ്ങൾ ഇവിടെയില്ല. ചെങ്ങമനാട്ടും കിഴക്കേതെരുവിലും റോഡരുകിൽ തന്നെയാണ് പാർക്കു ചെയ്യുന്നത്.

നാട്ടിൽ വളരെയധികം പരാതികൾ നിലനിൽക്കുന്നത് റോഡുകളെപ്പറ്റിത്തന്നെയാണ്.

## പ്രശ്നങ്ങൾ

1. പല റോഡുകൾക്കും വേണ്ടത്ര വീതിയില്ല.
2. മറ്റുചില റോഡുകൾ 8 മീറ്റർ വീതിവേണമെന്ന കാരണത്താൽ പണിചെയ്യാൻ കഴിയാതെ കിടക്കുന്നു.
3. മണ്ണൊലിച്ചു പോകുന്ന റോഡുകൾക്ക് ഇപ്പോഴത്തെ നിയമമനുസരിച്ച് പെറ്റിവർക്കുകൾ

ഉപയോഗപ്രദമായി ചെയ്യാൻ കഴിയുന്നില്ല.

4. മെറ്റലോ ടാറോ ഇട്ട റോഡുകൾക്ക് അറ്റകുറ്റപ്പണിയും ഓട തെളിക്കലും നടക്കുന്നില്ല.

5. പ്രധാന റോഡുകളിലെ കുഴികൾ സമയാസമയം നികത്തി ടാർ ചെയ്യാത്തതുമൂലവും, യതൊരു തത്വദീക്ഷയുമില്ലാതെ റോഡിനു കുറുകേയും സൈഡുകളിലും ഉണ്ടാക്കുന്ന കുഴികൾ മൂടാതെയും വേലി കെട്ടി വേർതിരിച്ച് വയ്ക്കാതെയും സിഗ്നലുകൾ വയ്ക്കാതെയും ഇരിക്കുന്നതുമൂലം വാഹനങ്ങളും മനുഷ്യരും കന്നുകാലികളും അപകടത്തിൽപെട്ട് ജീവഹാനികൾ സംഭവിക്കുന്നു.

## പരിഹാരങ്ങൾ

1. പഞ്ചായത്ത് വാർഡുകളെ ബന്ധിപ്പിക്കുന്നതും സമീപ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കാൻ കഴിയുന്നതും ഏതെങ്കിലും പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായിട്ടുള്ളതും കാർഷിക മേഖലയ്ക്ക് ഗുണകരമായിട്ടു ള്ളതുമായ റോഡുകൾ അടിയന്തര പ്രാധാന്യം നൽകി നിർമ്മാണം നടത്തുക.

2. പിന്നോക്ക വിഭാഗക്കാർ തിങ്ങിപാർക്കുന്നതും ഏതെങ്കിലും വാഹനം ചെന്നെത്താൻ സൗകര്യമില്ലാത്തതുമായ സ്ഥലങ്ങളിൽ റോഡുകൾ നിർമ്മിക്കുക.

3. ഉള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കി പരിരക്ഷിക്കുക.

4. പ്രധാന റോഡുകൾക്ക് ഓടകൾ തീർത്ത് ജലനിർഗമനത്തിന് സജ്ജമാക്കുക.

5. പ്രധാന റോഡുകളിലെങ്കിലും വാഹനങ്ങളുടെ വേഗത നിയന്ത്രണം ഉണ്ടാക്കുകയും അക്കാര്യത്തിൽ ഗൗരവമായ ശ്രദ്ധയും നിലനിർത്തുക.

പദ്ധതി നടത്തിപ്പിന്റെ ആദ്യവർഷം തന്നെ ഏറ്റെടുക്കേ റോഡുകൾ ചുവടെ ചേർക്കുന്നു

| | | | | |
|---|---|---|---|---|
| I | 1. മാതിരേഴികത്ത് മുക്ക് To മീൻപിടിപാറ | | 2.00 കി .മീ |
| | 2. അടൂർ മുക്ക് - ലോവർകരിക്കകം To ആണ്ടുപൊയ്ക | | 2.500 കി .മീ |
| II | 1. കുറ്റിയിൽഭാഗം - മീൻപിടിപാറ To M.C.റോഡ് | | 2.500 കി .മീ |
| | 2. പട്ടമല - നെട്ടൂർകുന്ന് To സെന്റ് മേരീസ്സ്ക്കൂൾ | | 2.00 കി .മീ |
| III | 1. ചായക്കട To പുന്നോട് | - | 1.50 കി .മീ |
| | 2. അവലുമുക്ക്, അമ്മണംകോട് To താഴമംഗലം | - | 1.200 കി .മീ |
| IV | 1. കുരിയാനമുകൾ, വിജയഭവനം To ചെമ്പകമുക്ക് | - | 2.750 കി .മീ |
| | 2. എസ്. വി. To പാലനിരപ്പ് | | 0.750 കി .മീ |
| V | 1. MTSS LPS - പട്ടമല To പള്ളിമുക്ക് | - | 2.00 കി .മീ. |
| | 2. ജമ്യംകോട്, ആലുംമൂട് To വെട്ടിക്കവല | - | 2.00 കി .മീ |
| VI | 1. മണ്ണാംതുണ്ടിൽഭാഗം, ഐപ്പള്ളൂർ To ശാലേം LPS | - | 2.00 കി .മീ |
| | 2. ഭജനമഠം, തുടുപ്പള്ളി പടിക്കൽ, ചരുവിളഭാഗം To ജമ്യംകോട് | - | 2.00 കി .മീ |
| | 3. കോടക്കൽ, ഗുരുസികാമൻകാവ്ക്ഷേത്രം To വെട്ടിക്കവല | - | 2.00 കി .മീ |
| VII | 1. പൊട്ടൻചിറ, പുത്തൂർവയൽ ഏല | - | 1.00 കി .മീ |

VIII 1. ആനൂർപടിക്കൽ, കണിയാംകുഴി To ചാലുവിള - 4.00 കി .മീ

2. പാറപ്പാട്, പാച്ചൂർ To ചിരട്ടക്കോണം - 2.00 കി .മീ

3. രക്ഷാസൈന്യംപള്ളി, പനമ്പില മരുതൂർ വിളയിൽ - 4.00 കി .മീ

IX 1. നടീലുവിള To ശങ്കർജംഗ്ഷൻ

2. കടമ്പ്ര, വില്ലൂർ റോഡ് 2nd reach

X 1. ചപ്പാത്ത് ജംഗ്ഷൻ - കിണറ്റിൻകര

2. കിണറ്റിൻകര - തോണിക്കൽ

## നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | പഞ്ചായത്ത് റോഡ് | | | | P.W.D റോഡ് | | | | |
|---|---|---|---|---|---|---|---|---|---|
| | പക്ക | മെറ്റൽ | കച്ച | ആകെ | NH | SH | Interstate | Others | ആകെ |
| I | 2900 | — | 16750 | 19650 | | 1000 | | | 1000 |
| II | 1000 | — | 13800 | 14800 | | | | | |
| III | 2000 | — | 11250 | 13250 | | | | | |
| IV | 2400 | — | 13900 | 16300 | | | | | |
| V | — | — | 7300 | 7300 | | | 2000 | | 2000 |
| VI | 1600 | — | 18000 | 19600 | | | | 1200 | 1200 |
| VII | 2525 | — | 13450 | 15975 | | | 1200 | 2500 | 3700 |
| VIII | — | — | 12100 | 12100 | | | | 1000 | 1000 |
| IX | 4100 | — | 15200 | 19300 | | | | 1000 | 1000 |
| X | 4650 | — | 11700 | 16350 | | | | 1500 | 1500 |
| ആകെ | 21175 | — | 133450 | 154575 | | | 3200 | 7200 | 11400 |

# ഊർജ്ജം

സീയൂസ് ദേവന്റെ സന്നിധിയിൽ നിന്നും അഗ്നി മോഷ്ടിച്ച് മനുഷ്യർക്ക് എത്തിച്ചു കൊടുത്തതിന്, ആകാശത്തിനും ഭൂമിക്കുമിടയിൽ തൂങ്ങിക്കിടന്ന് എന്നും കഴുകന്മാരാൽ കരൾ കൊത്തിപ്പറിക്കട്ടെ, എന്ന ക്രൂരമായ ശിക്ഷാ വിധിക്കു വിധേയനായ പ്രൊമിത്യൂസിന്റെ കഥ, ദേവന്മാർക്കിടയിൽ പോലും അഗ്നിക്ക് (ഊർജ്ജത്തിന്) എന്തു മാത്രം വിലകല്പിച്ചിരുന്നുവെന്നു മനസ്സിലാക്കാം.

രാത്രിയുടെ ഭീകരതയിൽ നിന്നും, അതിൽ നിന്നുള്ള ഭയത്തിൽ നിന്നും മനുഷ്യന് മോചനം നൽകയിത് അഗ്നിയാണ്. മരക്കൊമ്പുകളിലും പാറയുടെ വിള്ളലുകളിലും കഴിഞ്ഞിരുന്ന മനുഷ്യൻ സൗരയുഥങ്ങളേയും കടന്ന് ആകാശഗംഗയിലൂടെ പ്രകാശവേഗത്തിൽ പാഞ്ഞു പോകുന്നതും ഊർജ്ജം കൊണ്ടാണ്.

മനുഷ്യന്റെ കഴിഞ്ഞ കാലചരിത്രത്തിൽ ഊർജ്ജത്തിന്റെ ഉപയോഗം, ആഹാരം പാകം ചെയ്യുന്നതിനും വെളിച്ചത്തിനുമായിരുന്നു. നൂറ്റാണ്ടുകളിലൂടെയുള്ള മനുഷ്യന്റെ ജീവിത പരിണാമ പ്രക്രിയകളിലുണ്ടായ സാരമായ വ്യതിയാനങ്ങൾ, വളർച്ചകൾ, അവന്റെ ഊർജ്ജ ഉപയോഗത്തെ ഹിമാലയത്തോളം ഉയർത്തിക്കെട്ടിയിരിക്കുന്നു. മനുഷ്യന്റെ നിത്യജീവിതത്തിൽ ഇന്നവന് ഒഴിച്ചു കൂടാനാകാത്ത അവസ്ഥയിൽ എത്തിയിരിക്കുന്നു വൈദ്യുത ഊർജ്ജം.

ഏകദേശം 50 വർഷങ്ങൾക്കു മുമ്പാണ് വൈദ്യുതി വെളിച്ചം ഒരു അത്ഭുതമെന്നോണം ഈ പഞ്ചായത്തിലേക്ക് കടന്നു വന്നത്. അന്ന് തെരുവിളക്കുകൾ മാത്രമായിരുന്നു വൈദ്യുതി കൊണ്ട് കത്തിയിരുന്നത്. വീട്ടാവശ്യങ്ങൾക്കുള്ള വെളിച്ചത്തിനായി, മണ്ണെണ്ണ വിളക്കെണ്ണ മരോട്ടിയെണ്ണ മുതലായവയാണ് ഉപയോഗിച്ചിരുന്നത്. പാചകാവശ്യങ്ങൾക്കായി വിറക്, ചൂട്ട്, കൊതുമ്പ്, ഓല, ചിരട്ട, കരിയില മുതലായവയാണ് ഉപയോഗിച്ചിരുന്നത്. വസ്ത്രങ്ങൾ തേയ്ക്കുന്നതിനും സ്വർണ്ണപ്പണിക്കാർക്ക് നെരിപ്പോട് ഉണ്ടാക്കുന്നതിനും ചിരട്ടയും, ഇരുമ്പു പണിശാലകളിൽ കരിയും മറ്റുമാണ് ഉപയോഗിച്ചിരുന്നത്.

വൈദ്യുതി ഉപയോഗം സാധാരണയായതോടെ അതിന്റെ ധാരാളിത്തവുമുണ്ടായി. ഊർജ്ജപ്രതിസന്ധിയുടെ പ്രധാനകാരണങ്ങളിൽ ഒന്ന്, ഇത്തരം ധാരാളിത്തവും, അലക്ഷ്യമായ ഊർജ്ജ ഉപയോഗവുമാണെന്നാണ് പറയുന്നത്. അത്യന്താധുനിക ജീവിതരീതികൾ ശീലിച്ച മനുഷ്യന് ഒരു സെക്കന്റു പോലും അതില്ലാതെ കഴിയാൻ ആകാത്ത അവസ്ഥയിൽ എത്തിയിരിക്കുന്നു. സമൂഹത്തിലെ ഒരു ന്യൂനപക്ഷം ഇത്തരം ധൂർത്ത് നടത്തുമ്പോൾ ബഹുഭൂരിപക്ഷം വരുന്ന മറുപക്ഷം, രാത്രിയിലെ വെളിച്ചത്തിനും പോലും വൈദ്യുതി കിട്ടാതെ വിഷമിക്കുന്നു. ഇടത്തരക്കാരും അതിനുമുകളിലുള്ളവരും വൈദ്യുതിയും, പെട്രോളിയം ഗ്യാസും ഉപയോഗിക്കുന്നു. അപൂർവ്വം ചിലർ ബയോഗ്യാസ് ഉപയോഗിക്കുന്നു. ഏകദേശം പത്ത് ശതമാനത്തോളമെങ്കിലും മണ്ണെണ്ണ ഉപയോഗിക്കുന്നു. എന്നാൽ ബഹുഭൂരിപക്ഷവും ഇന്നും വിറകും ചൂട്ടും, ഓലയും, മറ്റുമാണ് ഉപയോഗിക്കുന്നത്. അദ്ധ്വാനത്തിലൂടെ ഉണ്ടാകുന്ന മാനസികവും ശാരീരകവുമായ ആരോഗ്യത്തെ ഇല്ലാതാക്കുന്ന യന്ത്രോപകരണങ്ങൾ പരമാവധി നിയന്ത്രിച്ചും പാരമ്പര്യേതരമായ ഊർജ്ജസ്രോതസുകൾ പരമാവധി പ്രയോജനപ്പെടുത്തിയും ദക്ഷത കൂടിയ അടുപ്പുകളും പ്രഷർകുക്കറുകളും ഉപയോഗിച്ചും, ഇന്നനുഭവപ്പെടുന്ന ഊർജ്ജ പ്രതിസന്ധിയെ ഒരു പരിധി വരെ തരണം ചെയ്യാൻ കഴിയും.

വൈദ്യുതി നിയന്ത്രണം കൂടി വന്നതോടെ ബാറ്ററികളും, ജനറേറ്ററുകളും കൂടുതൽ ഉപയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. ഒട്ടുമിക്ക വ്യാപാരസ്ഥാപനങ്ങളിലും വളരെക്കുറച്ച് വീടുകളിലും എമർജൻസി ലൈറ്റുകളും മെഴുകുതിരികളും ഉപയോഗിക്കുന്നു. ബഹുഭൂരിപക്ഷം

വീടുകളിലും വൈദ്യുതിയാണ് വെളിച്ചം നൽകുന്നത്. നല്ലൊരു ശതമാനം, വെളിച്ചത്തിനും പാചകത്തിനും മണ്ണെണ്ണ ഉപയോഗിക്കുന്നു. വളരെ അപൂർവ്വമായി ഗ്യാസ് ലൈറ്റുകളും സോളാർ സെല്ലുകളും ബയോഗ്യാസും ഉപയോഗിക്കുന്നു. കൂടുതൽ സൗകര്യം കണക്കാക്കി പെട്രോളിയം ഗ്യാസിന്റെ ഉപഭോക്താക്കളുടെ എണ്ണം പെരുകുന്നുണ്ട്.

പാരമ്പര്യേതര ഊർജ്ജം ഉല്പാദനത്തിന് മിനിജലവൈദ്യുതി പദ്ധതിയോ, കാറ്റ് ഉപയോഗിച്ചുള്ള ഉല്പാദനത്തിനോ സൗകര്യമില്ല. ആകയാൽ വെളിച്ചത്തിന് വൈദ്യുതിബോർഡിനെ ആശ്രയിക്കാതെ നിവർത്തിയില്ല. പാചകത്തിന് പരമ്പരാഗതമാർഗ്ഗങ്ങൾ തന്നെയാണ് കൂടുതൽ അഭികാമ്യം, അതിനായി ദക്ഷത കൂടിയ വിറക് അടുപ്പുകൾ ഉപയോഗിക്കാം. അനർട്ടിന്റെ സാങ്കേതികതകൾ കൂടുതൽ പ്രയോജനപ്പെടുത്താം. അതിനായി അനെർട്ടിന്റെ ഒരു കേന്ദ്രം ഈ പഞ്ചായത്തിൽ തന്നെ തുടങ്ങേണ്ടതാണ്.

വൈദ്യുതി ഉപയോഗം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും എത്തിയിട്ടുണ്ടെങ്കിലും ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത അനേകം വീടുകളും സ്ഥാപനങ്ങളുമുണ്ട്. അപേക്ഷ സമർപ്പിച്ച് കണക്ഷന് വേണ്ടി കാത്തിരിക്കുന്നവരും വളരെയുണ്ട്. പുതിയ വീടുകൾക്കെല്ലാം വൈദ്യുതിക്കുള്ള അപേക്ഷകൾ നൽകിക്കൊണ്ടിരിക്കുന്നു. വളരെ പ്രധാനപ്പെട്ട സ്കൂളുകൾക്കു പോലും ഇനിയും വൈദ്യുതികിട്ടിയിട്ടില്ല. ചെങ്ങമനാട് ഗവൺമെന്റ് എം.റ്റി. എൽ.പി.എസ്സിന് കുടിവെള്ളത്തിനായി മോട്ടോർ പമ്പ് സെറ്റ് ചെയ്തിട്ട് വളരെക്കാലമായി, വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ അവ തുരുമ്പായി തുടങ്ങി.

വഴിവിളക്കുകൾക്കായി പഞ്ചായത്തിൽ നിന്നും ഒരു വർഷം 82,660 രൂപ അടയ്ക്കുന്നുണ്ട്. എന്നാൽ പലപ്പോഴും അതിൽ കുറച്ചു മാത്രമേ കത്താറുള്ളു.

വെളിച്ചത്തിനും കാറ്റിനുമല്ലാതെയുള്ള വൈദ്യുതി ഉപയോഗം സ്വയം നിയന്ത്രിക്കാൻ തയ്യാറാകണം. സ്ലാബ് സമ്പ്രദായം നിലനിൽക്കുന്നതു കൊണ്ടു പലരും വൈദ്യുതി നിയന്ത്രിക്കാൻ താല്പര്യവും കാണിക്കുന്നില്ല.

വൈദ്യുതി ബോർഡിന്റേയും പഞ്ചായത്തിന്റെയും മുൻകയ്യിൽ ഊർജ്ജ ഉപയോഗത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തണം.

## പ്രശ്നങ്ങൾ

1. തെരുവിളക്കുകൾ കത്തുന്നില്ല.
2. വീടുകൾക്ക് കണക്ഷൻ കിട്ടാൻ താമസിക്കുന്നു.
3. മിക്കസ്ഥലത്തും വോൾട്ടേജില്ല.
4. മണ്ണെണ്ണ വേണ്ട പോലെ ലഭിക്കുന്നില്ല.

## പരിഹാരങ്ങൾ

1. പാചകത്തിന് പരമാവധി വിറക് അടുപ്പുകൾ ഉപയോഗിക്കുകക.
2. അത് പുകയില്ലാത്തതും ദക്ഷത കൂടിയതുമായ അടുപ്പുകൾ ആയിരിക്കുക.
3. സൗരോർജ്ജ തെരുവിളക്കുകൾ സ്ഥാപിക്കുക.
4. അനെർട്ടിക്കിന്റെ ഒരു സെന്റർ പഞ്ചായത്തിൽ സ്ഥാപിക്കുക.
5. വിറകിനും അന്തരീക്ഷമലിനീകരണം കുറയ്ക്കുന്നതിന് പൊതു സ്ഥലങ്ങളിഇൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ഫലമെടുക്കുന്നതിന് സ്വകാര്യവ്യക്തികളെ ഏർപ്പെടുത്തുക.
6. ബയോഗ്യാസ് ഉൾപ്പെടെ, പാരമ്പര്യേതര ഊർജ്ജസ്രോതസുകൾ പരമാവധി ഉപയോഗിക്കുക.
7. രണ്ടായിരമാണ്ടോടെ പുകയില്ലാത്ത ഗ്രാമം ആകണമെന്ന് ലക്ഷ്യം വച്ച് അതിനായി പ്രയത്നിക്കുക.

## മേലിലാ ഗ്രാമപഞ്ചായത്ത്

## വൈദ്യുതിയെ സംബന്ധിച്ച വിവരങ്ങൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

| | |
|---|---|
| (a) ഗാർഹികം | 2796 |
| (b) വ്യാപാരം | 241 |
| (c) വ്യവസായികം | 31 |
| (d)കാർഷികം | 08 |

**II** കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം — അവസാനം നൽകിയ കണക്ഷന്റെ അപേക്ഷ തീയതി

| | | | |
|---|---|---|---|
| (a) | ഓർഡിനറി | OH- 62 | 2-11-91 |
| | | W/P-123 | 30-9-94 |
| (b) | ഓ.റ്റി.പി. | OH- 18 | 1-12-95 |
| | | OH-NIL. | ---------- |
| (c) | ഓ.വൈ.ഇ.സി | OH- 1 | 29-9-96 |
| | | W/P-27 | 29-9-96 |

**III.** സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | | |
|---|---|---|
| (a) | ബൾബ് | 662 |
| (b) | ട്യൂബ് | 13 |
| (c) | മെർക്കുറി വേപ്പർ | 03 |
| (d). | സോഡിയം വേപ്പർ | NIL. |

**IV** ആകെ വൈദ്യുതികരിച്ച ഹരിജൻ കോളനികൾ 07

**V** തൻവർഷത്തെ കണക്ഷൻ

| | | |
|---|---|---|
| a. | ഓർഡിനറി | 221 |
| b. | ഓ.റ്റി.പി | 13 |
| c. | ഓ.വൈ.ഇ.സി | 32 |

**VI.** പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന എൽ.റ്റി. ട്രാൻസ്ഫോർമറുകളുടെ എണ്ണം

| | | | | | |
|---|---|---|---|---|---|
| (1) | ചെങ്ങമനാട് സൗത്ത് | 100 KVA | (8) | ഇരുങ്ങൂർ | 100 KVA |
| (2) | ആശ്രമം | 100 KVA | (9) | കുന്നിക്കോട് | 63 KVA |
| (3) | മടുക്കുന്ന് | 100 KVA | (10) | മേലിലാ | 100 KVA |
| (4) | മൈലാടുംപാറ | 100 KVA | (11) | ചേത്തടി | 100 KVA |
| (5) | വെട്ടിക്കവല (W) | 100 KVA | (12) | ചെങ്ങമനാട് | 160 KVA |
| (6) | പട്ടമല | 100 KVA | | | |
| (7) | കിഴക്കേതെരുവ് | 100 KVA | | | |

VII സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക Rs: 6888/25.

മേലില ഗ്രാമപഞ്ചായത്ത് ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ പേര് | ഹരിജൻ കോളനികളുടെ എണ്ണം | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപ | പണംനൽകി വൈദ്യുതി കണക്ഷൻ ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| V | അംബേദ്കർ ഹരിജൻ കോളനി | 25 | 10 | NIL |
| IX | മൈലാടും പാറ ഹരിജൻ കോളനി | 72 | 26 | 24 |

# മാർക്കറ്റ്

കാട്ടിൽ കായ്കനികളും കാട്ടുകിഴങ്ങും വെള്ളവും കഴിച്ചു കഴിഞ്ഞു കൂടിയ മനുഷ്യന് സാധനങ്ങൾ ശേഖരിക്കാനും ഉത്പാദിപ്പിക്കാനും ശേഷിയുണ്ടായപ്പോൾ പലതും ആവശ്യത്തിലധികമായി, പലർക്കും പലതും ഇല്ലാതെയുമായി.

ഇല്ലാത്തവർ ഉള്ളവരുമായി പകരത്തിനു പകരം സാധനങ്ങൾ കൈമാറിക്കൊണ്ടാണ് മാർക്കറ്റ് ആരംഭിക്കുന്നത്.

സാധനം കൊടുത്ത് സാധനം വാങ്ങിയിരുന്ന കാലം വിട്ട് നാണയം വരികയും നാണയത്തിന്റെ വരവോടെ കച്ചവടത്തിൽ നവീനതകൾ അതിവേഗത്തിൽ കുതിച്ചുയരുകയും ഇന്ന് ലോകരാജ്യങ്ങളിലെ രാഷ്ട്രീയ ഇശ്ചാശക്തിയെ നിയന്ത്രിക്കുന്ന ശ്ക്തിയായും വളർന്നിരിക്കുന്നു.

ഏതൊരു പ്രദേശത്തേയും ജനങ്ങളുടെ ക്രയശേഷിയെ വിളിച്ചറിയുക്കുന്നതായിരിക്കും അവിടത്തെ മാർക്കറ്റ്. ഉപഭോസംസ്കാരത്തിന്റെ നാടാണ് നമ്മുടെ കേരളമെങ്കിലും ഈ പഞ്ചായത്തിലുള്ള വളരെക്കുറച്ച് പേർ മാത്രമേ സാമാന്യമായെങ്കിലും ക്രയശേഷിയുള്ളവരായുള്ളു. വിലവർദ്ധനവിന്റെ സൂചികയനുസരിച്ച് സർക്കാർ ജീവനക്കാർക്ക് വേതനവർദ്ധനവുണ്ടാകുമ്പോൾ സ്ഥിരവരുമാനമില്ലാത്തവരും ഒരു വരുമാനമില്ലാത്തവരുമായ ഇടത്തരം ദരിദ്രകൃഷിക്കാരും തൊഴിലില്ലാത്തവരും അവരുടെ മടിശീല ചുരുട്ടിക്കെട്ടി മാർക്കറ്റിൽ നിന്നും മടങ്ങേണ്ടി വരുന്നു. ഗൾഫ് പണത്തിന്റെ വരവ് കൂടുംതോറും സാധാരണക്കാരൻ മാർക്കറ്റിൽ നിന്നും പിൻതള്ളപ്പെടുന്നു. ഇത് അവന്റെ ജീവിതക്രമത്തിന്റെ താളം തെറ്റിക്കുന്നു. കുടുംബസ്വസ്ഥത നശിപ്പിക്കുന്നു. നമ്മുടെ റേഷൻകടകളിൽ ഭക്ഷ്യസാധനങ്ങളുടെ നീക്കിയിരിപ്പ് ഉണ്ടാകുന്നതും സാധാരണക്കാരന്റെ ശേഷിക്കുറവു കൊണ്ടാണ്. സാമാന്യം ഗുണനിലവരാമുള്ള സാധനങ്ങൾ വിലക്കുറവിൽ വിപണനം നടത്തുന്ന മാവേലിസ്റ്റോറുകളിൽ നീണ്ട നിരകൾ പ്രത്യക്ഷപ്പെടുന്നതും മറ്റൊന്നു കൊണ്ടല്ല.

ഭാരതം കർഷകന്റേതാണ് എന്ന് പറയുമെങ്കിലും 80 ശതമാനത്തിലധികം വരുന്ന കൃഷിക്കാരന് അവന്റെ ഉല്പന്നങ്ങളുടെ മേൽ യാതൊരു നിയന്തണത്തിനും അവകാശമില്ല. വ്യാപാരികളുടെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്ത് മാറുന്ന വിലയുടെ ഏറ്റക്കുറച്ചിലിൽ കർഷകൻ മുങ്ങിത്താഴുന്നു. കർഷകരെ സഹായിക്കേണ്ട സർക്കാരും കർഷക സഹകരണസംഘങ്ങളും വേണ്ട സമയങ്ങളിൽ വേണ്ട പോലെ ഉയർന്നു കാണുന്നില്ല.

പഞ്ചായത്തിലാകെ നൂറിലധികം കടകളില്ല. അതിൽ പകുതിയിലധികവും ദിവസത്തിന്റെ ചില മണിക്കൂറുകളിൽ മാത്രമാണ്. തുറന്നു പ്രവർത്തിക്കുന്നത്, ചെങ്ങമനാട് ജംഗ്ഷനിലെ ഏതാനും കടകളും കിഴക്കേതെരുവിലെ ചില കടകളിലുമാണ് ദിവസം മുഴുവൻ വ്യാപാരം നടക്കുന്നത്.

പൊതുവിതരണ കേന്ദ്രങ്ങൾ പലയിടത്തും തൃപ്തികരമായ രീതിയിലല്ല പ്രവർത്തിക്കുന്നത്. ഒരു മാവേലി സ്റ്റോരുമുണ്ട്. സർവ്വീസ് സഹകരണ സംഘത്തിന്റെ വകയായി മൂന്ന് വളം വില്പനശാലകളും ഒരു റബ്ബർ വ്യാപാര കേന്ദ്രവുമുണ്ട്.

ചന്തയെന്ന പേരിൽ ഇന്ന് അറിയപ്പെടുന്നത്. കിഴക്കേതെരുവ് പള്ളിമുക്കിലുള്ള അരമണിക്കൂർ നീണ്ടു നിൽക്കുന്ന മത്സ്യമാർക്കറ്റാണ് അതും സ്വകാര്യം.

ചെങ്ങമനാട് ഉണ്ടായിരുന്ന പ്രസിദ്ധമായ ആഴ്ച ചന്ത നിന്നു പോയിട്ട് വർഷങ്ങളാകുന്നു. ഇന്നവിടെ ഒരു മാട്ടിറച്ചി സ്റ്റാളുമാത്രമേയുള്ളു. ബാക്കി സ്ഥലം വേസ്റ്റുകൾ തള്ളാനും മലമൂത്രവിസർജ്ജനം നടത്താനും ഉപയോഗിക്കുന്നു.

തലവൂർ, പട്ടാഴി, പത്തനാപുരം, കലയപുരം, കുന്നിക്കോട് വാളകം, കൊട്ടാരക്കര

തുടങ്ങിയ സ്ഥലങ്ങളിൽ നിന്നെല്ലാം സാധനങ്ങൾ വാങ്ങാനും വിൽക്കാനും വലിയൊരു ജനവിഭാഗം ഇവിടെ വന്നു കൊണ്ടിരുന്നു. ഇന്നാണെങ്കിൽ ഈ പ്രദേശത്തുള്ള കാർഷികോല്പന്നങ്ങളെല്ലാം വിൽക്കാൻ ഈ പ്രദേശത്തുക്കാർ മേൽ പേരു പറഞ്ഞ ചന്തകളെയാണ് ആശ്രയിക്കുന്നത്. ഈ ദുരവസ്ഥയ്ക്കുള്ള ഒരു കാരണം തലവൂർ ഭാഗത്തേക്കുള്ള റോഡിന്റെ ചെങ്ങമനാട് ജംഗ്ഷനിലുള്ള മാർഗ്ഗതടസ്സമാണ്.

പഞ്ചായത്തിന്റെ ചുമതലയിൽ തുടങ്ങി വച്ച ഒരു കന്നുകാലിച്ചന്തയും അന്ത്യശ്വാസം വലിക്കുന്ന അവസ്ഥയിലേക്ക് നീങ്ങുന്നു. ഈ ചന്തകളെ സജീവമാക്കാൻ പഞ്ചായത്തും നാട്ടുക്കാരും വേണ്ടപോലെ ശ്രമിച്ചാൽ കഴിയുമെന്നതിന് തർക്കമില്ല.

അടിസ്ഥാന മേഖലയെ മെച്ചമാക്കി മാർക്കറ്റും, മാർക്കറ്റിനെ സജീവമാക്കി നാടിന്റെ സാമ്പത്തിക നിലയും ഉയർത്താൻ കഴിയണം.

## പരിഹാരങ്ങൾ

1. തലവൂർ റോഡിന്റെ തുടക്കത്തിലുള്ള തടസം മാറ്റി റോഡ് ബസ് ഓട്ടത്തിന് സൗകര്യമുണ്ടാക്കുക.
2. മാർക്കറ്റിനുള്ളിൽ മാംസം മത്സ്യം പച്ചക്കറി പഴങ്ങൾ തുടങ്ങിയ സാധനങ്ങൾക്ക് വില്പനസൗകര്യം ഉണ്ടാക്കുക.
3. ഗുണനിലവാരമുള്ള മത്സ്യവും, മാംസ്യവും, പച്ചക്കറികളും ലഭ്യമാക്കാനുള്ള അവസരമുണ്ടാക്കുക.
4. കാർഷികോല്പന്നങ്ങൾ വിപണനം ചെയ്യാൻ മാർക്കറ്റ് പുനരുജ്ജീവിപ്പിക്കുക.
5. ഗുണമേന്മയുള്ള സാധനങ്ങൾ ന്യായവിലയ്ക്കു കിട്ടാൻ ഉപഭോക്തൃ സ്റ്റോറുകൾ തുടങ്ങുക.
6. മാവേലിസ്റ്റോറിലും റേഷൻ കടകളിലും ഗുണമേന്മയുള്ള സാധനങ്ങൾ മിതമായ വിലയ്ക്കു കിട്ടുന്നുവെന്നു ഉറപ്പാക്കുക.
7. ചെങ്ങമനാട് ജംഗ്ഷനിലുള്ള വെയിറ്റിംഗ് ഷെഡ് മാറ്റി സൗകര്യപ്രദമായ സ്ഥാനത്ത് നിർമ്മിക്കുക.
8. ആസ്ഥാനത്ത് ഒരു മിനി പാർക്ക് നിർമ്മിക്കുക.
9. വാഹനങ്ങൾ പാർക്കു ചെയ്യാൻ സൗകര്യമുണ്ടാക്കുക.
10. മലമൂത്രവിസർജ്ജനത്തിന് സൗകര്യമുണ്ടാക്കുക.
11. മലീനജലം ഒഴുകി പോകാൻ ഓടകൾ നിർമ്മിക്കുക.
12. ശുദ്ധജലവിതരണത്തിന് സൗകര്യമുണ്ടാക്കുക.
13. മാർക്കറ്റിനുള്ളിൽ പോസ്റ്റിട്ട് വൈദ്യുതി വെളിച്ചം ഉണ്ടാക്കുക.
14. മാലിന്യങ്ങൾ മാറ്റി മാർക്കറ്റ് ശുചിയാക്കി നിർത്തുക.
15. ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് നല്ലതെന്ന് ഉറപ്പു വരുത്തുക.
16. ഷോപ്പിംഗ് കോംപ്ലക്സിന്റെ പിറകിലും മാർക്കറ്റിൽ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്തും കെട്ടിടങ്ങൾ പണിത് ഓഫീസുകൾക്കും ലോഡ്ജുകൾക്കും സൗകര്യമുണ്ടാക്കുക.
17. കിഴക്കേതെരുവിലെ സ്വകാര്യ ചന്ത പഞ്ചായത്തിന്റെ സ്ഥലത്തേക്ക് മാറ്റി സൗകര്യപ്പെടുത്തുക.
18. കിഴക്കേതെരുവ് സെന്റ് മേരീസ് ജംഗ്ഷനിൽ ഒരു മത്സ്യമാർക്കറ്റ് സ്ഥാപിക്കുക.

# V (7) പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വികസ്വരരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളായി നിലനിൽക്കുന്നു.

ഗുഹകളിലും മരച്ചുവട്ടിലുംവിശ്രമിച്ചും അന്തിയുറങ്ങിയും കഴിഞ്ഞ മനുഷ്യൻ സുരക്ഷിതത്തിനായി മരങ്ങളുടെ മുകളിലും ഉയർന്ന തലങ്ങളിലും കുടിലുകൾ നിർമ്മിച്ചു ജീവിച്ചു പോന്നു. തനിക്കെന്നും തന്റേതെന്നും ഉള്ള ചിന്ത ഉടലെടുത്തതു മുതൽ ബലവത്തായതും സുന്ദരവുമായ പാർപ്പിടങ്ങളിൽ ശ്രദ്ധാലുക്കളായി അന്നുമുതൽ പ്രശ്നങ്ങളും ഉടലെടുക്കുകയുണ്ടായി. ഇന്ന് കേരളീയരിൽ പ്രൗഢിയുടെയും ആഡംബരത്തിന്റെയും ഭാഗമായി തീർന്നിരിക്കുകയാണ്. ഭവനിർമ്മാണം. നമ്മുടെ ഗ്രാമപഞ്ചായത്തിലും അതിന്റെ അലയടികൾ കാണാവുന്നതാണ്. എന്നാൽ നല്ലൊരു ഭാഗം ജനങ്ങളും വീടില്ലാത്തവരും കുടിലുകളിലും മറ്റും കഴിയുന്നവരുമാണ്. ഏറിയ പേരും മോഹങ്ങളുടെയും മോഹനഭംഗങ്ങളുടെയും ഇടയിൽ കഴിയുമ്പോൾ കാണം വിറ്റും ഓണം ഉണ്ണണം എന്ന ആപ്തവാക്യം ഭവന നിർമ്മാണത്തിൽ പ്രാർത്തികമാക്കുന്നവരും ഉണ്ട്.

വിദേശപണത്തിന്റെയും നാണ്യവിളകളിൽ നിന്നുമുള്ള വരവിന്റെയും അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള നൂറിലധികം ഇരുനിലവീടുകളും ആയിരത്തോളം കോൺക്രീറ്റ് ചെയ്ത ഒരു നില വീടുകളും മൂവായിരത്തിനു മേൽ ഓടിട്ട വീടുകളും മറ്റ് വ്യത്യസ്ത പ്രാചീനരീതികളിൽ ഉള്ള വീടുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. ഓല, ഓട് വീടുകളുടെ കണക്കുകൾ നമ്മുടെ ഗ്രാമീണതയെ വിളിച്ചറിയിക്കുന്നു.

ദുർബലവിഭാഗക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായുണ്ടായ ലക്ഷം വീടു പദ്ധതിയിലും ജവഹർ റോസ്ഗാർയോജന പദ്ധതിയിലും, രാജീവഗാന്ധി ദശലക്ഷം ഭവനനിർമ്മാണ പദ്ധതിയിലും മറ്റും പെടുത്തി ധാരാളം വീടുകൾ നിർമ്മിച്ചു നൽകിട്ടുണ്ടെങ്കിലും പട്ടികജാതി കോളനികളിലും ലക്ഷം വീട് പദ്ധതി പ്രകാരം ഭൂമിമാത്രം ലഭിച്ചവരിലും മറ്റു സാമ്പത്തിക പിന്നോക്ക വിഭാഗത്തിലും ഏറെ പേർക്ക് ഭവനനിർമ്മാണം ഇന്നും മരീചികയാണ്.

ഭവനിർമ്മാണ പദ്ധതികൾ ഏറ്റെടുത്തിട്ടുള്ള സർക്കാരിന്റെ വിവിധ ഏജൻസികളുടെയും സംഘടനകളുടെയും പ്രവർത്തനങ്ങളെ ഗ്രാമപഞ്ചായത്തു തലത്തിൽ ഏകോപിക്കുകയും അവയിലൂടെ ബോധവത്ക്കരണം നടത്തുകയും ചെയ്യാവുന്നതാണ്.

ഈ ഗ്രാമ പഞ്ചായത്തിൽ ഭവനനിർമ്മാണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ലാത്തതിന്റെ കുറവ് പരിഹരിക്കപ്പെടേണ്ടതു് അത്യാവശ്യമാണ്.

സംസ്ഥാന ജില്ലാ തലങ്ങളിൽ മാത്രം പ്രവർത്തന കേന്ദ്രങ്ങളുള്ള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പദ്ധതികൾ ഗ്രാമീണതലത്തിൽ എത്തിച്ചേർന്നിട്ടില്ല.

പൊതുമേഖലാ ധനകാര്യ സ്ഥാപനമായ ഫിനാൻഷ്യൽ എന്റർപ്രൈസസിനും ഭവനനിർമ്മാണ പദ്ധതിയുള്ളതാണ്. എന്നാൽ അതിന്റെ വ്യവസ്ഥകൾ സുതാര്യവും ഉദാരവും ആയിട്ടറിവില്ല. എങ്കിലും ഈ ഗ്രാമ പഞ്ചായത്തിലും ഒന്നിൽ കൂടുതൽ വീടുകൾ പണിതിട്ടുള്ളായറിയുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില അനിയന്ത്രിതയമായി അടിക്കടി ഉയരുകയാണ്. വിപണിമേഖലയിൽ നിയന്ത്രണമില്ലായ്മയും തത്വദീക്ഷയില്ലായ്മയും കാരണമാണ്. ഉപഭോഗ്തൃസംഘങ്ങളുടെ പ്രവർത്തനമില്ലായ്മ ഒരു അപാകതയാണ്. നിയന്ത്രിതവും, ആസൂത്രിതവും, സാദൃശ്യവുമായ ചെറുതും സുന്ദരവുമായ ഭവനനിർമ്മാണ പ്രവർത്തനങ്ങൾക്കായും അതിന്റെ ബോധവൽക്കരണത്തിനായും നമുക്കു ഒന്നിക്കാം. ഒരുമിക്കാം. സംപൂർണ്ണ പാർപ്പിടപ്രശ്ന പരിഹാരമാകട്ടെ നമ്മുടെ ലക്ഷ്യം.

## പ്രശ്നങ്ങൾ

1. ബോധവൽക്കരണം
2. ഭവനനിർമ്മാണസഹകരണസംഘം
3. സാമ്പത്തിക സാങ്കേതിക സഹായം
4. സ്റ്റേജ് സർട്ടിഫിക്കറ്റുകൾ
5. കെട്ടിട നിർമ്മാണസാമഗ്രികൾ
6. വിദഗ്ദ്ധ തൊഴിലാളികൾ

## നിർദ്ദേശങ്ങൾ

1. സന്നദ്ധ സംഘങ്ങളുടെ രൂപീകരണം.
2. ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
3. കെട്ടിടനിർമ്മാണ സാമഗ്രികൾ സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചു സംഘങ്ങൾ വഴി വിതരണം ചെയ്യു.
4. കെട്ടിടനിർമ്മാണങ്ങളുടെ സ്റ്റേജ് സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള അധികാരം ഗ്രാമ സമിതിയിൽ നിക്ഷിപ്തമാക്കുക.
5. ഭവനനിർമ്മാണത്തിന് പരമാവധി പ്ലിൻനത് ഏറിയ നിശ്ചയിക്കുക.
6. പ്രമാണങ്ങളുടെ രജിസ്ട്രേഷൻ ഫീസുകൾ ഭവനനിർമ്മാണരംഗത്ത് പരിമിതപ്പെടുത്തുക.
7. ഓല മേയുന്നതിനും ഓടു മേയുന്നതിനും സഹായധനം വർദ്ധിപ്പിക്കുകയും ദുർബലരായവർക്ക് എല്ലാം നൽകുകയും ചെയ്യുക.
8. ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിന് സർക്കാർ പുറമ്പോക്കുകളും തരിശുഭൂമികളും, മിച്ചഭൂമിയും വിതരണം ചെയ്യുവാൻ ഗ്രാമ പഞ്ചായത്ത് സമിതിയെ ഏല്പിക്കുക.
9. ഭവനനിർമ്മാണ വായ്പകളുടെ പലിശ കുറവു ചെയ്യുക.
10. ഭവനനിർമ്മാണ ചുമതല നിർമിതിയെ ഏല്പിക്കുക.
11. ലക്ഷം വീടുകളുടെ അറ്റകുറ്റപ്പണി ചെയ്തു കൊടുക്കുന്നതിനു അർഹരെ കണ്ടെത്തി ചുമതല നിർമിതിയെ ഏല്പിക്കുകയും സഹായധനം കണ്ടെത്തുകയും ചെയ്യുക.
12. ഗ്രാമീണതലത്തിൽ വിദഗ്ദ്ധ സാങ്കേതിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും മാസ്റ്റർമേശന്മാരെ കണ്ടെത്തി അവരുടെ കീഴിൽ തൊഴിൽ പരിശീലനത്തിന് ആളുകളെ നിയോഗിക്കുയും ഫീസും സ്റ്റൈഫന്റും അനുവദിക്കുക.

## പാർപ്പിടങ്ങളുടെ സ്ഥിതി വിവരണങ്ങൾ

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ള കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ |
| I | 590 | 15 | 92 | 363 | 95 | 25 |
| II | 529 | 19 | 124 | 305 | 51 | 30 |
| III | 485 | 22 | 75 | 287 | 75 | 26 |
| IV | 639 | 14 | 125 | 430 | 53 | 17 |
| V | 716 | 18 | 213 | 368 | 83 | 34 |
| VI | 657 | 1 | 30 | 378 | 240 | 8 |
| VII | 580 | 10 | 101 | 300 | 119 | 50 |
| VIII | 502 | 2 | 35 | 255 | 194 | 16 |
| IX | 558 | 4 | 22 | 267 | 247 | 18 |
| X | 711 | 3 | 66 | 340 | 201 | 101 |
| ആകെ | 5965 | 108 | 883 | 3293 | 1358 | 325 |

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 5257 | 5358 | 5770 | 5856 | 5967 |

# സാമൂഹ്യക്ഷേമം

സാമൂഹ്യ രംഗത്ത് ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്രസംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്കു പുറമേ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ ക്ഷേമത്തിനായി വനിതാ കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ്. വലിയ തോതിൽ ഇല്ലെങ്കിലും പഞ്ചായത്തിൽ നടക്കുന്നത്. വളരെ അപൂർവ്വമായി മറ്റു പദ്ധതികൾ മുഖേനയുള്ള സഹായങ്ങളും പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികൾ ജനങ്ങൾക്ക് വേണ്ട പോലെ പ്രയോജനപ്പെടുന്നില്ല. ഒന്ന്. ഇതേക്കുറുച്ച് കൂടുതൽ വിവരങ്ങൾ ജനങ്ങൾ അറിയുന്നില്ല. രണ്ട്. ഐ.ആർ.ഡി.പി. ലിസ്റ്റിൽ ഉൾപ്പെട്ടവർ ആകയാൽ സാമ്പത്തിക പിന്നോക്കാവസ്ഥ പോലെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും അവർക്കുള്ളതിനാൽ എല്ലാ ഭാഗത്തു നിന്നും അവരോടുള്ള അവഗണന. അറിഞ്ഞാൽ പോലും അവർക്ക് പ്രയോജനപ്പെടുത്താൻ കഴിയാത്ത തരത്തിലുള്ള സാങ്കേതികതകളുടെ സങ്കീർണതകൾ, ധനസാഹയ സ്ഥാപനങ്ങളുടെ അവിശ്വാസ്യതയും, അവഗണനയും ഇക്കാരണങ്ങളാൽ പലരും ഈ ഊരാക്കുടുക്കിൽ തലയിടാതെ മാറി നിൽക്കുന്നു.

തൊഴിലാളി മുതലാളി സഹകരണത്തോടെയുള്ള വിവിധ ക്ഷേമനിധി ബോർഡുകളും കാര്യക്ഷമമായ പ്രവർത്തനത്തിലേക്ക് കടന്നു വന്നിട്ടില്ല. കശുവണ്ടി തൊഴിലാളികൾക്കും, കർഷകതൊഴിലാളികൾക്കും, കെട്ടിടനിർമ്മാണ തൊഴിലാളികൾക്കും തയ്യൽ തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡുണ്ടെങ്കിലും വളരെ കൂടുതൽ പേരും ബോർഡിൽ അംഗങ്ങളായിട്ടില്ല.

ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ക്ഷേമപ്രവർത്തനം നടന്നിട്ടുള്ളത് I.R.D.P. സ്കീം അനുസരിച്ചുള്ളതാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളിൽ പഞ്ചായത്തിൽ കൊടുത്ത വായ്പകളുടെ കണക്കുകൾ താഴെ ചേർക്കുന്നു

### I.R.D.P. ഗുണഭോക്താക്കൾ, ചെങ്ങമനാട് VEO ഓഫീസ്

| വർഷം | എണ്ണം | സബ്സിഡി രൂപ | വായ്പ രൂപ |
|---|---|---|---|
| 1992-93 | 30 | 58977 | 77128 |
| 1993-94 | 21 | 50163 | 77887 |
| 1994-95 | 23 | 95855 | 167982 |
| 1995-96 | 17 | 63551 | 195393 |

### വില്ലൂർ VEO ഓഫീസ്

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 1992-93 | 22 | 47,660 | 58343 |
| 1993-94 | 24 | 58,355 | 79498 |
| 1994-95 | 22 | 98,257 | 17,4917 |
| 95-96 | - | Nil | - |

| ഇന്ത്യൻ ബാങ്ക് | Rs. (lakhs) |
|---|---|
| കൃഷി | 22 |
| കാർഷികേതരം | 10.5 |
| I.R.D.P. | 5.35 |
| P.M.RY. | 3.13 |

പട്ടികജാതി വികസന കോർപ്പറേഷൻ ഒരു വിധം കാര്യങ്ങൾ നടത്തുന്നുണ്ട്. വനിതാ വികസന കോർപ്പറേഷനുമായി ഈ പഞ്ചായത്തിന് കാര്യമായ ബന്ധമില്ല.

പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള സഹായങ്ങൾ അധികവും ലഭ്യമാക്കുന്നത് ബ്ലോക്ക് ഡവലപ്മെന്റ് ആഫീസ് മുഖേനയും, നടപ്പാക്കലും മേൽനോട്ടവും വില്ലേജ് എക്സ്റ്റൻഷൻ ആഫീസറുമാണ്. ഇത്തരത്തിൽ പെട്ട രണ്ട് VEO ഓഫീസുകളിൽ ഒന്ന് ചെങ്ങമനാട്ടും ഒന്ന് മേലിലായിലും പ്രവർത്തിക്കുന്നു.

സാമൂഹ്യക്ഷേമരംഗത്ത് പ്രവർത്തനത്തിലെ മുഖ്യസ്ഥാനം I.R.D.P. സ്കീമിനാണ്. I.R.D.P. ലിസ്റ്റിലുള്ള അന്ത്യോദയകാർക്കാണ്. ആദ്യമാദ്യം സഹായങ്ങൾ കൊടുത്തു തുടങ്ങുന്നത്. ഒരു പ്രാവശ്യം സഹായം കൊടുത്തു കഴിഞ്ഞാൽ, അതുപയോഗിച്ചു കഴിഞ്ഞാൽ പിന്നെ ആ കുടുംബം ദാരിദ്ര്യരേഖയ്ക്കു മുകളിലാണെന്നാണ് വെയ്പ്. എന്നാൽ ഇങ്ങനെ സഹായം വാങ്ങിയവരിൽ ഒരു ശതമാനത്തിനെങ്കിലും അങ്ങനെ ഉയരാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

I.R.D.P.സ്കീം അനുസരിച്ച് വായ്പ കൊടുക്കേണ്ടത് പ്രധാനമായും ഇന്ത്യൻ ബാങ്കും സഹകരണബാങ്കുമാണ്. 1992-93 മേലിലാ സർവ്വീസ് സഹകരണ ബാങ്ക് 32880 രൂപ I.R.D.P. ലോണായി കൊടുത്തിട്ടുണ്ട് ഇന്ത്യൻ ബാങ്ക് 5.35 ലക്ഷം രൂപയും.

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ അംഗങ്ങൾ ചേർന്നു നടപ്പാക്കുന്ന സ്കീമാണ് DWCRA. ഈ സ്കീം നടപ്പാക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഒന്നാമതായി സാങ്കേതികത. രണ്ട്. അതിലേക്കു താല്പര്യവും കഴിവുമുള്ള I.R.D.P. ലിസ്റ്റിൽ പേരുള്ളവരെ കണ്ടെത്തൽ. പട്ടികജാതി പ്രാതിനിധ്യം. ഏറ്റവും പ്രധാനമായി വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു നടത്തിപ്പിക്കാൻ പരിചയമുള്ളവരുടെ അഭാവം. ഉദ്യോഗസ്ഥരായ VEO മാർ, അതിനുപകരിക്കുമെങ്കിലും പലപ്പോഴും യൂണിറ്റുകളുടെയും അതിന്റെ ഗുണഭോക്താക്കളുടെയും നിലനിൽപ്പിനും വളർച്ചയ്ക്കും അപ്പുറം തങ്ങളുടെ നില നില്പും, തങ്ങളുടെ കാലയളവിലെ പ്രവർത്തന മേന്മയും കാണിക്കാനുള്ള വെമ്പലുമാണ് കാണിക്കുന്നത്. ഏറ്റവും വലിയ പ്രതിസന്ധി ഉല്പാദനം ചെയ്യുന്ന വസ്തുക്കൾ വിപണനം നടത്താനുള്ള ബുദ്ധിമുട്ടാണ്. ആഗോളമായി കമ്പോളം കൈയ്യടക്കി വച്ചു കൊണ്ടു ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഉല്പാദനവും വിതരണവും നടത്തുന്ന സാമ്രാജ്യത്വ മുതലാളിമാരുടെ മുമ്പിൽ പൊടിപൊലെ പറന്നു പോകാനേ ഈ കീടങ്ങൾക്കു കഴിയുകയുള്ളു. DWCRA. പ്രകാരമുള്ള ഒരു യൂണിറ്റ് മാത്രമേ ഇവിടെ തുടങ്ങിയിട്ടുള്ളു.

## ട്രൈസം

18 മുതൽ 35 വരെ പ്രായമുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ വേണ്ടിയുള്ള തൊഴിൽ പരിശീലനവും അങ്ങനെ പരിശീലനം കിട്ടിയവർക്ക് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കലുമാണ് ഈ സ്കീം. ഈ സ്കീം കാര്യമായി ഈ പഞ്ചായത്തിൽ നടന്നിട്ടില്ല.

പരിശീലനം കിട്ടിയവർ 26

## ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന് നവീന രീതിയിലുള്ള തൊഴിലുപകരണങ്ങൾ കൊടുത്തു സഹായിക്കുന്ന പരിപാടിയാണ് ടൂൾകിറ്റ്.

| | | |
|---|---|---|
| ലഭ്യമായവർ | 5 | ചെങ്ങമനാട് |
| | 1 | വില്ലൂർ |

### *പെൻഷനുകൾ*

| | |
|---|---|
| അഗതിപെൻഷൻ | 80 |
| ക്ഷയരോഗി പെൻഷൻ | 50 |
| ക്യാൻസർ | 15 |
| കർഷകതൊഴിലാളി പെൻഷൻ | 81 |
| വികലാംഗപെൻഷൻ | 89 |
| വിധവാ പെൻഷൻ | 50 |
| തൊഴിലില്ലായ്മ വേതനം | 176 |

## അംഗനവാടികൾ

ഇന്നും നാഥനില്ലാ കളരി പോലെ കിടക്കുന്ന മേഖലയാണ് അംഗനവാടികൾ, അംഗനവാടികളുടെ വർക്കർമാരും ഹെൽപ്പർമാരും അനുഭവിക്കുന്ന ത്യാഗം എന്നെങ്കിലും ഒരു നല്ല ദിനം വരുമെന്ന പ്രതീക്ഷയിലാണ്. പക്ഷേ ഗണപതി കല്ല്യാണം പോലെ ഒരിക്കലും വന്നെത്താത്ത സ്വപ്നമായി അവശേഷിക്കുമോ എന്നാണ് അവരുടെ ഭയം. അംഗനവാടികളുടെ സ്ഥലവും കെട്ടിടവും മറ്റ് സൗകര്യമെല്ലാം ഏറ്റവും പരിതാപകരമായ അവസ്ഥയിലാണ്. അടിസ്ഥാന വിഭാഗത്തിൽപ്പെട്ടവരുടെ കുട്ടികൾക്കും മാതാപിതാക്കൾക്കും സ്ഥാപിച്ച ഈ സ്ഥാപനങ്ങൾ മുൻഗണന കൊടുത്ത് ഡവലപ് ചെയ്യേണ്ടതാണ്. ഈ പഞ്ചായത്ത് അതിർത്തിയിൽ ഇപ്പോൾ 23 അംഗനവാടികളുണ്ട്. അതിൽ തീരെ സൗകര്യങ്ങളില്ലാത്ത സ്വന്തഷെഡുകൾ പോലും പകുതിയിൽ താഴെയുള്ളൂ. സാമൂഹ്യക്ഷേമ രംഗത്ത് ഏറ്റവും മുൻഗണന കൊടുക്കാൻ ഒമ്പതാം പദ്ധതി തയ്യാറാകണം. അവരുടെ വേതനം കാലോചിതമായി ഉയർത്തേണ്ടതും അടിയന്തിര വകാംശമാണ്.

## പൊതുവിതരണം

വളരെ പരിമിതമായി നടക്കുന്ന ഒരു മാവേലി സ്റ്റോർ ഇവിടെ ഇപ്പോൾ ഉണ്ട്. ഏതു സമയത്തും സാധനങ്ങൾ ലഭ്യമാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കണം.

## റേഷൻ കടകൾ

പൊതുജനങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ പരാതികൾ ഉണ്ടാകുന്ന ഒരു മേഖലയാണ് റേഷൻ കടകൾ. അവയിൽ 90% സത്യവുമാണ്. ആകെയുള്ള 13 കടകളിൽ 9 എണ്ണം മാത്രമാണ് കണക്കുകൾ തന്നിട്ടുള്ളത്. കിട്ടിയകടകളുടെ കണക്കുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| കടകൾ | - | 9 |
| ആകെ കാർഡുകൾ | | 2820 |
| ആകെ അംഗങ്ങൾ | - | 16252 |
| NE | - | 1120 |
| E | - | 1485 |
| മേജർ | | 13907 |
| മൈനർ | | 2345 |

# V (8) കലയും സംസ്കാരവും

സാമൂഹ്യവ്യവസ്ഥിതി സംസ്കാരത്തേയും, സാംസ്കാരം സാമൂഹ്യ വ്യവസ്ഥിതിയേയും സൃഷ്ടിക്കുന്നു.

എന്നു പറഞ്ഞാൽ ഒരു ദേശത്തിന്റെ സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ അടിത്തറയുടെ പ്രതിഫലനമായിരിക്കും മുകൾത്തട്ടിലെ സാംസ്കാരിക മണ്ഡലത്തിൽ പ്രകടിതമാകുന്നത്. അതേപോലെ ആസൂത്രിതമായി രൂപപ്പെടുത്തുന്ന ഒരു സാംസ്കാരത്തിന് അതിനു മുമ്പു നിലനിന്ന സാമൂഹ്യസാമ്പത്തിക രാഷ്ട്രീയ അടിത്തറയെ തകർത്ത് നവമായ ഒന്നിനെ സൃഷ്ടിക്കാനും കഴിയും. അടിത്തട്ട് മുകൾത്തട്ട് വൈരുദ്ധ്യത്തിന്റെ രൂക്ഷതയിൽ നിന്നു മാത്രമേ അങ്ങനെയൊന്നു സംഭവിക്കുകയുള്ളു.

നിർഗുണപരബ്രഹ്മത്തിന്റെ അടിത്തറയിൽ വളർന്നു വന്ന നിർജ്ജീവവും ഒന്നും അറിയാൻ താല്പര്യമില്ലാത്തതുമായ നിർവികാരതയുടെ മുകൾതട്ടാണ് ഭാരതീയ സംസ്കാരം, പൊതുപ്രശ്നങ്ങളോടുള്ള സമീപനത്തിൽ നിന്നും ഈ പ്രദേശത്തുള്ളവരിലും ഭാഗിമായെങ്കിലും ഇതിന്റെ നിഴലിപ്പ് കാണാം.

അദ്ധ്വാനിച്ച മനുഷ്യൻ അവന്റെ വിശ്രമവേളയിൽ പാടിയും പറഞ്ഞും, താളം ചവുട്ടിയും, കയ്യിൽ കിട്ടിയ വസ്തു കൊണ്ട് അവന്റെ പരിസരത്ത് കണ്ട പ്രതലത്തിൽ വരകൾ കോറിയിട്ടുമാണ് കല രൂപപ്പെടുന്നത്. ഇത് ജീവിതവുമായി ബന്ധപ്പെട്ട കലാസാംസ്കാരിക രൂപമാണെങ്കിൽ.

മൃഷ്ടാന്ന ഭോജനവും, വെടിപറച്ചിലും, മാത്രം തൊഴിലാക്കിയിരുന്ന മറ്റൊരു വിഭാഗം, വിരസമായ സമയത്തെ എങ്ങനെ തള്ളിനീക്കാം എന്ന ആലോചനയിൽ നിന്നും ക്ലാസ്സിക്കൽ കലയെ രൂപപ്പെടുത്തി. ഇത്തരത്തിലുള്ള രണ്ട് സാംസ്കാരിക ശാഖകളും ശക്തമായി രൂപപ്പെട്ടു വരാൻ തക്ക ഒരു സാമൂഹ്യാവസ്ഥ ഈ പ്രദേശത്തില്ലായിരുന്നു.

വളരെ അയഞ്ഞ സാമൂഹ്യബന്ധങ്ങളേ പോലെ ഇഴയകന്ന ഇവിടത്തെ സാംസ്കാരിക മേഖലയെ മെച്ചപ്പെടുത്താൻ വേണ്ട പരിശ്രമങ്ങളൊന്നും ഇവിടെ നടന്നിട്ടുള്ളതായി കാണുന്നില്ല. അതിനാവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ സജീവസാന്നിദ്ധ്യമോ ഇവിടുയുണ്ടായിട്ടില്ല. പിന്നീട് ഉണ്ടാകേണ്ടിയിരുന്നത് ബഹുജന പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കൊണ്ടായിരുന്നു. അതും സജീവമല്ലായിരുന്നു. പഠിച്ച് പരിശീലിച്ച് അവതരിപ്പിച്ചിട്ടുള്ള കലാരൂപങ്ങളിൽ വളരെ ശ്രദ്ധേയമാണ് കുഴിയിൽ പള്ളിയിൽ അവതരിപ്പിച്ചിരുന്ന പരിചമുട്ടുകളി. ഇന്നത് പഴമക്കാരുടെ ഓർമ്മകളിൽ മാത്രം ബാക്കി നിൽക്കുന്നു. ഗീവർഗ്ഗീസ് പുണ്യവാളന്റെ നാമധേയത്തിലുള്ള പള്ളിയിലെ പെരുനാളിന് (ശ്രാദ്ധത്തിന്) പള്ളി ചുറ്റി നടത്തുന്ന റാസയുടെ ഒപ്പം ചെറുപ്പക്കാരും മുതിർന്നവരും ചേർന്ന് വട്ടമിട്ട് താളം ചവുട്ടി, കമ്പുകൾ തമ്മിൽ തട്ടി കളിക്കുന്ന പതിവുണ്ടായിരുന്നു. അക്കാലം യാക്കൂബ് തന്റെ മക്കൾ പത്തു പേരുമൊത്ത്, എന്നു തുടങ്ങുന്ന പാട്ടുപാടി കൊണ്ടാണ് കഴിച്ചിരുന്നത്. മുൻകാലങ്ങളിൽ ക്ഷേത്രോത്സവങ്ങളിൽ ഒരു പ്രധാന ഇനമായിരുനനു. കുതിരയെടുപ്പും കാളയെടുപ്പും അത്തരം സൃഷ്ടികൾ നടത്താൻ കഴിവുള്ളവർ ഇന്നു വിരളമാണ്. ഉത്സവപരിപാടികളിൽ ദീപക്കാഴ്ചയും, ഓട്ടം തുള്ളലും കാക്കാരിശ്ശിനാടകവും, നൃത്ത നൃത്യങ്ങളും, അപൂർവ്വമായി കൂത്തു് കഥകളിയു മുണ്ടായിരുന്നു.

പ്രസിദ്ധമായ മേലില ശാസ്താ ക്ഷേത്രത്തിലും ദേവീക്ഷേത്രത്തിലും മൂന്നു ദിവസത്തെ പരിപാടികളാണ് നടത്തുന്നത്. പഴയകലാരൂപങ്ങളുടെ സ്ഥാനം ഇന്ന് കച്ചവടനാടകളും ഗാനമേളയും മിമിക്സും ഏറ്റെടുത്തിരിക്കുന്നു. അതുല്യപ്രതിഭയായിരുന്ന സാംബശിവന്റെ കഥാപ്രസംഗം ഇവിടത്തെ എല്ലാ ക്ഷേത്രങ്ങളിലും നടത്തിയും നടത്തപ്പെട്ടിരുന്നു.

വളരെ നല്ല കഴിവുള്ള ചെണ്ടമേളക്കാർ പലരും ഇപ്പോഴും ഈ പ്രദേശത്തുണ്ട്. പ്രോത്സാഹനം കിട്ടാതെ അവരെല്ലാം കെട്ടു പോകുന്നു. പരിചമുട്ടുകളി, കോൽക്കളി, തിരുവാതികകളി, കാക്കാരിശ്ശി നാടകം, തുടങ്ങിയ കലാരൂപങ്ങൾ ഇന്ന് മിക്കവാറും അസ്തമിച്ചി രിക്കുന്നു. നാടൻപാട്ടുകളും കൊയ്തുപാട്ടുകളും നന്നായി പാടുന്നവർ ഇന്നും ഇവിടുയുണ്ട്. അവയെല്ലാം ആകാശവാണി ദൂരദർശൻ പരിപാടികളായി മാറിയിരിക്കുന്നു.

നാടകത്തോടു പത്യേകതാല്പര്യം പണ്ടേ ഈ പ്രദേശത്തുക്കാർക്കുണ്ടായിരുന്നു. മലയാളത്തിലെ തന്നെ ആദ്യനാടകങ്ങളായ. കൊച്ചീപ്പൻ തരകന്റെ മറിയാമ്മ നാടകവും, സഭാരാമയും, ഇവിടെ പഠിച്ച് അവതരിപ്പിച്ചിട്ടുണ്ട്. പ്രസിദ്ധമായ എല്ലാ നാടകകമ്പനികളും സർക്കസ് കമ്പനികളും ഇവിടെ പരിപാടികൾ നടത്തിയിരുന്നു.

ഈ നാട്ടിൽ ഉണ്ടായിട്ടുള്ള സ്പോർടട്സ് ആർട്സ് ക്ലബ്ബുകളുടെ എണ്ണം അനവധിയാണ് അവയിൽ പലതും ഒന്നോ രണ്ടോ ഓണപരിപാടികൾ കൊണ്ട് അവസാനിക്കുന്നു. സംസ്ഥാനതലത്തിൽ അംഗീകാരം കിട്ടിയിട്ടുള്ള നാടകകൃത്തുകളും നാടകങ്ങളും ഇവിടെയുണ്ട്. എന്നാൽ വേണ്ട പ്രോത്സാഹനം നാട്ടിൽ നിന്നും ഉണ്ടാകാറില്ല. ചിത്രകാരന്മാരും പാട്ടുകാരും ശില്പികളും കളമെഴുത്തുകാരും കവികളും നടന്മാരും ഈ പ്രദേശത്തിന്റെ പേരു നിലനിർത്താൻ പരിശ്രമിക്കുന്നവരായുണ്ടെന്നുള്ളത് പ്രാദേശിക സ്ഥാപനങ്ങൾക്ക് നാട്ടിലെ ജനങ്ങൾക്കും അജ്ഞാതമാണ്.

കേരളാശാസ്ത്രപരിഷത്ത് പുരോഗമന കലാസാഹിത്യ സംഘം യുവകലാ സാഹിതി മംഗളം കലാവേദി, ബാലജനസംഖ്യം മാതൃഭൂമി സ്റ്റഡീസർക്കിൾ തുടങ്ങി ഒട്ടനവധി സംഘങ്ങളും സാമീപ്യം ഈ പ്രദേശത്തിനുണ്ട്. പക്ഷേ അവയൊന്നും സജീവമായി വാസമുറപ്പിക്കാൻ എന്തുകൊണ്ടോ കഴിഞ്ഞിട്ടില്ല. ഒരളവു വരെ അതിനു കഴിഞ്ഞിട്ടുള്ളത്. ശാസ്ത്രസാഹിത്യ പരിഷത്തിനു മാത്രമാണ്. സാഹിത്യാഭിരുചി വളർന്നു വരാൻ തക്കസ്ഥാപനങ്ങൾ ഇവിടെയില്ലെന്നുള്ളത് ദുഃഖകരമാണ്. വായനശാലകളും ഗ്രന്ഥശാലകളും ക്ലബ്ബുകളും ആരംഗം ഏറ്റെടുക്കണം.

വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും നൂതന സൗകര്യങ്ങളോടു കൂടിയ ആസ്ഥാനങ്ങൾ ഉണ്ടാക്കി കൊണ്ടും, സംഗീതം, നൃത്തം, ചിത്രമെഴുത്ത് സാഹിത്യരചന, നാടകം, തുടങ്ങുങ്ങിയ കലാസാഹിത്യ ശാഖകളെ പരിഗണന കൊടുത്ത് പരിപോഷിപ്പിച്ചും, നൂതന കലാരൂപങ്ങളെ സ്വീകരിക്കാൻ തക്കവിധത്തിൽ ദേശീയപരിപാടികൾ സംഘടിപ്പിച്ചും നമ്മുടെ പ്രദേശത്തിന്റെ സാംസ്കാരിക കലാ നൈപുണിയെ വളർത്താൻ കഴിയും.

ആധുനിക കാലഘട്ടത്തിന്റെ ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ സ്വാധീനം ജീവിതത്തിന്റെ താളത്തെ ത്തന്നെ തെറ്റിച്ചിരിക്കുന്നു. ലോകകമ്പോളത്തിന്റെ ലാഭത്തെ പെരുപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പരസ്യങ്ങളും പരിപാടികളും കൊണ്ട് മനുഷ്യമസ്തിഷ്കം കറുത്തു കരുവാളിച്ചിരിക്കുന്നു. ഒരു ഗ്രാമപഞ്ചായത്തിനോ ഒരു സംസ്ഥാനത്തിനോ നിയന്ത്രണം വരുത്താൻ കഴിയാത്ത ഇത്തരം പരിപാടടികളുടെ വ്യാപനം നമ്മൾ കെട്ടിപ്പൊക്കുന്ന എല്ലാ മോഹങ്ങളുടെ കോട്ടകളേയും വെള്ളത്തിൽ തീർക്കുന്ന വരവോടെ ആക്കിത്തീർക്കും എന്നുള്ളതിന് സംശയമില്ല.

നമ്മുടെ ദിനപ്പത്രങ്ങളും ആഴ്ചപ്പതിപ്പുകളും മാസികകളുമെല്ലാം ഒരു രാജ്യത്തിന്റെ സമ്പത്ത് മാനസികമായും ശാരീരികമായും ആരോഗ്യമുള്ള ഒരു ജനതയാണെന്നുള്ള പറച്ചിൽ കേൾക്കാതിരിക്കാൻ കാത് തിരിച്ചു പിടിക്കുന്നു. ആകയാൽ ജീർണ്ണതയിൽ നിന്നും അരക്ഷിതത്തിലേക്ക് മാറാൻ തുടങ്ങിയിരിക്കുന്ന നമ്മുടെ സാമൂഹ്യശരീരത്തെ രക്ഷിക്കാൻ ആസൂത്രിതമായ പുതിയൊരു സംസ്കാരം കെട്ടിപ്പടുത്ത് നമുക്ക് സ്വയം നാശത്തിൽ നിന്നും മോചനം നേടാനുള്ള പരിശ്രമത്തിലേക്ക് നീങ്ങാം.

# V (9) വനിതാക്ഷേമം

സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ 50 കൊല്ലത്തെ ചരിത്രം പരിശോധിച്ചാൽ സ്ത്രീപുരുഷസമത്വത്തിനും, സ്ത്രീകളുടെ ഉന്നമനത്തിനും വനിതാക്ഷേമ പ്രവർത്തനങ്ങൾക്കും സർക്കാർ തലത്തിൽ വളരെയേറെ കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും നാളിതു വരെയും ലക്ഷ്യത്തിലെത്താൻ നമുക്കു കഴിഞ്ഞിട്ടില്ല. കലാനുസൃതമായ സാമൂഹിക വിപ്ലവങ്ങളിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഇന്ത്യയ്ക്കാകെ മാതൃകയാകാൻ ഭാഗ്യം ലഭിച്ചിട്ടുള്ള കേരളത്തിന് പക്ഷേ, സാമൂഹ്യ, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിൽ വനിതകളെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് കഴിഞ്ഞിട്ടില്ല. എന്തുകൊണ്ടാണങ്ങനെ സംഭവിച്ചത്. ഉത്തരം കണ്ടെത്തുന്നതിന് മറ്റെങ്ങും അലയേണ്ട. നാം ഓരോരുത്തരും സ്വയം വിമർശനത്തിനു വിധേയമാവുകയും ആത്മപരിശോധന നടത്തുകയും ചെയ്താൽ മതി. സ്ത്രീകൾക്ക് അർഹമായ വിദ്യാഭ്യാസം കൊടുക്കാതിരിക്കുകയും, ഗൃഹാന്തരീക്ഷത്തിൽ തളച്ചിടുകയും, പൊതു പ്രവർത്തനങ്ങളിൽ നിന്നും ഒഴിച്ചു നിർത്തുകയും ചെയ്തതിലൂടെ സ്ത്രീകളുടെ ആത്മവിശ്വാസം തകർക്കാനും അവർ അബലയാണെന്നുള്ള പഴയ വായ്ത്താരി അന്വർത്ഥമാക്കാനും നമ്മുടെ പഴയ പാരമ്പര്യവാദികളായ പുരുഷമേധാവിത്വത്തിന് കഴിഞ്ഞു എന്നുള്ളത് അവിതർക്കമായ സംഗതിയാണ്. നിലവിലുള്ള ഈ അവസ്ഥ ഇനിയെങ്കിലും മാറ്റേണ്ടത് വനിതകളുടെ ഉന്നമനത്തിന് അനിവാര്യമാണ്.

ഇപ്പോൾ എല്ലാ മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തവും സർവ്വോപരി നേതൃത്വവും, സാർവ്വത്രികമായി കാണുന്നുണ്ട്. ഇത് ഒരു മാറ്റത്തിന്റെ നാന്ദിയാണ്, വളരെ ശ്ലാഘനീയവുമാണ്. എന്നാൽ പല മേഖലകളിലും വിവേചനം നിലനിൽക്കുന്നു. ഇതിനനെതിരേ പ്രതികരിക്കാനും പ്രവർത്തിക്കാനും സ്വയം സജ്ജരാകുകയും ഒപ്പം സജ്ജമാക്കുകയും വേണം.

തൊഴിൽ പരിശീലനങ്ങളിലൂടെയും നേതൃപാടവത്തിലൂടെയും, വിദ്യാസമ്പാദനത്തിലൂടെയും സ്വയം പര്യാപ്തതയിലെത്തിയാൽ സ്ത്രീകൾക്ക് അപ്രാപ്യമായ മേഖലകൾ ഒന്നും തന്നെയില്ല. അധികാരാവകാശങ്ങളെ ക്കുറിച്ച് ബോധവതിയെങ്കിലും, പുരുഷന്മാരോടൊപ്പം നിൽക്കാനുള്ള കഴിവും ബുദ്ധിയും തന്റേടവും കരഗതമാണെങ്കിലും പ്രവർത്തികളിൽ കൂടി അവ പ്രകടിപ്പിക്കുവാനുള്ള വിമുഖത ജന്മ സഹജമാണെന്നു തോന്നുന്നു. ആ രീതി മാറ്റുന്നതിന് വനിതകൾ സ്വയം തയ്യാറാവണം. ഏതു രംഗത്തു ജനം നേട്ടം ഉണ്ടാക്കിയിട്ടുണ്ടോ, അത് അവകാശങ്ങൾ തിരിച്ചറിഞ്ഞ് സമരങ്ങളും പ്രക്ഷോഭങ്ങളും സംഘടിപ്പിച്ചതു കൊണ്ടാണ്. വിമോചനത്തിലേക്കുള്ള പാത ഇതു തന്നെയെന്ന് സ്ത്രീകൾ തിരിച്ചറിയണം.

പഞ്ചായത്തിൽ ഏതാണ്ട് 20-25% ത്തോളം കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിൽ ഉള്ളതാണ്. സ്കൂളിലും കോളേജുകളിലും പെൺകുട്ടികൾ താരതമ്യേന കൂടുതലാണെങ്കിലും പ്രിഡിഗ്രി, ഡിഗ്രി തലങ്ങളിൽ എത്തുമ്പോഴേക്കും വിവിധ കാരണങ്ങളാൽ അവരുടെ വിദ്യാഭ്യാസം നിലയ്ക്കുന്നു. തന്മൂലം ഔദ്യോഗിക തലത്തിൽ സ്ത്രീകൾ വിരളമാണ്. സ്ത്രീകൾ കൂടുതലായുള്ള തൊഴിൽ മേഖലകൾ കശുവണ്ടി, കൃഷി, കെട്ടിടനിർമ്മാണം, അദ്ധ്യാപനം തുടങ്ങിയവയാണ്. ഇവിടെയും അദ്ധ്യാപനരംഗം ഒഴിച്ചാൽ ഇക്കൂട്ടർക്ക് തുല്യതൊഴിലിന് തുല്യ വേതനം ലഭിക്കുന്നില്ല. തൊഴിലിന്റെയും കൂലിയുടേയും കാര്യത്തിൽ വിവേചനം നിലനിൽക്കുന്നു. കശുവണ്ടി വ്യവസായത്തിന്റെ തകർച്ച കൊണ്ട് തൊഴിൽ അവസരങ്ങൾ കുറയുകയും തന്മൂലം സ്ത്രീകളുടെ നിയന്ത്രണത്തിലുള്ള കുടുംബങ്ങളിൽ അരാജകത്വവും പട്ടിണിയും നിത്യസംഭവങ്ങളാകുന്നു. തൊഴിൽ പരമായും സാമ്പത്തിക പരമായും സ്ത്രീകളുടെ സുരക്ഷിതത്വവും സ്വയം പര്യപ്തതയും ഉറപ്പു വരുത്തിയാൽ അവരുടെ ഇന്നത്തെ പരിതാപകരമായ അവസ്ഥയ്ക്ക് കാര്യമായ മാറ്റം വരുത്താൻ കഴിയും.

സ്ത്രീകളുടെ പ്രധാന തൊഴിൽ മേഖലയായ കശുവണ്ടി വ്യവസായം ഒരു തകർച്ചയുടെ വക്കിലാണ്. പ്രസ്തുത വ്യവസായത്തെ ഇപ്പോഴുള്ള അവസ്ഥയിൽ നിന്നും രക്ഷിക്കുന്നതിന് സർക്കാരിലും വ്യക്തികളും സമ്മർദ്ദം ചെലുത്തുകയും നിലനിർത്തുകയും ചെയ്താൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ഒപ്പം നാടിന്റെ സമ്പദ്ഘടനയെ അഭിവൃദ്ധിപ്പെടുത്തുകയും ചെയ്യാം. കാർഷിക മേഖലയിലെ മുരടിപ്പ്, സ്ത്രീ തൊഴിലാളികളുടെ തൊഴിലവസരങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതുമൂലം സ്ത്രീകൾ പാറപ്പണി, റോഡു പണി, കെട്ടിട നിർമ്മാണം തുടങ്ങിയ ജോലികൾക്ക് പോകാൻ നിർബ്ബന്ധിതരാകുന്നു. ഇവിടെയും ഇവരുടെ നില കൂടുതൽ പരിതാപകരമാണ്.

വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകളെ കുറിച്ച് സ്ത്രീകളെ ബോധവൽക്കരിക്കുകയും സാമൂഹ്യരംഗത്തും പൊതുവെ മറ്റു രംഗങ്ങളിലും അവരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും അതിനായി പ്രത്യേക കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം. അംഗനവാടികളും മഹിളാസമാജങ്ങളും കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ പരിമിതമാണ്. നിലവിലുള്ള തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനോടൊപ്പം സർക്കാർ തലത്തിലോ, മറ്റ് സ്വാകാര്യസ്ഥാപനങ്ങളുടെ സഹായത്താലോ സ്ത്രീകൾക്കായി ചെറുകിടവ്യവസായ യൂണിറ്റുകൾ ആരംഭിച്ചാൽ വിജയിക്കാനുള്ള സാഹചര്യം നമ്മുടെ പഞ്ചായത്തിലുണ്ട്.

സ്ത്രീധന സമ്പ്രദായം, സ്ത്രീപീഢനം, വിഹാവമോചനം മദ്യപന്മാരായ പുരുഷന്മാർ ഉണ്ടാക്കുന്ന ദുരിതങ്ങൾ ഇവ കാരണം വളരെയേറെ ദുരന്തങ്ങൾ ഏറ്റു വാങ്ങേണ്ടി വരുന്ന സ്ത്രീകൾ നമ്മുടെ ഇടയിലുണ്ട്. സ്ത്രീകളുടേയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം. വിധവാ പെൻഷൻ അഗതിപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയ സഹായ പദ്ധതികൾ അർഹരായ എല്ലാവർക്കും യഥാസമയം ലഭ്യമാക്കാൻ നടപടികൾ ഉണ്ടാവണം. സ്വയം തൊഴിൽ രംഗങ്ങളിൽ വേണ്ടത്ര പരിശീലനം കൊടുക്കുകയും സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം.

അടിസ്ഥാനവിദ്യാഭ്യാസം നിർബ്ബന്ധമാക്കുകയും പാഠ്യേതര വിഷയങ്ങളിൽ പരിശീലനം നൽകുകയും അതിലൂടെ തൊഴിൽ രംഗത്തു സ്ത്രീകളെ സജ്ജരാക്കുകയും വേണം.

മേലിലാ ഗ്രാമപഞ്ചായത്തു പ്രദേശത്ത് വനിതാ ക്ഷേമവുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങളും അവയ്ക്കുള്ള സാദ്ധ്യമായ പരിഹാരമാർഗ്ഗങ്ങളും സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. സ്വന്തം നിലയിൽ വരുമാനം ആർജ്ജിക്കാനുള്ള അവസരമില്ലായമ് സ്ത്രീകളുടെ പിന്നോക്കാവസ്ഥയ്ക്കു കാരണമാണ്.
2. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള സ്ത്രീകളുടെ വിമുഖത.
3. തൊഴിൽ രംഗത്തെ അരാജകത്വം
4. സ്ത്രീപുരഷ അസമത്വം മൂലം നേരിടുന്ന പ്രശ്നങ്ങൾ
5. സേവനവേതന വ്യവസ്ഥയിലുള്ള വിവേചനം.
6. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ.
7. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത പാർപ്പിടങ്ങൾ.
8. നിലവിലുള്ള തൊഴിലവസരങ്ങളെ ഗണ്യമായി കുറയ്ക്കുനന വ്യവസായ മേഖലയുടെ തകർച്ചയും കാർഷിക മേഖലയുടെ മുരടിപ്പും.
9. അംഗനവാടികളുടേയും മഹിളാസമാജങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
10. സ്ത്രീപീഢനം, സ്ത്രീധനം, മദ്യം തുടങ്ങിയവ മൂലമുള്ള ദുരിതങ്ങൾ
11. സ്ത്രീകളിൽ പൊതു വിജ്ഞാനത്തിലുള്ള അപര്യാപ്തത
12. അർഹമായ പെൻഷൻ സഹായങ്ങൾ ലഭിക്കുന്നതിലുള്ള കാലവിളംബം.

1. കുടുംബത്തിൽ ഒരു സ്ത്രീക്കെങ്കിലും തൊഴിൽ എന്ന ആശയം മുൻനിർത്തി താൽപര്യമുള്ള സ്ത്രീകൾക്ക് വിവിധ തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് പരിശീലന ക്ലാസ്സുകൾ ആരംഭിക്കണം. പരിശീലനം പൂർത്തിയാകുന്നതിനനുസരിച്ച് ഒറ്റയ്ക്കോ കൂട്ടായോ വ്യവസായങ്ങൾ തുടങ്ങുന്നതിന് സൗജന്യമായോ ലോണായോ സാമ്പത്തിക സഹായം ലഭ്യമാക്കണം. ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ വിപണന സൗകര്യം ഏർപ്പെടുത്തി പ്രസ്തുത തൊഴിൽ മേഖലയെ പരിപോഷിപ്പിക്കുന്നതിന് കാര്യക്ഷമതയുള്ള ഒരു സമിതിയെ അധികാരപ്പെടുത്തണം. വാർഡടിസ്ഥാനത്തിൽ ഇത്തരം ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ചാൽ സ്ത്രീകൾക്ക് തൊഴിൽപരമായും സാമ്പത്തികമായും സ്വാശ്രയരാവാൻ കഴിയും.

2. സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കാൻ കഴിവും താല്പര്യവും ഉള്ള സ്ത്രീകൾ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. പക്ഷേ ഇപ്പോഴുള്ള വ്യവസ്ഥിതിയിൽ അവർ നിസ്സഹായരാണ്. പുരുഷന്മാർക്ക് സ്ത്രീകളോടുള്ള സമീപനത്തിലും പരമ്പരാഗതമായി വച്ചു പുലർത്തുന്ന ധാരണകളിലും മാറ്റമുണ്ടാകണം. പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ പലതരത്തിലുള്ള അപവാദ പ്രചരണങ്ങൾക്ക് വിധേയരാകുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുണ്ട് സദാചാരജീവിത ത്തെക്കുറിച്ചുള്ള തെറ്റായ ധാരണകൾ ഇന്നും നമ്മുടെ ഇടയിൽ നിലനിൽക്കുന്നു. "നഃ സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന മനു വാക്യം ഇപ്പോഴും അടിസ്ഥാന പ്രമാണമാക്കി വച്ചിരിക്കുന്ന പുരുഷന്മാരാണ് സ്ത്രീ സ്വാതന്ത്ര്യത്തിനും പൊതുരംഗത്തുള്ള പ്രവർത്തനങ്ങൾക്കും വിഘാതമായി നിൽക്കുന്നത് സ്ത്രീകളോടുള്ള ഇന്നത്തെ മനോഭാവത്തിൽ മാറ്റമുണ്ടായാൽ അവരുടെ പൊതുരംഗത്തെ പിന്നോക്കാവസ്ഥയ്ക്കു മാറ്റമുണ്ടാക്കാം. സ്ത്രീകൾക്കിടയിൽ പൊതു വിജ്ഞാനം വളർത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം.

3. കാർഷിക മേഖലയിലും നിലവിലുള്ള വ്യവസായ മേഖലകളിലും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനൊപ്പം പുതിയ വ്യവസായ സംരംഭങ്ങൾ ഉണ്ടാകണം.

4. സേവന വേതന വ്യവസ്ഥകളിൽ സ്ത്രീക്കും പുരുഷനും തുല്യപ്രാധാന്യം ഉണ്ടാവണം. സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളെ മുഖ്യപങ്കാളികളാക്കണം.

5. തുല്യ തൊഴിലിന് തുല്യ വേതനം എന്ന ആശയം നടപ്പിലാക്കണം.

6. വിദ്യാഭ്യാസത്തിന്റെ അനന്തസാദ്ധ്യതകളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, സ്ത്രീകൾക്കു മാത്രമായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രാവർത്തികമാക്കുകയും വേണം.

7. അടിസ്ഥാന സൗകര്യങ്ങളില്ലാത്ത അനേകം വീടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന എല്ലാ വിഭാഗത്തിലുംപ്പെട്ടവർക്ക് കിണറുകളും കക്കൂസുകളും നിർമ്മിച്ചു നൽകണം.

8. പ്രധാന വ്യവസായമായ കശുവണ്ടി വ്യവസയം നിലനിർത്തുകയും അതിന് പ്രധാനമായി കശുമാവ്കൃഷിക്ക് കർഷകരുടെ ഇടയിൽ വ്യാപകമായ പ്രചാരം കൊടുക്കണം. ഇടയ്ക്കിടെ തൊഴിലാളികളും മാനേജുമെന്റും തമ്മിലുണ്ടാകുന്ന അഭിപ്രായ വ്യത്യാസങ്ങളിൽ പഞ്ചായത്ത് ഇടപ്പെട്ട് രമ്യമായി പരിഹാരം കണ്ടെത്തണം. നെൽകൃഷിക്ക് വിത്തും വളവും സൗജന്യമായി ലഭ്യമാക്കണം. കൃഷിയിടങ്ങൾ നികത്തുന്നതിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കണം.

9. സ്ത്രീധനത്തിനും സ്ത്രീപീഢനത്തിനുമെതിരെ ശക്തമായി പ്രതികരിക്കുകയും പഞ്ചായത്തു തലത്തിൽ പ്രചാരവേല സംഘടിപ്പിക്കുകയും വേണം. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.

10. അംഗനവാടികളുടെ എണ്ണം വർദ്ധിപ്പിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം. ഒപ്പം പ്രവർത്തനങ്ങൾ വിലയിരുത്താനും കുറേക്കൂടി കാര്യക്ഷമമാകാനും ഒരു സമിതി രൂപീകരിച്ച് അധികാരപ്പെടുത്തണം. വാർഡു തലത്തിൽ മഹിളാ സമാജങ്ങൾ രജിസ്റ്റർചെയ്ത്

പ്രവർത്തനം ആരംഭിക്കുകയും കൈത്തൊഴിലുകൾ പരിശീലിപ്പിക്കുന്നതിന് വിദഗ്ദ്ധരായവരെ പഞ്ചായത്തിൽ നിന്നും നിയമിക്കുകയും വേണം. D.W.C.R.A. യൂണിറ്റുകൾ തുടങ്ങുന്നതിന് സാമ്പത്തിക സ്ഥാപനങ്ങൾ മുൻ കൈയെടുത്തു പ്രവർത്തിച്ചേ മതിയാവൂ.

11. സ്ത്രീകളുടെ പൊതു വിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് വാർഡു തലത്തിൽ പഠനക്ലാസ്സുകൾ സംഘടിപ്പിക്കുകയും സ്ത്രീകൾക്കു മാത്രമായി ഗ്രന്ഥശാലകൾ തുറക്കുകയും വേണം.

12. വിവിധ പെൻഷനുകൾക്ക് അർഹമായ വരെ കണ്ടെത്തി സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

13. പിന്നോക്ക വിഭാഗ കോളനികളോട് ചേർന്നും ലക്ഷംവീട് കോളനികളിലും ഒഴിഞ്ഞു കിടക്കുന്ന പഞ്ചായത്ത് സ്ഥലം അംഗനവാടികൾക്ക് കെട്ടിടം പണിയാൻ സൗകര്യം ഉണ്ടാക്കുക.

# V (10) സഹകരണമേഖല

ഇന്ത്യയിലെ ഏറ്റവും വലിയ ജനകീയ പ്രസ്ഥാനമായ സഹകരണസംഘങ്ങൾക്ക് പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് നിർണ്ണായകമായ പങ്ക് നിർവ്വഹിക്കുവാനും ഉടത്തരം കർഷകരും ദരിദ്ര കർഷകരും, കർഷകതൊഴിലാളികളും അധിവസിക്കുന്ന നമ്മുടെ ഗ്രാമത്തിൽ ഉല്പാദനമേഖല ശക്തിപ്പെടുത്തുവാനും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാനും സഹകരണ സംഘങ്ങൾക്ക് വഹിക്കുവാനുള്ള പങ്ക് വളരെ വലുതാണ്.

ചെങ്ങമനാട് സ്ഥിതി ചെയ്യുന്ന മേലിലാ സർവ്വീസ് സഹകരണ ബാങ്ക് (Q. 170) ആണ്. പഞ്ചായത്തിലെ ആദ്യത്തെ സഹകരണസ്ഥാപനം. 28.8. 1960 ൽ കർഷക സഹകരണസംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയും തുടർന്ന് 1963ൽ സർവ്വീസ് സഹകരണ ബാങ്ക് ആയി അംഗീകരിക്കുകയും ചെയ്തു. പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശം ബാങ്കിന്റെ പ്രവർത്തന മേഖലയാണ്. QS റോഡിന് സമീപം സ്വന്തമായ രണ്ടു നില കെട്ടിടത്തിലാണ് ബാങ്ക് പ്രവർത്തിക്കുന്നത്. പ്രാരംഭബോർഡിൽ പണ്ടക ശാലയിൽ ശ്രീ. പി.ഓ. മാത്യുമുതലാളി പ്രസിഡന്റായും ശ്രീ. എം.സി. മത്തായി സെക്രട്ടറിയായും പ്രവർത്തിച്ചു. വിവിധ കാലയളവിലായി സർവ്വശ്രീ. കെ. മാധവൻപിള്ള. വി. തങ്കപ്പൻനായർ, ജി. തങ്കപ്പൻ നായർ. ജി. പ്രഭാകരൻപിള്ള, സി.ജി. ജോൺ. കെ. രാമചന്ദ്രൻപിള്ള. വി. അയ്യപ്പൻ നായർ എന്നിവർ പ്രസിഡന്റുമാരായി പ്രവർത്തിച്ചു.

1993 വരെ സെക്രട്ടറിയായിരുന്ന ശ്രീ എം.സി. മത്തായി നിലവിൽ ബാങ്കിന്റെ പ്രസിഡന്റായും ശ്രീ. എൽ. ജോയി സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്നു.

വായ്പ, നിക്ഷേപം, പണം, ചിട്ടി, വളം, റബ്ബർ സംഭരണം, തോട്ടണ്ടി ശംഭരണം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണവും നടത്തപ്പെടുന്നു. അതോടൊപ്പം മേലിലായിലും വില്ലൂരും ഓരോ വളം ഡിപ്പോയും പ്രവർത്തിക്കുന്നുണ്ട്.

### മേലിലാ സർവ്വീസ് സഹകരണ ബാങ്ക് (Q. 170) സ്ഥിതി വിവരം

| | |
|---|---|
| ആകെ അംഗങ്ങൾ | 8104 |
| ഓഹരി തുക | 730431.00 |
| നിക്ഷേപം (സേവിംഗ്സ് ബാങ്ക്) | 3239042.82 |
| ഫിക്സഡ് ഡിപ്പോസിറ്റ് | 10962323.36 |
| അംഗങ്ങൾക്ക് കൊടുത്ത | 5000250.00 |
| (ഹ്രസ്വകാല വായ്പ) | |
| പദ്ധതി വായ്പ | 564539.00 |
| കാർഷകേതര വായ്പ | 403760.00 |
| ബാങ്ക് ഫണ്ട് | 1932100.00 |
| സ്വർണ്ണപണയം | 10062165 |
| I.R.D.P | 32880.00 |

### കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ നിന്നും വാങ്ങിയിട്ടുള്ള വായ്പകളും ഓവർ ഡ്രാഫ്റ്റും

| | |
|---|---|
| കൃഷി വായ്പ(ഗ്രസ്വകാലം) | 515700.00 |
| പദ്ധതി വായ്പ | 643205.00 |
| കാർഷികേതര വായ്പ | 475000.00 |
| സ്വർണ്ണപണയം (ഓവർ ഡ്രാഫ്റ്റ്) | 1192419.00 |
| വളം വിതരണം(ഓവർ ഡ്രാഫ്റ്റ്) | 294816.72 |

## പട്ടികജാതി സഹകരണസംഘം വില്ലൂർ Q. 848

വില്ലൂർ വാർഡിൽ സ്ഥിതി ചെയ്യുന്ന പട്ടികജാതി സർവ്വീസ് സഹകരണസംഘം (Q. 848) 18.4.1983 ലാണ് രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ചത്. സ്വന്തമായി കെട്ടിടവും 20 സെന്റ്

സ്ഥലവും സംഘത്തിനുണ്ട്. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങളും ഈ സംഘത്തിന്റെ പ്രവർത്തന പരിതിയിലാണ്. നിലവിൽ 550 അംഗങ്ങളുള്ള സംഘത്തിന്റെ പ്രവർത്തനം തൃപ്തികരമല്ല. ജില്ലാ ബാങ്കിൽ നിന്നും അഫിലിയേഷൻ ലഭിക്കാത്തതിനാൽ സംഘത്തിന് സർക്കാരിന്റെ ഗ്രാന്റിനെ മാത്രം ആശ്രയിക്കേണ്ടി വരുന്നു. സംഘത്തിന്റെ പ്രാരംഭ പ്രസിഡന്റായി ശ്രീ. മേലില കരുണാകരനും സെക്രട്ടറിയായി ശ്രീ. കെ.എ വിജയനും തുടർന്ന് വി.എ. രാജൻ ശ്രീ. ബി. തുളസിധരൻ, എന്നിവരും പ്രസിഡന്റായി പ്രവർത്തിച്ചു. നിലവിൽ ശ്രീ. ബി. വേണു പ്രസിഡന്റായും ശ്രീ. കെ. മണി സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

### പട്ടികജാതി സർവ്വീസ് സഹകരണസംഘം Q. 848

| | |
|---|---|
| അംഗീകൃത ഓഹരി മൂലധനം | 400,000 |
| പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 49000 |
| സർക്കാർ ഓഹരി | 13000 |
| വായ്പ | 15000 |
| കാർഷികേതര വായ്പ | 15000 |
| കാർഷിക വായ്പ | 60000 |

### ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ മൂന്ന് സംഘങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. ഇരുങ്ങൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘം 1991ൽ പ്രവർത്തനം ആരംഭിച്ചു. വർഷത്തിൽ 86,4000 ലിറ്റർ പാൽ ശേഖരിക്കുകയും 15120 ലീറ്റർ പാൽ പഞ്ചായത്തിലും 71280 ലിറ്റർ പാൽ പഞ്ചായത്തിന് പുറത്തും വില്ക്കുന്നു.

മേലില കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘം 1990 ൽ പ്രവർത്തനമാരംഭിച്ചു. ഒരു വർഷം 36000 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. പഞ്ചായത്തിൽ 10800 ലിറ്റർ വില്ക്കുന്നു.

ചേത്തടി കേന്ദ്രമായി പ്രവർത്തിക്കുന്ന സംഘം 1988 ലാണ് പ്രവർത്തനം ആരംഭിച്ചത്. ഒരു ഴർഷം 547500 ലിറ്റർ പാൽ ശേഖരിക്കുന്നു. പഞ്ചായത്തിൽ 14600 ലിറ്റർ പാലും പഞ്ചായത്തിന് പുറത്ത് 40150 ലിറ്റർ പാലും വില്ക്കുന്നു.

കക്കാ സഹകരണസംഘം, ചെങ്ങമനാട് A വാർഡിൽ കക്കാ സഹകരണസംഘം പ്രവർത്തിച്ചിരുന്നു. കുറച്ച് വസ്തുവും ഉണ്ട്. നിലവിൽ പ്രവർത്തനം ഇല്ല. മൾബറികൃഷി സഹകരണസംഘം ചെങ്ങമനാട് കേന്ദ്രമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രവർത്തനം ഇല്ല. വ്യവസായിക സഹകരണസംഘം ചെങ്ങമനാട് വില്ലേജ് ആഫീസിന് സമീപ് കുറച്ച് സ്ഥലം സംഘത്തിന്റെ പേരിലുണ്ട്. പ്രവർത്തനം ഇല്ല. നൂൽനൂൽപ്പ് സഹകരണസംഘം. രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചിരുന്നു. ഇപ്പോൾ പ്രവർത്തനം ഇല്ല. കൂടാതെ റബ്ബർ കർഷസംഘം ഈറ്റ സഹകരണസംഘം എന്നിവയും പ്രവർത്തിച്ചിരുന്നു.

### നിർദ്ദേശങ്ങൾ

1. കർഷകന് ദീർഘകാലവായ്പകൾ ഉൾപ്പെടെ എല്ലാ ഇനം വായ്പകളും കുറഞ്ഞ പലിശ നിരക്കിൽ കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം.
2. ഗവൺമെന്റിൽ നിന്നും കൂടുതൽ ഓഹരി എടുക്കുയും പ്രവർത്തനഗ്രാന്റ് കൊടുക്കുയും വേണം. ചിട്ടി നടപടികൾ ലഘൂകരിക്കേണ്ടതാണ്.
3. എല്ലാ കാർഷിക വിളകളും സംഭരിച്ച് വിപണനം നടത്തണം. ജാമ്യവ്യവസ്ഥ ലഘൂകരിക്കണം.
4. സ്വയം തൊഴിൽ ചെയ്യുവാനുള്ള വായ്പാ സഹായം സംഘത്തിൽ നിന്നും അംഗങ്ങൾക്ക് ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാകണം.
5. സംഘങ്ങൾക്ക് തുടർച്ചയായി വളം ലഭ്യമാക്കണം.
6. റബ്ബർ സംഭരണത്തിൽ മാർക്കറ്റിംഗ് ഫെഡറേഷൻ സംഘങ്ങൾക്ക് നല്കുന്ന കമ്മീഷൻ വർദ്ധിപ്പിക്കണം.
7. കർഷകർക്ക് ഒരു വർഷം ആവശ്യമായ വായ്പ മുൻകൂർ തിട്ടപ്പെടുത്തി ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കണം. സംഘത്തിൽ കൂടി എല്ലാ വിധ കാർഷിക ഉല്പന്നങ്ങളും സംഭരിച്ച് വിപണനം നടത്തുക.

8. സംഘം ഭരണസമിതിയുടെ കാലാവധി അഞ്ച് വർഷമായി സ്ഥിരപ്പെടുത്തുക. അതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുവാനാകും.

പട്ടികജാതി തൊഴിൽ രഹിതരായ യുവതീയുവാക്കളെ തൊഴിൽ പരിശീലിപ്പിക്കുവാനുള്ള ഒരു പലിശീലന കേന്ദ്രം ആവശ്യമാണ്. നിലവിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘത്തിന് ജില്ലാബാങ്കിൽ നിന്നും അഫിലിയേഷൻ നല്കുക. ചെറുകിട വ്യവസായയൂണിറ്റ് തുടങ്ങുന്നതോടൊപ്പം ഒരു ട്രാക്ടറോ, ട്രില്ലറോ അനുവദിക്കുക.

വെട്ടിക്കവല ബ്ലോക്ക് പരിധിയിലുള്ള കർഷകരുടെ പ്രധാന ഉല്പന്നമായ റബ്ബർ കുരുമുളക്, ഇഞ്ചി, തുടങ്ങിയ കാർഷിക വിളകൾ കർഷകരിൽ നിന്നും ന്യായമായ വിലയ്ക്ക് സംഭരണം നടത്തുവാനുള്ള സംവിധാനം ഉണ്ടാകണം. കോക്കനട്ട് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് സൊസൈററിയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന കൺസ്യൂമർ സ്റ്റോർ വഴി കുറഞ്ഞ വിലയ്ക്ക് ഉപഭോഗ സാധനങ്ങൾ കേരളസിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാകണം. അതുപോലെ സംഘത്തിന്റെ ആഭിമുഖ്യത്തിൽ റബ്ബർ, കൊപ്രാ എന്നിവയുടെ സംസ്കാരണം നടത്തുവാനുള്ള പദ്ധതികൾ തയ്യാറാക്കണം.

# V (11) പട്ടികജാതി പട്ടികവർഗ്ഗവികസനം

## ചരിത്രപശ്ചാത്തലം

പട്ടികജാതി പട്ടികവർഗ്ഗവികസനത്തെ കുറിച്ച് വിശകലനം ചെയ്യാൽ തുടങ്ങുമ്പോൾ ദേശീയ പ്രാദേശീയ മേഖലകളിൽ ഈ വിഭാഗ ക്കാരുടെ പൂർവ്വചരിത്രവും ഭരണഘടനാ പരവുമായി അവർക്കുള്ള നിയമപരമായ കാര്യങ്ങളെ കുറിച്ച് ചുരുക്കമായി അറിഞ്ഞി രിക്കുന്നത് നന്നായിരിക്കും.

പൂർവ്വഗ്രന്ഥമായ മനുസ്മൃതിയിൽ പ്രതിപാദിക്കുന്നതു പോലെ സമൂഹത്തിന്റെ പുറം തെരുവുകളിൽ അടിഞ്ഞു കൂടിയ വിഭാഗമാണ് പട്ടികജാതി-വർഗ്ഗക്കാർ ആനിലയ്ക്ക് തന്നെ ആവിഭാഗത്തെക്കുറിച്ച് പുറകോട്ട് ചിന്തിച്ചാൽ ചാതുർവർണ്യവ്യവസ്ഥയിൽ ഊട്ടി ഉറപ്പിക്ക പ്പെട്ടിരുന്ന സാമൂഹിക നിയമത്തിന്റെ നാലു വേലികൾക്കപ്പുത്തായിരുന്നു ആവിഭാഗത്തിന്റെ സ്ഥാനം. സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ മേഖലകൾ എന്തെന്നറിയാൻ അവകാശമി ല്ലാതിരുന്ന ഇവർക്ക് പൊതുകിണറുകളിൽ നിന്നും ദാഹജല മെടുക്കാനോ, വിദ്യാലയങ്ങളിൽ പോകുവാനോ, ദേവാലയങ്ങളിൽ പോകുവാനോ, മാന്യമായി വസ്ത്രധാരണം നടത്താൻ പോലുമുള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവരായിരുന്നു. ആടുമാടുകളെ പോലെ നാണയതുട്ടുകൾക്ക് വില്പന നടത്തപ്പെട്ടവർ, മാടുകൾക്കൊപ്പം കെട്ടി നിലമുഴുതുവാൻ പോലും വിധേയരായവർ. ഈ വിഭാഗത്തിന്റെ ദുഃഖകരമായ അവസ്ഥയിൽ സഹതപിക്കുകയും പരിഹാരത്തിനു ശ്രമിക്കുകയും ചെയ്ത സാമൂഹ്യപരിഷ്കർത്താക്കളും മനുഷ്യസ്നേഹികളുമായിരുന്നു. മഹാത്മാഗാന്ധിയും. ഡോ. ബി.ആർ. അംബേദ്കറും അയ്യൻകാളിയും ജവഹർലാൽനെഹ്റുവും.

1931-ൽ ബ്രിട്ടീഷ് ഭരണകാലത്ത് നിയമിതമായ സൈമൺ കമ്മീഷനിൽ വച്ച് ഈ വിഭാഗക്കാരുടെ ജാതിയും വർഗ്ഗവും സഹായം ലഭിക്കുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടു. (scheduled Caste and Tribe ) 19935-ലെ ഇന്ത്യൻ ആക്ടിൽ അത് അംഗീകരിക്കപ്പെട്ടു. 1936-ൽ ഇന്ത്യാ ഗവർണർ ജനറലിന്റെ പ്രത്യേക ഉത്തരവുമൂലം ആദ്യമായി പട്ടികജാതി പട്ടികവർഗ്ഗം എന്ന വർഗ്ഗവിഭജനം അംഗീകരിച്ചു നിലവിൽ വന്നു.. 1950-ൽ ഇന്ത്യ റിപ്പബ്ലിക്ക് ആയതോടെ ഭരണഘടനയിലെ 341-342 എന്നീ വകുപ്പ് പ്രകാരം അന്നത്തെ സ്റ്റേറ്റുകളിലെ ഗവർണ്ണർ ജനറൽ മാരോടും രാജപ്രമുക്കന്മാരോടും ആലോചിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പട്ടിക ഓരോ സ്റ്റേറ്റിലും യൂണിയൻ ടെറിറ്ററിയിലും തയ്യാറാക്കുകയും ഭരണഘടനയുടെ ഭാഗമായി അനുബന്ധിക്കുകയും ചെയ്തു. ഭരണഘടനയിലെ 336 C 24, 25 വകുപ്പ് ആർട്ടിക്കിൾ 15 C2, 154 എന്നിവയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതോടെ പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിന്റെ ക്ഷേമം രാഷ്ട്രത്തിന്റ പൂർണ്ണകടമയായി തീർന്നു.

## സ്ഥിതിവിവരം

1991-ലെ സെൻസസ് പ്രകാരം മേലില ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 21124 ആണ് ഇതിൽ 3804, പേർ പട്ടികജാതിക്കാരാണ്. പട്ടികവർഗ്ഗം വിഭാഗം ഈ പഞ്ചായത്തിലില്ല. ഏകദേശം 1450 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. 192-93-ൽ അനുവദിച്ച ചെങ്ങമനാട് അംബേദ് കർ കോളനി 1995-96 ൽ മൈലാടും പാറ ഐ.എച്ച്.ഡി.പി. കോളനി എന്നിവയാണ് പഞ്ചായത്തിൽ അംഗീകൃത കോളനിയായിട്ടുള്ളത്. പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന മറ്റു പല വാർഡുകളിലും കോളനിയായി അംഗീകരിച്ചിട്ടില്ല. മൈലാടും പാറ, വില്ലൂർ, നടുക്കുന്ന്, മേലില, ചെങ്ങമനാട്, ചേത്തടി, ഐപള്ളൂർ എന്നീ വാർഡുകളിൽ കാര്യമായ ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പഞ്ചായത്തിലെ മറ്റു വാർഡുകളിലെയും പട്ടികജാതിക്കാരുടെ നില തൃപ്തികരമല്ല. പാടത്തും പറമ്പിലും, പാറമടയിലും,

മറ്റ് കൂലി വേലയുടെ രംഗത്തും ഈ വിഭാഗത്തിലുള്ള തൊഴിലാളികളാണ് മുൻനിരയിലുള്ളത്. മുൻകാലങ്ങളിൽ നില നിന്നിരുന്ന വർഗ്ഗ, വർണ്ണ, വിവേചനങ്ങൾ ഇന്ന് പഞ്ചായത്തിൽ നിലവിലില്ല. പഞ്ചായത്തിലെ പട്ടികജാതി സംവരണമണ്ഡലം വില്ലൂർ ആണ്.

## പ്രശ്നങ്ങൾ

1. എല്ലാമേഖലയിലുമുള്ള തൊഴിലുമായി ഇവർ ബന്ധപ്പെടുന്നു എങ്കിലും ഭൂരിഭാഗവും കശുവണ്ടി, കർഷക തൊഴിലാളികളും മറ്റു കൂലിപണി തേടി പോകുന്നവരുമാകയാൽ ഇവർക്ക് ബന്ധപ്പെട്ട മേഖലയിൽ നിന്നും ഉപജീവനം കഴിയാൻ വേണ്ടി പോലുമുള്ള തൊഴിൽ ലഭിക്കുന്നില്ല. തൻഫലമായി ഇവരുടെ വരുമാനം നന്നേ കുറവാണെന്ന് കാണാം. മാത്രമല്ല തൊഴിൽ തേടി ഈ വിഭാഗം മറ്റു മേഖലകളിലേക്ക് പോകാൻ നിർബന്ധിതരാകുകയും ചെയ്യുന്നു.

2. സാമ്പത്തിക മേഖലയിൽ പട്ടികജാതിക്കാർ വളരെ പിന്നോക്കാവസ്ഥയിലാണ് പരാശ്രയമില്ലാതെ ദൈന്യംദിനജീവിതം നയിക്കാൻ കഴിയുന്ന തരത്തിലുള്ള സാമ്പത്തിക അടിത്തറയുള്ള വ്യക്തികൾ ഈ വിഭാഗത്തിൽ കേവലം 4% ത്തിന് താഴെയാണ്. ബാക്കിയുള്ളവർക്ക സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നു. ഈ വിഭാഗത്തിൽപ്പെട്ടവർ 70%ത്തോളം കാർഷിക മേഖലയിൽ നിന്നും മറ്റ് കൂലി വേലയിൽ നിന്നുമുള്ള വരുമാനത്തെ ആശ്രയിച്ചു ജീവിക്കുന്നവരാകയാൽ ഈ മേഖലയിലെ തൊഴിലില്ലായ്മ ദുഃഖകരമാണെന്നതിലുപരി പട്ടികജാതിക്കാരെ പട്ടിണിയിലേയ്ക്ക് തള്ളിയിട്ടുകൊണ്ടി രിക്കുകയാണ്.

## 3. വിദ്യാഭ്യാസ രംഗത്ത്

പട്ടികജാതിയിൽപ്പെട്ട വളരെയധികം ആളുകളും ആവശ്യമായ സാമാന്യവിദ്യാഭ്യാസം നേടിയിട്ടുള്ളവരാണ്. ഉപരിപഠനം നേടിയവരും അപൂർവ്വമായെങ്കിലും ഉണ്ട്. 10%ത്തോളം തൊഴിൽ വിദ്യാഭ്യാസം നേടിയവരും ഈ വിഭാഗത്തിലു ണ്ടെങ്കിലും തൃപ്തികരമായ നേട്ടം കൈ വരിക്കാൻ കഴിഞ്ഞിട്ടില്ല. മാത്രമല്ല വിദ്യാഭ്യാസരംഗത്ത് ഇന്ന് പിന്നോക്കം പൊയ്ക്കൊണ്ടിരിക്കുകയുമാണ്. പ്രത്യേകിച്ച് കുട്ടികളുടെ കാര്യത്തിൽ പഞ്ചായത്തിലെ, മൈലാടും പാറ, നടക്കുന്ന്, വില്ലൂർ, ഇരുങ്ങൂർ വാർഡുകളിൽ ഏകദേശം രണ്ടു കിലോമീറ്റർ ദൂരെയായിട്ടാണ് കുട്ടികൾക്ക് പ്രൈമറി സ്കൂളുകളുടെ നില നിൽക്കുന്നത്. തൽഫലമായി കുട്ടികൾക്ക് സ്കൂളിൽ പോകുവാനുള്ള താല്പര്യക്കുറവ് ഉണ്ടാകുകയും ക്രമേണ വിദ്യാഭ്യാസം നിലച്ചു പോവുകയോ, കൊഴിഞ്ഞു പോവുകയോ ചെയ്തു കൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ നേരിട്ടു കൊണ്ടിരിക്കുന്നത് ഭൂരിഭാഗവും പട്ടികജാതി വിഭാഗത്തിൽ തന്നെയാണത്.

## 4. ഗതാഗതം

ഗതാഗതരംഗത്ത് പട്ടികജാതിക്കാർ തിങ്ങിപാർക്കുന്ന മൈലാടും പാറ, മേലില, വില്ലൂർ, നടുക്കുന്നു, ചേത്തടി, ഐപ്പള്ളൂർ, ഇരുങ്ങൂർ, കിഴക്കേതെരുവ്, ചെങ്ങമനാട് എന്നീ വാർഡു കളിലും മറ്റുവാർഡുകളിലും അത്യാവശ്യമായി ഉണ്ടായിരിക്കേണ്ട നടവഴികളും, ചെറിയ പാലങ്ങളും, സ്ലാബുകളും റാംബുകളും വാഹനസൗകര്യമുള്ള വഴികളും ഇല്ല. തൽഫലമായി പട്ടികജാതി കേന്ദ്രങ്ങളിൽ എത്തുന്നതിന് വളരെ ബുദ്ധിമുട്ട് അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അത്യാഹിത സന്ദർഭ ങ്ങളിൽ പോലും ഒരു വാഹനം കയറി ചെല്ലാനുള്ള വഴി സൗകര്യമില്ലാത്ത പട്ടികജാതി കേന്ദ്രങ്ങളും, കോളനികളുമാണ് മിക്കവയും നിലവിലുള്ള പട്ടികജാതി കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ പോലും നിലവിലില്ല. ടാർ ചെയ്യുവാൻ അനുയോജ്യമായ കോളനി റോഡുകളുണ്ടെങ്കിലും ടാർ ചെയ്തിട്ടില്ല.

## 5. പാർപ്പിടം

പാർപ്പിടത്തിന്റെ കാര്യത്തിൽ, പഞ്ചായ ത്തിലെ 50% ലേറെ പട്ടികജാതിക്കാർക്ക് വാസയോഗ്യമായ പാർപ്പിടം ഇല്ലാത്തവരാണ്. 20%ത്തോളം പട്ടികവിഭാഗക്കാർ വീട് വയ്ക്കാനുള്ള സ്ഥലം ഇല്ലാത്തവരാണ്. വിവിധ ഏജൻസികൾ വഴി വീടുകൾ ലഭിക്കുന്നുണ്ടെങ്കിലും നില

തൃപ്തികരമല്ല. നടുക്കുന്നു വില്ലൂർ മേലില, മൈലാടും പാറ ഇരുങ്ങൂർ എന്നീ വാർഡുകളിലാണ് കൂടുതൽ വീട് ആവശ്യമുള്ളത്. മുൻകാലങ്ങളിൽ പഞ്ചായത്തിലെ പട്ടിക ജാതിക്കാർക്ക് ലഭിച്ചിട്ടുള്ള വീടുകളുടെ നിലയും വളരെ പരിതാപകരമായിരിക്കുന്നു. ഇത്തര ത്തിലുള്ള വീടുകളുടെ അറ്റകുറ്റപണി നടത്താനുള്ള സാമ്പത്തികം ഇല്ലാ എന്നതാണ് കാരണം. കുടിവെള്ളപ്രശ്നം പഞ്ചായത്തിൽ പ്രത്യേകിച്ചും പട്ടികജാതി കോളനികളിലും കേന്ദ്രങ്ങളിലും വളരെ രൂക്ഷമാണ്. കുടിക്കാനും കുളിക്കാനും കിലോമീറ്ററുകളോളം നടന്നും ചുമട്ടു വെള്ളം കൊണ്ടു വരേണ്ടതായി വരുന്നു. പട്ടികജാതി കേന്ദ്രങ്ങളിലും കോളനികളിലും മറ്റു പൊതുകിണറുകളിലും കുടിവെള്ള സംരക്ഷണ ത്തിനായിട്ടോ,. ശുദ്ധിയായി സൂക്ഷിക്കുന്നതിനോ ഉള്ള മുൻകരുതലുകൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. തൽഫലമായി കുടിവെള്ളം മലിനമാകാൻ ഉള്ള സാദ്ധ്യത വളരെയേറെയാണ്. കോളനികളിലെങ്ങും തന്നെ പൈപ്പ് ലൈൻ സംവിധാനം നിലവിലില്ല. കോളനികളിലും പട്ടികജാതി കേന്ദ്രങ്ങളിലും ശുദ്ധ ജലം ദൗർലഭ്യം ഉള്ളതിനാൽ പകർച്ചവ്യാധികളും രോഗങ്ങളും പടർന്നു പിടിക്കാനുള്ള സാദ്ധ്യതയേറെയാണ് ആയതിനു പരിഹാരമായി ശുദ്ധജല കിണറുകളുടെ കഴുത്തുകൾ കെട്ടുകയും ശുദ്ധജല ഉറവകൾ വേർതിരിച്ച് സംരക്ഷിക്കുന്നതിനും, ശുദ്ധജലവിതരണപദ്ധതികൾ നടപ്പാക്കുന്നതിനും അടിയന്തിരനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗക്ഷേമം മുൻനിർത്തി പഞ്ചായത്തിൽ സത്വരശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങളും സാദ്ധ്യതകളും

പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സാനിറ്റേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിൽ പട്ടികജാതി സങ്കേതങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.

പായ്നെയ്ത്ത്, കുട്ട, പരമ്പ്, എന്നിവയുടെ നിർമ്മാണം, വ്യവസായിടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. ഈ സംരംഭം തൊഴിൽ രംഗത്ത് നേട്ടമുണ്ടാക്കുന്നതാണ്.

അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പയും ധനസഹായവും പഞ്ചായത്തു മുഖേന നൽകുക.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും മിൽമാ സെന്ററുകൾ സ്ഥാപിക്കുക. സഹകരണ മേഖലയിൽ ഹോളോബ്രിക്സ് വ്യവസായം ആരംഭിക്കുക.

റെഡിമെയ്ഡ് വസ്ത്രങ്ങൾ കയറുപ്പന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ തൊഴിൽ പരിശീലന സ്ഥാപനങ്ങൾ സ്ഥാപിക്കുക.

പട്ടികജാതി സങ്കേതങ്ങൾക്ക് കൃഷിഭവൻ മുഖേന നൽകി വരുന്ന സഹായങ്ങൾ വർദ്ധിപ്പിക്കുകയും കാർഷിക ഉപകരണങ്ങൾ ലഭ്യമാക്കുകയും പ്രത്യേകിച്ച് പച്ചക്കറി ഇത്പാദന ത്തിൽ പ്രോത്സാഹനം നൽകുകയും ചെയ്യുക.

പഞ്ചായത്തിലെ സമർത്ഥരായ പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥി, വിദ്യാർത്ഥിനികളെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് പദ്ധതിയിൽ പ്രാധാന്യം നൽകി വിദ്യാഭ്യാസ പ്രോത്സാഹനം നൽകുക.

പട്ടികജാതി സങ്കേതങ്ങളിലും കോളനി കളിലുമുള്ള വാസയോഗ്യമല്ലാത്ത കുടുംബ ങ്ങൾക്ക് വീട് വയ്ക്കുന്നതിനും, നിലവിലുള്ള വീടുകൾ അറ്റകുറ്റപണി നടത്തുന്നതിനും ആവശ്യമായ സാമ്പത്തികം പദ്ധതിയിൽ മാറ്റിവയ്ക്കുക.

ഗവൺമെന്റിന്റെ അംഗീകാരത്തോടെ പട്ടികജാതി പെൺകുട്ടികൾക്ക് വേണ്ടി തയ്യൽ പരിശീലന കേന്ദ്രം ആരംഭിക്കുക. നിലവിലുള്ള പട്ടികജാതി സംവരണവാർഡ് അടുത്ത ഐ.എച്ച്.ഡി.പി. കോളനിയായി അംഗീകരി ക്കേണ്ടത് ആവശ്യമാണ്.

ഒന്നിലേറെ പട്ടികജാതി സങ്കേതങ്ങളുള്ള സ്ഥലങ്ങളെ കോളനിയായി അംഗീകരിക്കുക. ഈ വിഭാഗത്തിലുള്ളവരുടെ പുരയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ പദ്ധതിക്ക് രൂപം നൽകുക. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ സാംസ്കാരിക നിലവാരം മെച്ചമാക്കുന്നതിന് പ്രൈമറി സ്കൂളുകൾ സ്ഥാപിക്കുകയും സങ്കേതങ്ങളിൽ ലൈബ്രറിയും ടിവി. കിയോസ്ക്കും സ്ഥാപിക്കുക.

വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കുക. പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവത്തനം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിൽ ലക്ഷ്യമിടുക. പട്ടികജാതിക്കാരുടെ വീടുകൾ ഓലമേയുന്നതിനും ഓടു മേയുന്നതിനും ആവശ്യമായ ധനസഹായം പഞ്ചായത്തിൽ ഉണ്ടാകേണ്ടതുണ്ട്. സ്വന്തമായി കെട്ടിടം ഉണ്ടാവുകയും മറ്റു സംരക്ഷണനടപടികൾ ഉണ്ടാകുകും ചെയ്യുക. വില്ലൂർ കേന്ദ്രമായിട്ടുള്ള D.W.C.R.A. യൂണിറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്തു തലത്തിൽ പ്രത്യേകിച്ച് പരിഗണന നൽകുക. പഞ്ചായത്തിലെ പട്ടികജാതി സങ്കേതങ്ങളിലേക്കുള്ള സഞ്ചാരയോഗ്യമല്ലാത്ത റോഡുകളും വഴികളും സഞ്ചാരയോഗ്യമാക്കുക. നടുക്കുന്നു വാർഡിൽ മറുകച്ചാൽ കോളനി റോഡ് സഞ്ചാരയോഗ്യമാക്കേണ്ടതുണ്ട് മൈലാടുംപാറവാർഡിൽ മൂങ്ങോട്ടുചിറ ആഗ്രോ സെന്റർ കുന്നിക്കോട് റോഡ് ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കണം. പാറപ്പാട് പച്ചൂർ റോഡ് പൂർത്തികരിച്ച് സഞ്ചാരയോഗ്യമാക്കിയാൽ ചിരട്ടക്കോണം വാളകം ലിങ്കു റോഡാകുന്നതിലുപരി പാപ്പനാട് കോളനി നിവാസികൾക്ക് വളരെ ഉപയോഗമായിരിക്കും.

ചെങ്ങമനാട് അംബേദ്കർ കോളനിറോഡ് സഞ്ചാരയോഗ്യമാക്കുന്നതോടൊപ്പം കുന്നിക്കോട് പട്ടമല റോഡിന്റെ സമഗ്രവികസനം കൂടി ഉണ്ടാകേണ്ടതുണ്ട്. വില്ലൂർ ആന്നൂർ നാലുസെന്റ് കോളനി റോഡ് സഞ്ചാരയോഗ്യമാകേണ്ടത് വളരെ അത്യാവശ്യമാണ്. പഞ്ചായത്തിലെ പട്ടികജാതി കേന്ദ്രങ്ങളിലേക്കുള്ള എല്ലാ റോഡുകളും ടാർ ചെയ്തു സംരക്ഷിക്കേണ്ടതാണ്. ഇരുങ്ങൂർ വാർഡിലെ പൂന്നോട്ടു കോളനി റോഡ് അടിയന്തിരമായി, സഞ്ചാര യോഗ്യമാക്കി ബുദ്ധിമുട്ട് ഒഴിവാക്കേണ്ടതുണ്ട്.

വില്ലൂർ പ്ലാവിള ലക്ഷംവീട് കോളനി റോഡ്, വിളയിൽ കമുകുംകോട് റോഡ് ഓണവിള, മരുതൂർ റോഡ്, കുറ്റിങ്ങൽ, പനമ്പിലാ കോളനി റോഡ് ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുക. ചെങ്ങമനാട് നാരങ്ങാവിള ഭാഗം കോളനി റോഡ് ടാർ ചെയ്തു സഞ്ചാരയോഗ്യമാക്കുക. ആനൂർ പടിക്കൽ ഏലാറോഡ് സഞ്ചാരയോഗ്യമാക്കുക. പൂച്ചെടിവിള ഭാഗത്ത് കുഴൽ കിണർ സ്ഥാപിക്കുക.

## പട്ടികജാതി സർവ്വീസ് സഹകരണസംഘം

മേലില പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി വില്ലൂർ വാർഡിൽ Q-848-ാം നമ്പർ പട്ടികജാതി സർവ്വീസ് സഹകരണസംഘം പ്രവർത്തിച്ചു വരുന്നു. എന്നാൽ ജില്ലാ ബാങ്ക് അഫിലിയേഷൻ ഇല്ലാത്തതിലും കാര്യമായ പ്രവർത്തന മൂലധനമില്ലാത്തതിനാലും, ഈ സ്ഥാപനത്തിന് ലക്ഷ്യപ്രാപ്തിയിലെത്തുവാൻ കഴിയുന്നില്ല. സ്വന്തമായി 20 സെന്റ് സ്ഥലവും ഒരു കോൺക്രീറ്റ് കെട്ടിടവുമുണ്ട്. ടി. സ്ഥാപനത്തിന് പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി സഹകരണാടിസ്ഥാനത്തിലുള്ള തൊഴിൽ നടത്തുന്നതിനോ, തൊഴിൽ പരിശീലന കേന്ദ്രമായോ തെരഞ്ഞെടുത്തു നടത്തുവാനുള്ള സൗകര്യമുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുമൂലം ഇതിനു കഴിയുന്നില്ല. ആകയാൽ പഞ്ചായത്ത് പകുതിയിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാരുടെ വികസനത്തിനാവശ്യമായ പദ്ധതി പഞ്ചായത്ത് നേതൃത്വത്തിൽ ഉണ്ടാണമെന്ന് ഉദ്ദേശിക്കുന്നു.

# V (12) വിഭവസമാഹരണം

ഏതു വികസന പ്രവർത്തനത്തിനും അടിസ്ഥാനം അത് നടപ്പിലാക്കാനുള്ള വിഭവങ്ങളാണ്. അതില്ലെങ്കിൽ എത്ര ഗംഭീരമായി രൂപ കല്പന ചെയ്യുന്ന പദ്ധതിയും കടലാസു രേഖക്കപ്പുറവും കടക്കുയില്ല.

വിഭവങ്ങൾ, സമ്പത്തായു, അസംസ്കൃത വസ്തുക്കളായും, മനുഷ്യശേഷിയായും ഉണ്ടായിരിക്കണം. ആൾശേഷിയും, അസംസ്കൃത വസ്തുക്കളും ഇല്ലെങ്കിൽ സമ്പത്തുകൊണ്ട് അത് നേടിയെടുക്കാം പക്ഷേ, ആയിരം രൂപാ കൊണ്ട് തീർക്കാവുന്നതിന് അയ്യായിരം രൂപാ വേണ്ടി വരും.

പദ്ധതി ചെലവുകളെ രണ്ടായി തരം തിരിക്കാം. (1) പദ്ധതി പൂർത്തിയാവുന്നതു വരെയുള്ള ചെലവ് (2) അതിനുശേഷം വരുന്ന ചെലവുകൾ.

ജനകീയാസൂത്രണത്തിന്റെ മുഖ്യലക്ഷ്യം പദ്ധതി ചെലവും പദ്ധതി ഇതര ചെലവും പരമാവധി കുറച്ച്, വളരെ കൂടുതൽ നേട്ടം ഉണ്ടാക്കുക എന്നതാണ്.

അത് മുന്നിൽ കണ്ടു കൊണ്ടാണ് ജനകീയാസൂത്രണത്തിന് രൂപം കൊടുത്തിരിക്കുന്നത്. ഇടത്തട്ടിലെ ചോർച്ചയെ ഇല്ലാതാക്കി പദ്ധതി വിഹിതത്തിനൊപ്പം മനുഷ്യശേഷിയും കൂട്ടിച്ചേർത്ത് പദ്ധതി പ്രവർത്തനത്തിൽ ഇന്നേവരെയുണ്ടായില്ലാത്ത ഒരു കുതിച്ചു ചാട്ടം നടത്തുക.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സമ്പത്താണ് മുഖ്യപ്രശ്നം. പദ്ധതി വിഹിതവും മറ്റു ഗ്രാന്റുകളും മാത്രമാണ് ആശ്രയിക്കാവുന്നത്. പഞ്ചായത്തിന്റെ തനതു വരുമാനം തുലോം തുച്ഛമാണ്. വീട്ടുകരവും, മാട്ടിറച്ചിസ്റ്റാളും ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകയും വളരെ കുറച്ച് തൊഴിൽകര വമാണുള്ളത്. പഞ്ചായത്ത് പ്രവർത്തനത്തിന്റെ ചിലവും കറണ്ട് ചാർജ്ജും കഴിഞ്ഞാൽ മിച്ചം പരിമിതം. ആകയാൽ നാട്ടിലെ സുലഭമായ അസംസ്കൃത വസ്തുക്കളെ ഉപയോഗിച്ച് മനുഷ്യശേഷിയെ കൂട്ടി യോജിപ്പിച്ച് പദ്ധതി നടപ്പിലാക്കേണ്ടിയിരിക്കുന്നു.

മനുഷ്യശേഷിയെ പ്രയോജനപ്പെടുത്തണമെങ്കിൽ പദ്ധതികൾ ജനോപകാരപ്രദമായിരിക്കണം, അതിനായി പദ്ധതികൾക്ക് രൂപം കൊടുത്ത് ജനകീയ സഹകരണം നേടാവുന്നതാണ്. നാട്ടിലെ അസംസ്കൃത വസ്തുക്കളെ കണ്ടെത്തുകയും പദ്ധതി നടത്തിപ്പ് ജനങ്ങളെ ഏല്പിക്കാവുന്നതുമാണ്. 1990 മുതൽ 96 നവംബർ വരെയുള്ള പഞ്ചായത്തിന്റെ വരവു ചെലവുകൾ താഴെകൊടുക്കുന്നു.

മേലിലാ ഗ്രാമപഞ്ചായത്ത് വരവ് ചെലവ്
**1990 TO 1996 November**

| വർഷം | തനിവരവ് | ഗ്രാന്റ് | ചിലവ് |
|---|---|---|---|
| 1990-91 | 233618 | 391437 | 880577 |
| 1991-92 | 370055 | 411662 | 765948 |
| 1992-93 | 202249 | 648918 | 754298 |
| 1993-94 | 661459 | 1476780 | 1016305 |
| 1994-95 | 689616 | 471223 | 1038324 |
| 1995-96 | 704342 | 620123 | 2057917 |
| 1996-97 (11/96) | 238343 | 1344944 | 654238 |
| Do മറ്റ് ഡിപ്പാ | 1449050 | 762000 | 8970700 |

## വരവ്

പദ്ധതി ചെലവിലേക്ക് കിട്ടുന്ന ഫണ്ടും ഗ്രാന്റുകളും പഞ്ചായത്തിന്റെ തനതു ഫണ്ടും കഴിഞ്ഞാൽ പിന്നെയുള്ളത് സാമ്പത്തിക സ്ഥാപ

നങ്ങളായ ഇന്ത്യൻ ബാങ്കും മേലിലാ സർവ്വീസ് സഹകരണ ബാങ്കുമാണ്. ഇന്ത്യൻ ബാങ്കിൽ നിന്നും, സ്വയം തൊഴിൽ, കാർഷികം, I.R.D.P. എന്നീ സ്കീമുകൾക്ക് ലോൺ കൊടുക്കുന്നു. ബാങ്ക് ഡിപ്പോസിറ്റിന്റെ 60% പ്രാദേശിക ലോൺ കൊടുക്കുന്നു എന്നാണ് ബാങ്ക് മതം.

സർവ്വീസ് സഹകരണബാങ്കിന്റെ തുക മുഴുവനും ഈ പഞ്ചായത്തിലെ വിവിധ സ്കീമുകൾ അനുസരിച്ചുള്ള വായ്പയായി കൊടുക്കുന്നു.

### സഹകരണബാങ്കിന്റെ വായ്പാ വിവരം. മേലിലാ സർവ്വീസ് സഹകരണബാങ്ക് NO. Q 170

| | |
|---|---|
| അംഗങ്ങളിൽ നിന്നുള്ള ഓഹരി തുക | 73043 |
| സർക്കാർ ഓഹരി | 100000 |
| നിക്ഷേപം (എസ്.ബി) | 3239042 |
| ഫിക്സഡ് | 109622323.36 |
| വായ്പ ഹ്രസ്വകാലം | 200280 |
| കാർഷികേതര വായ്പ | 423760 |
| ബാങ്ക് ഫണ്ട് | 1932100 |

വ്യവസായ തത്പരരായ ആളുകളെ പഞ്ചായത്തിനകത്തു നിന്നും പുറത്തു നിന്നും കണ്ടുപിടിച്ച് മുതൽ മുടക്കിക്കിയും ഗൾഫ് നാടുകളിൽ പോയിട്ടുള്ളവരുടെ കൂട്ടു സംരംഭങ്ങൾ ഉണ്ടാക്കുകയും ചെയ്യാം.

പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച ഏകദേശധാരണ ഉണ്ടാക്കി കൊടുത്തെങ്കിൽ മാത്രമേ അതു സാധിക്കുകയുള്ളു.

പഞ്ചായത്തിന് മുൻഗണന കൊടുത്തു ചെയ്യാവുന്ന പരിപാടികളാണ്

(1) മാർക്കറ്റ് ആധുനികവത്ക്കരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കി അതിൽ വരുമാനം ഉണ്ടാക്കാവുന്നതാണ്. ഇപ്പോഴുള്ള പഴയ സ്റ്റാളുകൾ പൊളിച്ചു മാറ്റിയാൽ വിശാലമായ സ്ഥലം അവിടെ വിവിധ ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്താൻ കഴിയും.

(2) ജംഗ്ഷനിലെ വെയിറ്റിംഗ് ഷെഡ് നിൽക്കുന്ന സ്ഥലം മറ്റാവശ്യങ്ങൾക്കായി. (വാഹനങ്ങൾ പാർക്കുചെയ്യാൻ) ഉപയോഗിക്കാൻ കഴിയും. വാഹനം പാർക്കു ചെയ്യുന്നതിന് ഫീസ് ഈടാക്കാവുന്നതാണ്.

(3) ഇപ്പോഴുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ പിൻപുറത്തെ സ്ഥലത്ത് കെട്ടിടം പണിതു വ്യാപാരത്തിനും, ഓഫീസിനും, ലോഡ്ജിംഗിനും ഉപയോഗിച്ചു വരുമാനം ഉണ്ടാക്കാം.

പഞ്ചായത്തിലെ ഏകദേശം 10% മനുഷ്യശേഷി വികസനപ്രവർത്തനത്തിന് പ്രയോജനപ്പെടുത്താൻ കഴിയും. പഞ്ചായത്തിൽ കിട്ടാവുന്ന വസ്തുക്കൾ.

1. നെല്ല്
2. മരച്ചീനി
3. ഏത്തക്കാ
4. നാളികേരം
5. റബ്ബർ
6. കശുവണ്ടി
7. പഴങ്ങൾ (മാവ്, പ്ലാവ്, വാഴ)
8. കുരുമുളക്
9. ഇഞ്ചി
10. തൈലപുല്ല്
11. പാറ (കറുപ്പ്, വെള്ള)
12. വെട്ടുക്കല്ല്
13. കൈതച്ചക്ക
14. കുളങ്ങൾ
15. തടി

# V (13) കായികം വനം പരിസ്ഥിതി ടൂറിസം

## കായികം

കായികരംഗത്ത് ഭാരതത്തിന്റെ അവസ്ഥ ഏതു നിലവാരത്തിൽ നിൽക്കുന്നുവെന്ന് കഴിഞ്ഞ കുറെ വർഷങ്ങളിലെ അന്താരാഷ്ട്രമത്സരങ്ങളിൽ നിന്നും മനസിലാകും. ലോകജനസംഖ്യയിൽ രണ്ടാം സ്ഥാനത്തു നിൽക്കുന്ന ബൃഹത്തായ ഒരു രാജ്യം കേരളത്തിലെ ഒരു ജില്ലയുടെ അത്ര പോലുമില്ലാത്ത പൊട്ടു രാജ്യങ്ങളുടെയും പിന്നിൽ നിൽക്കേണ്ടി വരുനനത് ഭാരതീയരായ നമുക്കെല്ലാം നാണക്കേടാണ്.

വികസിത മുതലളിത്ത സോഷ്യനിസ്റ്റ് രാജ്യങ്ങളുടെ പടിക്കകത്ത് കയറ്റിയിട്ടില്ലാത്തതും ലോകനിലവാരമുള്ള കായിക മത്സരങ്ങളിൽ അംഗീകാരം കിട്ടിയിട്ടില്ലാത്തതും ബ്രിട്ടന്റെ കോളമികളായിരുന്ന കോമൺ വെൽത്ത് രാജ്യങ്ങളുടെ മാത്രം ഉച്ചിയിൽ പിടിച്ചതും സർവ്വോപരി ഏതൊരു വികസ്വരരാജ്യത്തിന്റേയും സാമ്പത്തിക നിലയെ തകർക്കാൻ പറ്റിയതുമായ ക്രിക്കറ്റ്, അറിഞ്ഞോ അറിയാതെയോ സർക്കാർ പോലും അമിത പ്രാധാന്യം കൊടുത്ത് പോഷിപ്പിക്കുന്നത് നാടിനോട്, നമ്മോട്, നമ്മുടെ അദ്ധ്വാനദിങ്ങളോട്. ചെയ്യുന്ന ക്രൂരതയാണ്. ആകാശവാണിയിയും ദൂരദർശനും വാർത്തയിൽ പരമപ്രാധാന്യം ക്രിക്കറ്റ് ന്യൂസിനാണ്. സർവ്വപ്രോഗ്രാമും മാറ്റി വച്ചാണ് ക്രിക്കറ്റ് കമൺടി നടത്തുന്നത്. പാവം മുഷ്യരുടെ കുട്ടികളുടെ, തലയിൽ ഈ വിഷം കയറ്റി ഭ്രാന്തു പിടിപ്പിക്കുന്നതുകൊണ്ടു തന്നയാണ് മറ്റു കായിക കലകളിൽ ശ്രദ്ധ തിരിക്കാൻ കുട്ടികൾക്ക് കഴിയാതെ പോകുന്നതും പ്രതിഭകൾ അറിയപ്പെടാതെ നഷ്ടപ്പെട്ടു പോകുന്നതും.

വികസനത്തെക്കുറിച്ചും പദ്ധതി നടത്തിപ്പിനെക്കുറിച്ചും ഇന്നേ വരെയുണ്ടായിരുന്ന സങ്കല്പവും രീതിയും പാടെ മാറ്റിത്തീർക്കുന്ന ജനകീയാസൂത്രണം കായികലയ്ക്ക് പ്രാധാന്യം കൊടുത്ത് വളർത്താനുള്ള കർമ്മ പരിപാടികൾ രൂപപ്പെടുത്തണം.

പൊങ്ങച്ച സംസ്കാരത്തിന്റെ ഭാഗമായി ഉണ്ടായിത്തീർന്നിട്ടുള്ള തക്കാളിക്കാ ശരീരമുണ്ടാക്കൽ, നമ്മുടെ കുട്ടികളെയും ചെറുപ്പക്കാരേയും അകാലവാർധ്യക്യത്തിലേക്കും രോഗത്തിലേക്കും ഹൃദ്രോഗം, പ്രമേഹം തുടങ്ങിയ മാരകരോഗങ്ങൾക്ക് കീഴ്പ്പെടുത്തുകയും ചെയ്യുന്നു. ശരീരികവും മാനസികവുമായ ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു രാജ്യത്തിന്റെ ഏറ്റവും വിലയ സമ്പത്ത്. അതുണ്ടാകണമെങ്കിൽ മെച്ചപ്പെട്ട സാമൂഹ്യചുറ്റുപാടുകളും സാമ്പത്തിക നിലയും നേടുന്നതിനൊപ്പം അദ്ധ്വാനവും അതിനു ശേഷമുള്ള മാനസികാരോഗ്യത്തിനായി നാനാതരം കളികളും നടത്തിയിരിക്കണം.

നമ്മുടെ പഞ്ചായത്തിൽ പൊതു കളിസ്ഥലങ്ങൾ എന്നു പറയാൻ ഒന്നും തന്നെയില്ല. ചെങ്ങമനാട് പബ്ലിക് മാർക്കറ്റി നകത്തു നിർമിച്ച ഓപ്പൺ എയർ ആഡിറ്റോറി യത്തിന്റെ സ്ഥലം വോളിബോൾ ബാറ്റ്മിന്റൻ എന്നിവയ്ക്ക് ഉപയോഗിക്കാം. ഒരു ഹൈസ്കൂൾ ഉള്ളതിന് കളിസ്ഥലത്തിനായി നീക്കിയിട്ടിരി ക്കുന്ന സ്ഥലം ഇനിയും അതിന് ഉപയോഗിക്കാൻ പറ്റിയ അവസ്ഥയിലല്ല. രണ്ട് യു.പി,. സ്കൂളുകൾക്കും കളിസ്ഥലമില്ല. ഒരു ഫുട്ബോൾ മാർച്ച് നടത്തണമെങ്കിൽ വെട്ടിക്കവല ഹൈസ്കൂൾ ഗ്രൗണ്ടാണ് ആശ്രയം.

### നിർദ്ദേശങ്ങൾ

1. പൊതു കളിസ്ഥലം ഉണ്ടാകണം.
2. സ്കൂളുകളിൽ നിർബന്ധമായും കുട്ടികളെ കായികകല പരിശീലിപ്പിക്കണം.

3. സ്പോർട്ട്സ് ക്ലബ്ബുകൾക്ക് തനത് ആസ്ഥാനവും കളിസ്ഥലവും സാമ്പത്തിക സഹായവും ഉണ്ടാകണം.

4. മെച്ചപ്പെട്ട സ്പോർട്ട്സ് ഉപകരണങ്ങൾ ക്ലബ്ബുകൾക്ക് വിതരണം ചെയ്യണം.

5. കായിക മേളകൾ സംഘടിപ്പിക്കണം.

6. കായിക പ്രതിഭകൾക്ക് ഉയർന്ന തലങ്ങളിലേക്ക് പോകാൻ സാമ്പത്തികസഹായവും സഹകരണവും ഉണ്ടാകണം.

7. പഞ്ചായത്ത് മേളകൾ പ്രതിഭകളെ കണ്ടെത്താൻ തക്ക പ്രാധാന്യം കൊടുത്തു നടത്തണം.

8. കായിക കലയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തണം.

## വനം

ആർക്കും തോന്നിയ പോലെ കൈകാര്യം ചെയ്യാൻ വേണ്ടിയുള്ളതാണ് വനം. എന്ന തോന്നൽ നമ്മിൽ അടിയുറച്ചു പോയി. കാട്ടിലെ തടി തേവരുടെ ആന എന്ന ചൊല്ലിന്റെ പിന്നിലെ പൊരുൾ ഇതു തന്നെയാണ്.

മനുഷ്യവർഗ്ഗത്തിന്റെ മാത്രമല്ല, ജീവിവംശത്തിന്റെയാകെ നിലനില്പിന് ആധാരം വനമാണെന്ന സത്യം, മനസിലാക്കാൻ നമ്മൾ ഇനിയും തയ്യാറായിട്ടില്ല. നമ്മുടെ കാലാവസ്ഥയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തകിടം മറിച്ചിലിന്റെ കാരണം മറ്റൊന്നുമല്ല. അതിവൃഷ്ടിയും അനാവൃഷ്ടിയും. രൂക്ഷമായ വരൾച്ചയും, വെള്ളപ്പൊക്കവും വനനശീകരണത്തിന്റെ അനന്തരഫലങ്ങളാണ്. വളരെ പ്രധാനമായി സൂര്യനിൽ നിന്നു വരുന്ന അൾട്രാവയലറ്റ് രശ്മികളിൽ നിന്നും ഭൗമണ്ഡലത്തിനുണ്ടാകുന്ന നാശത്തെ തടഞ്ഞു നിർത്തുനന ഓസോൺ റിംഗ്സിന് (ഹരിതവലയം) വിള്ളലുകൾ ഉണ്ടാകുന്നതും വനനശീകരണത്താലാണ്.

പഞ്ചായത്ത് ഏറിയായിൽ വനമില്ലെങ്കിലും അപൂർവ്വമായെങ്കിലും കാവുകളും, കൈതക്കാടുകളും, കുളപ്പാറമലയിലെ കുറ്റിക്കാടുകളും നശിച്ചു കൊണ്ടിരിക്കുന്നവയാണ്. വൈവിധ്യമാർന്ന ജൈവസമ്പത്താണ് നമ്മുടെ കാവുകൾ. ഈർപ്പമുള്ള കൈതക്കാടുകൾ അനന്തമായ ജീവിവർഗ്ഗങ്ങളുടെ ഘനിയാണ്. കുളപ്പാറയിലെ കുറ്റിക്കാടുകളിലും പാറക്കെട്ടു കളിലും കുരങ്ങുകൾ ഒതുങ്ങി മാറുന്നു. ഏക വിളത്തോട്ടങ്ങളും ഇലപൊഴിയുന്ന മരങ്ങൾ മാത്രമുള്ള കാടുകളും, വനത്തിന്റെ ശരിയായ നിർവചനത്തിൽ വരുന്നില്ല. ചെറുതെങ്കിലും കാവുകളിലെ ജൈവ വൈവിദ്ധ്യത്തെ നമുക്കു അപൂർവ്വമായ സമ്പത്താണ്. അതെങ്കിലും സംരക്ഷിക്കേണ്ട ചുമതല നമുക്കുണ്ട്. മണ്ണിന്റെ ഊർവരത നിലനിർത്താൻ കൈതക്കാടുകൾ നിലനിർത്തണം. ഇന്നും വേലികൾ നമ്മുടെ നാട്ടിൽ സാധാരണമാണ്. നശിച്ചു കൊണ്ടിരിക്കുന്ന നാനാതരം ഔഷധസസ്യങ്ങൾ കൊണ്ട് നമുക്കു വേലികൾ തീർക്കാം. വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് പച്ചപ്പുകളെ വ്യാപിപ്പിക്കാം. സാമൂഹ്യ വനവൽക്കരണത്തിലൂടെ നാട്ടിലെങ്ങും ഇറക്കി വച്ച അക്കേഷ്യപോലുള്ള വൃക്ഷങ്ങളെ കർശനമായും ഒഴിവാക്കുക. വനത്തിനേയും പച്ചപ്പിനേയും പറ്റി ജനങ്ങൾക്ക് ശരിയായ ബോധം ഉണ്ടാക്കിക്കൊടുക്കുക.

## പരിസ്ഥിതി

മാരകമായ പരിസ്ഥിതി പ്രശ്നങ്ങൾ നമ്മുടെ പഞ്ചായത്തിലില്ല. എങ്കിലും നമ്മുടെ കൃഷി ഭൂമികളിൽ പ്രയോഗിക്കുനന വിഷദ്രാവകങ്ങളും മറ്റും ഗുരുതരമായ അവസ്ഥയിൽ നമ്മുടെ ആരോഗ്യപ്രശ്നത്തെ മാറ്റിമറിച്ചിരിക്കുന്നു. ഭക്ഷണവും ജലവും വായുവും വിഷലിപ്തമായിരിക്കുന്നു. അതുമൂലമുണ്ടാകുന്ന രോഗങ്ങളെ എന്തു കൊണ്ടെന്ന് അന്വേഷിക്കാൻ തയ്യാറാകാതെ അലർജി എന്ന് പറഞ്ഞ് സമാധാനപ്പെടുന്നു.

വന നശീകരണവും, നിലങ്ങൾ നികത്തി സ്വാഭാവിക നീക്കൊഴുക്കുകളെ തടയുന്നതിനും കാലഹരണം വന്ന വണ്ടികൾ നിരത്തിലൂടെ ഓടിച്ചും മാരകമായ പുകകൊണ്ട് അന്തരീക്ഷം നിറയ്ക്കുന്നതും കശുവണ്ടി ഫാക്ടറികളിലെ പുകയും മലിനജലവും പരിസരങ്ങളിലാകെ അസഹ്യത സൃഷ്ടിക്കുന്നതും, കാതടച്ചു പോകുന്നു ശബ്ദഭീകരതയും, നമ്മുടെ പരിസ്ഥിതി

സന്തുലിതയെ താറുമാറുക്കുനു. എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായാലും ജീവിതം ദുരിതമാണെങ്കിൽ ആ നേട്ടങ്ങൾ കൊണ്ട് എന്തർത്ഥമാണുള്ളത്? പരിസ്ഥിതിയെക്കുറിച്ച് പറയുമ്പോൾ മേൽപറഞ്ഞ കാര്യം ആദ്യം ഓർമ്മയിൽ വച്ചാൽ പലതിനേയും നാശത്തിൽ നിന്നും കരകയറ്റി നിർത്താം.

## ടൂറിസം

ഉദാരവത്ക്കരണത്തിന്റെ വരവോടെ ലാഭകരമല്ലാത്ത ഒന്നും നിലനില്ക്കാൻ അർഹതയില്ലാത്തതായി മാറി. പ്രായമായ മാതാപിതാക്കൾ പോലും ഭാവിയിലെ അരക്ഷിതത്തെയോർത്ത് ഭയപ്പെടുന്നുണ്ട്. എന്നു പറഞ്ഞാൽ ലാഭത്തിന്റെ കണക്കിൽ മാത്രം എന്തും പരിഗണിക്കുന്ന അവസ്ഥയിൽ അവർ നഷ്ടമോ എന്നോർത്ത്.

മൂന്നാം ലോക രാജ്യങ്ങളിലെ ഒട്ടുമുക്കാലും, ഇത്തരം പരിതസ്ഥിതികളിലൂടെ മുന്നോട്ടു പോയി അവസാനത്തെ അത്താണിയായി പിടിച്ചു നിൽക്കുന്നതാണ് ടൂറിസം. അതാകട്ടെ സർവ്വനാശത്തിലേക്കുള്ള കരകയറാനാകാത്ത ഗർത്തത്തിന്റെ അവസാന പടിയിൽ നിൽക്കുന്നതും.

മാഫിയ സംഘങ്ങളുടെ ആഘോഷചാനലുകളാണ് ഇന്ന് ടൂറിസം.

മരണമല്ലാതെ മറ്റൊരു വഴിയും കാണാൻ കഴിയാത്ത മാരകരോഗങ്ങളുടെ വ്യാപനത്തിലെ പ്രധാന കണ്ണി ടൂറിസമാണ്. ഭാരതീയ സംസ്കാരത്തേയും സദാചാരമൂല്യങ്ങളേയും തകർത്തെറിഞ്ഞു കൊണ്ടിരിക്കുന്ന ഈ സംസ്കാരം. നമ്മുടെ സാമൂഹ്യഘടനയെത്തന്നെ തകർത്തെറിയുന്ന ഒരവസ്ഥയിലേക്ക് എത്താൻ അധികദൂരമില്ല. നേട്ടങ്ങളും കോട്ടങ്ങളും നാണയത്തുട്ടുകളുടെ എണ്ണം കൊണ്ട് കൂട്ടുകയും കിഴിക്കുകയും ചെയ്യാതെ ഏറ്റവും വലിയ സമ്പത്ത് മനുഷ്യനാണെന്ന് മനസിലാക്കാൻ ശ്രമിക്കാം.

# VI അവലോകനം

ഭാരതീയ ഗ്രാമങ്ങളുടെ സാമൂഹ്യഘടനയെ നിയന്ത്രിച്ചിരുന്ന അഞ്ചു പേരുടെ മേളനമാണ് പഞ്ചായത്ത്. അതിനെ സ്വാംശീകരിച്ചു കൊണ്ടാണ് രാഷ്ട്രപിതാവായ മഹാത്മജി തന്റെ ഹിന്ദ് സ്വരാജ് എന്ന ആശയം രൂപപ്പെടുത്തിയത്. അതു വീണ്ടും വളർന്ന് ഗ്രാമസ്വരാജായി., പഞ്ചായത്ത് രാജായി. ഈ ആശയം ഭാരതസാമൂഹ്യോദ്ധാരണ പ്രക്രിയയുടെ വിവിധ മേഖലകളിൽ പരീക്ഷണ നിരീക്ഷണങ്ങൾക്ക് വിധേയമായി, തട്ടിയും, തടഞ്ഞും, മുന്നോട്ടു നീങ്ങി, കാലാനുസൃതമായ മാറ്റങ്ങളോടെ പഞ്ചായത്ത് രാജ് നഗരപാലികാ ബില്ലായി അവതരിക്കയും, ഭരണഘടനാനുസൃതമായി സ്ഥാപിക്കപ്പെടുകയും ചെയ്തു.

ഭാരത സാമൂഹ്യ ചരിത്രത്തിലെ തികച്ചും നൂതനമായ ഒരു കർമ്മമാണ് ജനകീയാസൂത്രണത്തിലൂടെ കേരളത്തിൽ പരീക്ഷിക്കപ്പെടാൻ പോകുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതി.

നൂനതതയെ ഉൾക്കൊള്ളാനുണ്ടാകുന്ന കാലതാമസവും അനുഭവജ്ഞാനത്തിന്റെ അപര്യാപ്തയും നമ്മുടെ വികസനരേഖയുടെ രൂപപ്പെടുത്തലിൽ ഒട്ടേറെ പോരായ്മകൾക്ക് കാരണമായേക്കാം. എന്നിരുന്നാലും പരമാവധി വിവിരങ്ങൾ ശേഖരിച്ചു കൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിനായുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിലേക്കാവശ്യമായ അടിസ്ഥാനരേഖയായ വികസന രേഖ തയ്യാറാക്കാൻ നമുക്കു കഴിഞ്ഞിരിക്കുന്നു. അങ്ങനെ ഇന്നേ വരെ നടന്നു വന്ന വികസന പാതയിൽ നിന്നും ചുവടുമാറ്റി ചവിട്ടാനുള്ള നമ്മുടെ ശ്രമം ഒരു പരിധിവരെ നാം കടന്നു കഴിഞ്ഞിരിക്കുന്നു.

ഡിപ്പാർട്ടുമെന്റലിസത്തിന്റെ കേന്ദ്രീകൃത സ്വഭാവവും, തമ്മിൽ തമ്മിൽ ബന്ധപ്പെടാതെയുള്ള തന്നിഷ്ടങ്ങളും, തടസ്സങ്ങൾ സൃഷ്ടിക്കലും അതീവ ജാഗ്രതയോടെയുള്ള രഹസ്യസ്വഭാവവും അഴിമതിക്ക് അരങ്ങ് തകർക്കാനുള്ള അങ്കത്തട്ടായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞു. അതിനെ മാറ്റിത്തീർക്കാനുള്ള ശ്രമമാണല്ലോ ജനകീയാസൂത്രണം. ആസൂത്രണത്തിന്റെ കർമ്മഭൂമിയിലേക്കിറങ്ങാനുള്ള ചവിട്ടുപടിയായി, കൈപുസ്തകമായി ഈ വികസ രേഖയെ നമ്മുടെ മുന്നിൽ തുറന്നു വയ്ക്കാം. ഇനിയുള്ള ആസൂത്രണം ആരുടടെയും ആത്മനിഷ്ഠമോ, തന്നിഷ്ഠമോ അല്ലാത്തതിനാൽ ഈ രേഖയെ നന്നായി വിശകലനം ചെയ്ത് അനുപേക്ഷണീയമായവ എവിടെയെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അതിനെ അനുബന്ധമായി കൂട്ടിച്ചേർത്തു കൊണ്ട്, ഒമ്പതാം പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കുന്ന കർമ്മത്തിലേക്ക് കടക്കാം. ഇന്നലെയുടെ പോരായ്മകളെ കണ്ടെത്തി നാളെയുടെ നന്മകളിലേക്ക് നീങ്ങാം.

("ഓരോ വ്യക്തിയും സമൂഹത്തിനു വേണ്ടി ആത്മാർപ്പണം ചെയ്യാൻ തയ്യാറുള്ളവരായിരിക്കണം, വ്യക്തികളുടെ താല്പര്യങ്ങളെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ സമൂഹവും തയ്യാറാകണം")

*("മഹാത്മഗാന്ധി.")*



എബ്രഹാം കൊയ്പ്പള്ളി

# ഗ്രാമകന്യ

ഗിരിശൃംഗങ്ങളിൽത്തട്ടി, തട-
യൊഴിഞ്ഞാലസ്യം വെടിഞ്ഞാർദ്രമായ്
മെല്ലെയരിച്ചിറങ്ങി, മലപ്പള്ള
ച്ചേർന്നാഴ്ന്നടിത്തട്ടിലെ യൂഷര
ഭൂമിക്കു കുളിരേകാനെത്തുന്ന നീർമേഘ
കാമനി, പഞ്ചായത്ത് രാജ്.

തസ്സങ്ങളേറെയുണ്ടെങ്കിലും,
നിമ്ന തടങ്ങളിലിരുളിന്റെ
കുടിലിൽ യുഗങ്ങളായ്, മോഹ-
ച്ചെരാതും തെളിച്ചിരിക്കും, ഗ്രാമ-
കന്യയെ, തൻ കരങ്ങളിലേന്താൻ
കാതങ്ങൾ കടന്നെത്തുന്നമാരൻ

സ്വപ്നങ്ങളൊക്കെയും കാലുകളേന്തി, യീ
ഗ്രാമത്തിൽ മൺപാതയിലൂടെ
കൺമുന്നിലായി നടന്നടുക്കുന്നതും
നിഴലുകളെല്ലാം രൂപമായി
രൂപവൃന്ദമായി, വൻവൃക്ഷമായി
നാടിനും നല്ല തണലൊരുങ്ങുന്നതും
തൂവൽ കുരുന്നുപോൽ മൊട്ടിട്ടു വന്നിടും
കാഴ്ചകൾ കണ്ടാത്മ വർഷയായി
യുഗപരിവർത്തനം സാക്ഷിയായി
കാലചക്രത്തിനു പൊൻകാലുറപ്പിക്കു
മിതിഹാസകഥയിലെ നായികയാ
യൊരുങ്ങി നിൽക്കുന്നു, യീ ഗ്രാമകന്യ


മേലില ഗ്രാമപഞ്ചായത്ത്